# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 7, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--407]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 1 മുതൽ 178 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 179 മുതൽ 275 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 276 മുതൽ 305 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 306 മുതൽ 407 വരെ |

**<u>നവകേരളസദസ്സ്</u>**

1 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളസദസ്സിന്റെ ഭാഗമായി മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളും അവയുടെ സ്ഥിതി വിവരവും ലഭ്യമാക്കുമോ?

**<u>സ്വകാര്യ വ്യക്തികളിൽ നിന്ന് ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള തീരുമാനം</u>**

2 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിനാലൂരിൽ എ.ഐ.ഐ.എം.എസ് സ്ഥാപിക്കുന്നതിനായി എത്ര ഭൂമിയാണ് സ്വകാര്യ വ്യക്തികളിൽ നിന്ന് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്; അതുമൂലം പ്രസ്തുത ഭൂമിയിലെ എത്ര വീടുകളാണ് നഷ്ടപ്പെടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് കിനാലൂരിൽ എ.ഐ.ഐ.എം.എസ് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുന്ന ഭൂമി ഉപയോഗിച്ച് നിലവിൽ ബാങ്ക് ലോണിനോ മറ്റ് ക്രയവിക്രയം നടത്താനോ കഴിയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എ.ഐ.ഐ.എം.എസ് സ്ഥാപിക്കുന്നതിനായി കിനാലൂരിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ കാലതാമസം വരുന്നു എന്ന കാര്യം സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കുമോ; വിശദമാക്കാമോ?

## പി.എസ്.സി. പരീക്ഷകളിൽ ന്യൂനതകളില്ലാത്ത ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് നടപടി

3 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ നടന്ന ഏതെല്ലാം പി.എസ്.സി. പരീക്ഷകൾക്ക് അന്തിമ ഉത്തര സൂചികകളിലെ ന്യൂനതകാരണം ചോദ്യങ്ങൾ ഒഴിവാക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പരീക്ഷകളും ഒഴിവാക്കിയ ചോദ്യങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) പി.എസ്.സി. നടത്തുന്ന തൊണ്ണൂറ് ശതമാനം പരീക്ഷകളിലും അഞ്ച് ശതമാനത്തോളം ചോദ്യങ്ങൾ ഉദ്യോഗാർത്ഥികളുടെ ആത്മവിശ്വാസം തകർക്കുന്നവിധം അന്തിമ ഉത്തര സൂചികയിൽനിന്നും ഒഴിവാക്കേണ്ടി വരുന്ന സാഹചര്യം എങ്ങനെ സംജാതമാകുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി. പരീക്ഷകൾക്ക് ന്യൂനതയില്ലാത്ത ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ചവറ നിയോജക മണ്ഡലത്തിലെ കന്നേറ്റി മുതൽ കാവനാട് വരെയുള്ള ദേശീയ പാത 66-ന്റെ നിർമ്മാണം

4 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിലെ കന്നേറ്റി മുതൽ കാവനാട് വരെയുള്ള ദേശീയ പാത 66-ന്റെ നിർമ്മാണം മന്ദഗതിയിൽ ആയതിനാൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഗതാഗത നിയന്ത്രണങ്ങൾ മൂലം അപകടങ്ങൾ കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകളും കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് ലൈനും, പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നത് വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ;

(സി) സർവ്വീസ് റോഡുകളുടെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ചങ്ങനാശേരി മണ്ഡലത്തിൽ പി.എം.ജെ.വി.കെ പദ്ധതി പ്രകാരം അനുവദിച്ച പ്രവർത്തികൾ

5 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എം.ജെ.വി.കെ ( പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം ) പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ

ഏതെല്ലാം പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

**<u>പി.എസ്.സി. നിയമനം</u>**

6 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 390/2018 പ്രകാരം പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (LMV) ഉദ്യോഗാർത്ഥികൾക്ക് നിലവിൽ ഒഴിവുള്ള പോസ്റ്റിലേക്ക് നിയമനം നടത്തുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ;

(സി) 2025 ജനുവരിയിൽ അവസാനിക്കുന്ന പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിലവിലെ ഒഴിവുകളിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ ഒഴിവുണ്ടായിരുന്നിട്ടും പ്രസ്തുത പോസ്റ്റിലേക്ക് നിയമനം നടത്തുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**<u>സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശിക സംബന്ധിച്ച് ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവന</u>**

7 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഒരു സാമ്പത്തിക വർഷം 2 ഗഡു ക്ഷാമബത്ത നൽകുമെന്നും നിലവിലുള്ള ക്ഷാമബത്ത കുടിശികകളും ശമ്പള പരിഷ്കരണ കുടിശികയും അനുവദിക്കുന്നതു സംബന്ധിച്ച് പ്രത്യേക ഉത്തരവിറക്കുമെന്നും ചട്ടം 300 പ്രകാരമുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ എന്തു നടപടിയാണ് നാളിതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ചെറായി, മുനമ്പം പ്രദേശങ്ങളിലെ വഖഫ് ബോർഡ് അവകാശവാദം</u>**

8 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി, മുനമ്പം പ്രദേശങ്ങളിലെ 600 ഓളം കുടുംബങ്ങൾ വർഷങ്ങളായി താമസിക്കുന്ന വസ്തുവകകളിൽ വഖഫ് ബോർഡ് അവകാശവാദം ഉന്നയിച്ചതിനെ തുടർന്ന് ഈ വസ്തുവകകൾ ആധാരപ്രകാരം കൈവശം വച്ചനുഭവിക്കുന്നവർ നേരിടുന്ന ഭയാശങ്കകൾ ദൂരീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) വിവാഹം, വിദ്യാഭ്യാസം, ചികിത്സ എന്നിവ ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങൾക്കായി വായ്പ എടുക്കാനും കൈമാറ്റം ചെയ്യുവാനും മറ്റും സാധിക്കാത്തതിനാൽ ഇതു സംബന്ധിച്ച് കോടതിയിലുള്ള കേസുകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് നിലവിലുള്ള കേസുകൾ ഏതൊക്കെയെന്നും കേസുകളുടെ ഉള്ളടക്കവും നിജസ്ഥിതിയും എന്തെന്നും വിശദമാക്കാമോ;

(ഡി) 2115-ാം നമ്പറായി 1950-ൽ വഖഫ് ആധാരം ചെയ്തെന്ന് അവകാശപ്പെടുന്ന 404.76 വസ്തുവകകൾ 25.09.2019-ൽ മാത്രം ബോർഡിൽ സ്വമേധയാ രജിസ്റ്റർ ചെയ്യാനുള്ള കാരണവും രജിസ്റ്റർ ചെയ്യാനുള്ള കാലതാമസത്തിനുള്ള കാരണവും വിശദമാക്കാമോ;

(ഇ) ചെറായി, മുനമ്പം മേഖലയിലെ വഖഫ് പ്രശ്നം രണ്ട് വിഭാഗക്കാർ തമ്മിലുള്ള തർക്കങ്ങളിലേക്കും സംഘർഷങ്ങളിലേക്കും വളരാതിരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## പി. എസ്. സി. പരീക്ഷാഹാളിൽ ക്ലോക്ക് സ്ഥാപിക്കാൻ നടപടി

9 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. പരീക്ഷയെഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാസമയത്ത് ഏതെങ്കിലും തരത്തിലുള്ള വാച്ച് അനുവദനീയമാണോ; സ്മാർട്ട് വാച്ച് ഒഴികെയുള്ള വാച്ചുകൾ അനുവദിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. പരീക്ഷാസെന്ററുകളിലെ എല്ലാ ഹാളുകളിലും ക്ലോക്ക്, സമയമറിയുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ എന്നിവ ഒരുക്കി നൽകാറുണ്ടോ; ഇല്ലെങ്കിൽ ഇവ സജ്ജമാക്കി നൽകാത്തതിനാൽ ഉദ്യോഗാർത്ഥികൾക്ക് സമയനിഷ്ഠയോടെ പരീക്ഷയെഴുതുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.എസ്.സി. പരീക്ഷയെഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് വാച്ച് ഒഴികെയുള്ള വാച്ച് അനുവദിക്കുന്നതിനും സെന്ററുകളിലെ ഓരോ ഹാളിലും ക്ലോക്ക് സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

## സി.എം.ഒ. പോർട്ടലിൽ ഓസ്പിൻ കമ്പനിയുടെ സോഫ്റ്റ്‌വെയർ

10 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിന്റെയോ ഐ. ടി. വകുപ്പിന്റെയോ അനുമതിയോടെയാണോ സി-ഡിറ്റ് എന്ന സ്ഥാപനം സി.എം.ഒ. പോർട്ടലിൽ ഓസ്പിൻ എന്ന കമ്പനിയുടെ സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) സി-ഡിറ്റ് സ്വന്തമായി നിർമ്മിച്ച സോഫ്റ്റ്‌വെയർ മാറ്റി സി. എം. ഒ. യിൽ ഓസ്പിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ; പ്രസ്തുത മാറ്റം തീരുമാനിച്ച മിനിറ്റ്സ്/ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ സി.എം.ഒ. പോർട്ടലുമായി ബന്ധപ്പെട്ട് ഓസ്പിൻ എത്ര തുകയുടെ ഇൻവോയിസ് ഇതുവരെ നൽകിയിട്ടുണ്ടെന്നും എത്ര തുക സി-ഡിറ്റ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഓസ്പിൻ എന്ന കമ്പനിയുടെ പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിലേക്ക് സി.എം.ഒ. ആപ്ലിക്കേഷൻ ബന്ധിപ്പിച്ചതിന്റെ സാമ്പത്തിക ബാധ്യത, ഡേറ്റാ ചോർച്ച, സ്വകാര്യ സോഫ്റ്റ്‌വെയർ സൃഷ്ടിക്കുന്ന മറ്റ് പ്രശ്നങ്ങൾ ഉൾപ്പടെയുള്ള പ്രത്യാഘാതങ്ങൾ

ഇതുവരെ പരിശോധിച്ചിട്ടില്ലെങ്കിൽ പരിശോധിക്കാൻ സർക്കാർ നിർദ്ദേശം നൽകുമോ?

## പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

11 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി പ്രതിവർഷം എത്ര പരീക്ഷകൾ നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര റാങ്ക് ലിസ്റ്റുകൾ 2023-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) 2023-ൽ നടത്തിയ പരീക്ഷകളിൽ ഇനിയും പ്രസിദ്ധീകരിക്കാനുള്ള റാങ്ക് ലിസ്റ്റുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ എല്ലാം കാലാവധി ഒന്നുതന്നെയാണോ; വിശദമാക്കാമോ;

(ഇ) നിശ്ചിത സമയം കഴിഞ്ഞിട്ടും നിലവിലെ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ അത് ഏതിനൊക്കെയാണെന്ന് വിശദമാക്കാമോ; കാലാവധി നീട്ടിക്കൊടുക്കുന്നതിന് എന്ത് മാനദണ്ഡമാണ് പരിഗണിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

## ശമ്പള പരിഷ്കരണ-ക്ഷാമബത്ത കുടിശ്ശിക

12 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും കൊടുത്തു തീർക്കാനുള്ള 2019 ലെ ശമ്പള പരിഷ്കരണ കുടിശ്ശിക എന്ന് നൽകും; സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക എന്ന് കൊടുത്ത് തീർക്കും; വിശദമാക്കാമോ ;

(ബി) ചട്ടം 300 പ്രകാരം 2024 ജൂലൈ 10 ലെ മുഖ്യമന്ത്രിയുടെ പ്രസ്താവന അനുസരിച്ചുള്ള ശമ്പള പരിഷ്കരണ, ക്ഷാമബത്ത കുടിശ്ശിക സംബന്ധിച്ച പ്രത്യേക ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കും; 2024 ജൂലൈ 1 മുതൽ നൽകേണ്ടിയിരുന്ന ശമ്പള പരിഷ്കരണത്തിനായി കമ്മീഷനെ നിയമിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവനകൾ

13 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി നിയമസഭയുടെ നടപടിക്രമം സംബന്ധിച്ച ചട്ടം 300 അനുസരിച്ച് നിയമസഭയിൽ നടത്തിയ പ്രസ്താവനകൾ ഏതൊക്കെ; ഇതിൽ ഏതൊക്കെ നടപ്പിലാക്കി; നടപ്പാക്കിയവയ്ക്ക് എത്ര തുക അനുവദിച്ചു;

(ബി) നടപ്പിലാക്കാത്ത പ്രഖ്യാപനങ്ങൾ ഏതൊക്കെ; ഇവ എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ആശ്രിത നിയമനം

14 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പഞ്ചായത്തിൽ കോയിപറമ്പ് വീട്ടിൽ ശ്രീമതി അനിത സാംസൺ തന്റെ ദത്തെടുത്ത മകൾക്ക് ആശ്രിതനിയമനം ലഭിക്കുന്നതിനായി നവകേരള സദസ്സിൽ നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ നിലവിൽ ആരുടെ പക്കലാണെന്നും ആയതിന്റെ ഫയൽ നമ്പർ എത്രയാണെന്നും അറിയിക്കാമോ?

## നവകേരള സദസ്സുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ

15 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നവ കേരള സദസ്സിനുശേഷം മണ്ഡലങ്ങളിൽ പുതിയ പ്രവർത്തികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവർത്തികളാണെന്നും തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) നവകേരള സദസ്സിനുശേഷം അനുവദിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവർത്തിക്കുമുള്ള തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നവകേരള സദസ്സിൽ നിന്ന് ആർജ്ജിച്ച അനുഭവത്തിന്റെയും അറിവിന്റെയും അടിസ്ഥാനത്തിൽ ജനജീവിതം സുഗമമാക്കുന്നതിനും സാങ്കേതികത്വം മറികടക്കുന്നതിനും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## പേഴ്സണൽ സ്റ്റാഫിനുള്ള പെൻഷനേഴ്സ് ഐ.ഡി. കാർഡ്

16 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവർ പെൻഷനാകുമ്പോൾ പെൻഷനേഴ്സ് ഐ.ഡി. കാർഡ് നൽകുന്നതിന് വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ ഏതു സെക്ഷനിൽ നിന്നാണ് പ്രസ്തുത കാർഡ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും അതിനായി

സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തിരിച്ചറിയൽ കാർഡ് നിലവിൽ നൽകുന്നില്ലെങ്കിൽ അത് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## സാലറി ചലഞ്ച്

17 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരിതാശ്വാസത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സാലറി ചലഞ്ചിൽ പങ്കെടുത്ത ജീവനക്കാരുടെ എണ്ണം ലഭ്യമാക്കാമോ ; ഇതിൽ ശമ്പളത്തിൽ നിന്നും / പ്രൊവിഡൻ്റ് ഫണ്ടിൽ നിന്നും / ലീവ് സറണ്ടറിൽ നിന്നും സംഭാവന നൽകിയവരുടെ എണ്ണം ഇനം തിരിച്ച് നൽകാമോ;

(ബി) ഈ ചലഞ്ചിലൂടെ ഓഗസ്റ്റ് മാസത്തെ ശമ്പളം / പി.എഫ്. / ആർജ്ജിതാവധി സറണ്ടർ എന്നിവയിലൂടെ ആദ്യ ഗഡുവായി എത്ര രൂപ ഒരോ ഇനത്തിലും സംഭാവനയായി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ; ഇതിന് ആനുപാതികമായി അടുത്ത രണ്ട് ഗഡുക്കളിൽ ഓരോ വിഭാഗത്തിലൂടെയും എത്ര രൂപ ലഭിക്കും ; വ്യക്തമാക്കാമോ ?

## ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർ നിയമനം

18 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വകുപ്പുകളിൽ അസോസിയേറ്റ് പ്രൊഫസർ നിയമനം നടത്തുന്നതിനായി 16.11.2023 തീയതിയിൽ കേരള പി.എസ്.സി പുറപ്പെടുവിച്ച തിരുത്തൽ വിജ്ഞാപനം (കാറ്റഗറി നമ്പർ.168/2023 മുതൽ 178/2023 വരെ) 2019-ലെ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് മെഡിക്കൽ എജ്യൂക്കേഷൻ (ടീച്ചിങ്) സർവീസസ് സ്പെഷ്യൽ റൂൾസും, യു. ജി.സി മാനദണ്ഡവും ലംഘിച്ചുകൊണ്ടാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തിരുത്തൽ വിജ്ഞാപനത്തിൽ സർക്കാർ നിർദ്ദേശമോ കോടതി ഉത്തരവോ ഇല്ലാതെ നിയമനത്തിനായുള്ള യോഗ്യതയിലും പ്രവൃത്തി പരിചയത്തിലും സ്വന്തം നിലയിൽ ഇളവ് നൽകുന്നതിന് പി.എസ്.സി.ക്ക് അധികാരമുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഞാപന പ്രകാരം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർഥികളിൽ സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ/ഗസ്റ്റ് ലക്ചറർ തസ്തികയിൽ സേവനം അനുഷ്ഠിച്ച് വരുന്നുവെന്ന് പ്രവർത്തന പരിചയ സർട്ടിഫിക്കറ്റ് നൽകിയ അപേക്ഷകരുടെയും, സംസ്ഥാനത്തെ ഗവ.മെഡിക്കൽ കോളേജുകളിൽ നിന്നും താൽകാലിക അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും അസിസ്റ്റന്റ് പ്രൊഫസർ /ഗസ്റ്റ് ലക്ചറർ തസ്തികയിൽ ജോലി

ചെയ്തതിന്റെ അടിസ്ഥാനത്തിൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ നൽകിയവരുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകർ സമർപ്പിച്ച സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിന്മേൽ കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം (OP (KAT) 428 of 2023) എക്സിക്യൂട്ടീവ് ഉത്തരവുകൾക്ക് സ്പെഷ്യൽ റൂൾസ് മറികടക്കാൻ സാദ്ധ്യമല്ല എന്ന തീർപ്പിന്റെ അടിസ്ഥാനത്തിൽ അസോസിയേറ്റ് പ്രൊഫസർ നിയമന നടപടിയുടെ ഭാഗമായി യോഗ്യത, പ്രവൃത്തി പരിചയം എന്നിവ സംബന്ധിച്ച് പി.എസ്.സി. സ്വന്തം നിലയിൽ വരുത്തിയ തിരുത്തൽ വിജ്ഞാപനം ചട്ട വിരുദ്ധവും നിയമവിരുദ്ധവുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമന നടപടികൾ നിർത്തിവയ്ക്കുന്നതിന് പി.എസ്.സി. ക്ക് നിർദേശം നൽകുമോ; വിശദമാക്കാമോ?

## <u>സർക്കാർ സേവനങ്ങൾ ഓൺലൈൻ ആക്കുന്ന നടപടി</u>

19 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ; ജനങ്ങൾ സർക്കാർ ഓഫീസുകളിൽ കയറി ഇറങ്ങേണ്ട അവസ്ഥ പരിഹരിക്കാൻ അടിയന്തര നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

## <u>സ്പാർക്കധിഷ്ഠിത ഓൺലൈൻ പൊതുസ്ഥലമാറ്റം</u>

20 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പാർക്കധിഷ്ഠിത ഓൺലൈൻ പൊതുസ്ഥലമാറ്റം നടപ്പിൽ വരുത്താത്ത എത്ര വകുപ്പുകൾ നിലവിലുണ്ട് ; ഓൺലൈൻ സ്ഥലമാറ്റം നടപ്പിലാക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിൽ വരുത്താത്ത എത്ര വകുപ്പുകൾ നിലവിലുണ്ട് ;

(ബി) വകുപ്പുകളിൽ ഓൺലൈൻ സ്ഥലമാറ്റം സമയബന്ധിതമായി നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## <u>എൽ.ഡി.സി., ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ</u>

21 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൽ.ഡി.സി., ലാസ്റ്റ് ഗ്രേഡ് എന്നീ തസ്തികകളിൽ നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; എങ്കിൽ അവയിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രസ്തുത തസ്തികകളിൽ നിയമനം നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പായി പരമാവധി ഉദ്യോഗാർഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനവുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ നടപടികൾ

22 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ അടുത്ത ബാച്ചിന്റെ നിയമനവുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആദ്യ ബാച്ചിൽ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്?

## പി.എസ്.സി. നിയമനം

23 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിലായി പി.എസ്.സി. നൽകിയ നിയമന ശിപാർശകളുടെ റാങ്ക് ലിസ്റ്റുകൾ തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളിലാണ് ഇനിയും നിയമന ശിപാർശകൾ നല്കാൻ ബാക്കിയുള്ളതെന്ന് തസ്തിക തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ ?

## എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

24 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. യുടെ നിയമനശിപാർശ പ്രകാരം വിവിധ ബോർഡുകൾ, കമ്പനികൾ എന്നിവയിലേക്ക് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയിൽ പ്രവേശിക്കാത്ത സാഹചര്യത്തിൽ ചട്ടപ്രകാരം എൻ .ജെ. ഡി ഒഴിവുകൾ എത്ര ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യണം; വിശദമാക്കുമോ;

(ബി) പ്രസ്തുത ചട്ടം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് പിഎസ്‌സി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സമയബന്ധിതമായി എൻ. ജെ. ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) എൻ. ജെ. ഡി. ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## സെക്രട്ടേറിയറ്റിലെ താൽക്കാലികാടിസ്ഥാനത്തിലുള്ള നിയമനം

25 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച എത്രപേർ ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലായി ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ; 2016 മെയ് മാസം മുതൽ നടന്നിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ;

(ബി) ഇപ്രകാരം നിയമിക്കപ്പെട്ട ജീവനക്കാരുടെ പേര്, വിലാസം, നിയമനം നൽകിയ വകുപ്പ്, നിയമനം നൽകിയ തസ്തിക, നിയമന രീതി, ഏതെങ്കിലും സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടതാണെങ്കിൽ ആ വിവരം എന്നിവ ലഭ്യമാക്കാമോ;

(സി) ഇത്തരം നിയമനങ്ങളിൽ സി.എൻ.വി. ആക്ടിനു വിധേയമായി സർക്കാർ പുറത്തിറക്കിയ 05.02.2014 ലെ 25941/ജി 2/2013/ എൽബിആർ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണോയെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത സർക്കുലറിലെ പി.എസ്.സി-യ്ക്ക് വിടാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തണമെന്ന നിർദ്ദേശം സെക്രട്ടേറിയറ്റിൽ പാലിക്കപ്പെടുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) ഇതുമൂലം ഇത്തരം നിയമനങ്ങളിൽ സംവരണം അട്ടിമറിക്കപ്പെടുന്നുണ്ടോയെന്ന കാര്യം സർക്കാർ പ്രത്യേകം പരിശോധിക്കുമോ; വ്യക്തമാക്കാമോ?

## ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിലായി നിലവിലുള്ള തസ്തികകൾ

26 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിലായി ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ?

## ഡൽഹിയിൽ സർക്കാരിന്റെ പ്രത്യേക പ്രതിനിധി

27 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിൽ സംസ്ഥന സർക്കാരിന്റെ നിലവിലെ പ്രത്യേക പ്രതിനിധിക്ക് ഓണറേറിയവും മറ്റ് ഇനങ്ങളിലുമായി എത്ര തുക നാളിതുവരെ നൽകി; അദ്ദേഹത്തിന്റെ ഓഫിസ് ചെലവുകൾക്കായി എത്ര തുക നൽകി; വിശദമാക്കാമോ;

(ബി) ഏതൊക്കെ കാര്യങ്ങൾക്കാണ് അദ്ദേഹത്തിന്റെ ഇടപെടൽ ഉണ്ടായത്; വിശദമാക്കാമോ?

## സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

28 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികകൾ നികത്താത്തതിനാൽ വിവിധ സെക്ഷനുകളിൽ ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അസിസ്റ്റന്റിന്റെ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; വകുപ്പ്തിരിച്ചുള്ള വിശദവിവരം നൽകാമോ;

(ബി) പൊതുഭരണ വകുപ്പിൽ അധികമായി വേണ്ട 44 തസ്തികകളിലേക്ക് 17/8/24 -ലെ എസ്എ 1/36/2022/പൊ.ഭ.വ നമ്പർ മെമ്മോ പ്രകാരം നിശ്ചിത യോഗ്യതയുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റുമാരിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര പേർക്ക് നിയമനം നൽകി; വിശദ വിവരം നൽകാമോ;

(സി) നിലവിൽ അധികമായി ആവശ്യമുണ്ടെന്ന് കണ്ടെത്തിയ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ?

## കൊല്ലം ജില്ലയിൽ പുതിയ കേന്ദ്രിയ വിദ്യാലയം

29 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എത്ര കേന്ദ്രീയ വിദ്യാലയങ്ങൾ ഉണ്ടെന്നു വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ കൊല്ലം ജില്ലയിൽ പുതുതായി കേന്ദ്രീയ വിദ്യാലയം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഇവ തുടങ്ങുന്നതിന് വേണ്ടി സ്ഥലം കണ്ടെത്തി നൽകുന്നതിനും ക്ലാസുകൾ ആരംഭിക്കുന്നതിന് താത്കാലിക കെട്ടിടം കണ്ടെത്തി നൽകുന്നതിനും ജില്ലാ ഭരണകൂടം എടുത്തിട്ടുള്ള നടപടി വ്യക്തമാക്കാമോ; തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥലവും കെട്ടിടവും ലഭ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കൊല്ലം ജില്ലയിൽ അനുവദിച്ചിട്ടുള്ള പുതിയ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; പ്രസ്തുത കേന്ദ്രീയ വിദ്യാലയം തുടങ്ങുന്നതിനു കാലതാമസം വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## സേവനാവകാശ നിയമം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

30 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം എന്നുമുതലാണ് നടപ്പിലാക്കിയത്; ആയതിന്റെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ ഉണ്ടായിട്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ കൂടുതൽ പ്രായോഗികമായ രീതിയിൽ സേവനാവകാശ നിയമം പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ സേവനാവകാശ നിയമത്തിൽ എന്തെല്ലാം കാതലായ മാറ്റങ്ങളാണ്

വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**ഹെലികോപ്റ്ററിന് വാടക**

31 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ യാത്രക്കും മറ്റ് കാര്യങ്ങൾക്കുമായി എടുത്ത ഹെലികോപ്റ്ററിന് വാടക ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(ബി) വയനാട് ദുരന്ത സമയത്ത് ഈ ഹെലികോപ്റ്റർ എന്തൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചതെന്ന് വിശദമാക്കുമോ;

(സി) മുഖ്യമന്ത്രി എത്ര തവണ ഈ ഹെലികോപ്റ്ററിൽ യാത്ര ചെയ്തുവെന്നും യാത്രയുടെ വിശദാംശങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ?

**കേരള പി.എസ്.സി. മുഖേനയുള്ള നിയമനം**

32 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2024 സെപ്തംബർ 30 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് കേരള പി.എസ്.സി. മുഖേന നിയമന ശിപാർശ നൽകിയിട്ടുണ്ട്;

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി. യെ അറിയിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ഭിന്നശേഷിക്കാരുടെ ആശ്രിതനിയമനം**

33 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായ ഭിന്നശേഷിക്കാരുടെ ആശ്രിത നിയമനം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) Adv/C2/334/17-P&ARD നമ്പർ ഫയൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ബേബി സജിത വി., പുന്നോളി, കീഴരിയൂർ എന്ന വ്യക്തി സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

**കേരളീയം 2023**

34 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയം 2023-ന് സ്പോൺസർഷിപ്പിലൂടെ എത്ര തുക ലഭിച്ചു; ഇനി എത്ര തുക ലഭിക്കാനുണ്ട്; വിശദമാക്കുമോ;

(ബി) സ്പോൺസർമാരുടെ പേരും നൽകിയ തുകയുടെ വിവരങ്ങളും വിശദമാക്കുമോ;

(സി) കേരളീയത്തിനായി എത്ര തുക ഇതുവരെ ചെലവായി; ചെലവ് വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

## കിഫ്ബി-റോഡ് നവീകരണം

35 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കൊല്ലം-മേപ്പയ്യൂർ റോഡ് നവീകരണം ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ കിഫ്ബി ഡെഫർ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന് നിലവിലുള്ള തടസ്സം നീക്കി അടിയന്തരമായി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ കൈക്കൊള്ളാമോ?

## നവകേരള സദസ്സ്

36 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ നവകേരള സദസ്സിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ആയതിൽ എത്ര അപേക്ഷകളിൽ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ആശ്രിത നിയമനം

37 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിതനിയമനത്തിന് അപേക്ഷ നൽകി വർഷങ്ങളായി നിയമനം കാത്തിരിക്കുന്നവർക്ക് നിയമനം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിയമിച്ച കമ്മിറ്റി സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) അഞ്ചു വർഷത്തിലധികമായി ആശ്രിത നിയമനത്തിന് അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ കാര്യത്തിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലുള്ള ഒഴിവുകൾക്കനുസരിച്ച് നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## നവകേരള സദസ്സ്

38 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നവകേരള സദസ്സിലുൾപ്പെടുത്തിയ ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നത്; ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും?

## ചട്ടവിരുദ്ധമായി ആക്രിസാധനങ്ങൾ കടത്തി വിൽക്കുന്നതായ മാധ്യമവാർത്ത

39 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നും ചട്ടവിരുദ്ധമായി ആക്രി സാധനങ്ങൾ കടത്തി വിൽക്കുന്നതായ മാധ്യമവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാർത്തയുടെ അടിസ്ഥാനത്തിൽ ആക്രിക്കടത്ത് തടയുന്നതിനായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ആക്രിക്കടത്തിൽ ആരോപണവിധേയനായ താൽക്കാലിക ജീവനക്കാരൻ സെക്രട്ടേറിയറ്റിൽ അനധികൃത നിയമനം നേടിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ആക്രിക്കടത്ത് വിഷയത്തിൽ ഹൗസ് കീപ്പിങ് വകുപ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെതിരെ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ നടത്തിയ അന്വേഷണം ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ;

(ഇ) ആക്രിക്കടത്ത് വിഷയത്തിലെ പ്രസ്തുത പരാതി തീർപ്പാക്കിയതാണെങ്കിൽ ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>സർക്കാർ ജിവനക്കാരുടെ ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ജീവനക്കാരെ ഉൾപ്പെടുത്തുന്നില്ലായെന്ന ആക്ഷേപം</u>

40 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജിവനക്കാരുടെ പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഒഴിവിന് ആനുപാതികമായി ജീവനക്കാരെ ഉൾപ്പെടുത്തുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) 2024 ൽ ഡി.പി.സി. ലിസ്റ്റിൽ ആവശ്യത്തിന് ജിവനക്കാർ ഇല്ലാത്തത് കാരണം അഡ്ഹോക് ഡി.പി.സി. കൂടേണ്ടിവന്ന വകുപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഡി.പി.സി. ലിസ്റ്റിൽ ആവശ്യാനുസരണം ജീവനക്കാരെ ഉൾപ്പെടുത്താത്തതിനാൽ ജീവനക്കാരുടെ പ്രൊമോഷൻ വൈകുകയും തന്മൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള പുതിയ നിയമനത്തെയും ബാധിക്കുന്നുവെന്ന വിഷയം പരിശോധിക്കാമോ;

(ഡി) പ്രസ്തുത പരാതി ഒഴിവാക്കുന്നതിനായി ഒരു വർഷം ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവിന്റെ ഇരട്ടിയിൽ കൂടുതൽ എണ്ണം ജീവനക്കാരെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

## <u>ആശ്രിതനിയമനം സംബന്ധിച്ച വ്യവസ്ഥകളുടെ പരിഷ്കരണം</u>

41 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനം നൽകുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ആരോഗ്യവകുപ്പിൽ കൊല്ലം ജില്ലയിൽ ആശ്രിത നിയമനത്തിനായി അപേക്ഷിച്ചവരിൽ നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്ന് പേര്, തസ്തിക എന്നിവ സഹിതമുള്ള വിശദാംശം ലഭ്യമാക്കാമോ?

## റീബിൽഡ് കേരള പദ്ധതി

42 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടാമ്പി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## വാനനിരീക്ഷണ കേന്ദ്രത്തിന്റെ നിർമ്മാണം സംബന്ധിച്ച്

43 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വാനനിരീക്ഷണ കേന്ദ്രം സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ടെലിസ്കോപ്പ്, മറ്റ് ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന്റെ ഭാഗമായുള്ള ഡി.പി.ആർ. എത് ഏജൻസി വഴിയാണ് തയ്യാറാക്കേണ്ടതെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) ശാസ്ത്രസാങ്കേതിക വകുപ്പിന്റെ എതൊക്കെ ഓഫീസുകളെയാണ് ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെടേണ്ടതെന്ന് അറിയിക്കാമോ?

## മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തിക

44 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് തരംതാഴ്ത്തിയത് ഉൾപ്പെടെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ഓരോ ഒഴിവും നിലവിൽ വന്ന തീയതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. മുഖേനയുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ നിലവിൽ വന്ന് മാസങ്ങൾ പിന്നിട്ടിട്ടും റിപ്പോർട്ട് ചെയ്യാത്ത മലിനീകരണ നിയന്ത്രണ ബോർഡിന്റെ നടപടി സംബന്ധിച്ച് പി.&എ.ആർ.ഡി. വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തിയതായി ആരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ

സർക്കാർ തയ്യാറാകുമോ; വിശദാംശം നൽകുമോ;

(ഇ) ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ 45 ഒഴിവുകളിലേക്കുള്ള നിയമനത്തിനായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത സമയത്ത് പ്രസ്തുത തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിന് അപേക്ഷ സമർപ്പിക്കുവാൻ യോഗ്യതയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർവീസിൽ ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ?

**<u>പൊല്യൂഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസം പരിഹരിക്കാൻ നടപടി</u>**

45 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപ സന്നദ്ധരായി വരുന്നവർക്ക് പൊല്യൂഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് ,പ്രത്യേകിച്ച് ഗ്രീൻ കാറ്റഗറി വ്യവസായങ്ങൾക്ക് ഐ.സി.ഇ., ഐ.സി.ഒ. സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>ഫോറൻസിക് ലാബുകളിലെ രാസപരിശോധനാ കാലതാമസം</u>**

46 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഫോറൻസിക് ലാബുകളിൽ ഓരോന്നിലും രാസപരിശോധനാ ഫലം ലഭിക്കുന്നതിനായി എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ലാബുകളിൽ ഓരോന്നിലും പ്രതിദിനം എത്ര സാമ്പിളുകൾ പരിശോധിക്കുവാനുള്ള സൗകര്യം നിലവിലുണ്ടെന്ന് അറിയിക്കാമോ;

(സി) കാലതാമസം കൂടാതെ രാസപരിശോധനാഫലം നൽകുന്നതിനായി പ്രസ്തുത ലാബുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദവിവരം അറിയിക്കാമോ?

**<u>കെ.എ.എസ്. തസ്തികയിലെ ആകെ നിയമനം</u>**

47 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തസ്തികയിൽ സംസ്ഥാനത്ത് ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പുകളിലാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ പുതിയ എത്ര ഒഴിവുകൾ നില നിൽക്കുന്നുണ്ടെന്നും പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

**<u>കേരള പബ്ലിക് സർവീസ് കമ്മീഷനിലെ കമ്പ്യൂട്ടർവൽക്കരണം</u>**

48 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷനിലെ കമ്പ്യൂട്ടർവൽക്കരണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഓരോ ഘട്ടത്തിലും നടപ്പിലാക്കിയ പരിഷ്കരണങ്ങൾ എന്തൊക്കെയാണെന്നും ഓരോ ഘട്ടത്തിലും ചെലവാക്കിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട് ഏതൊക്കെ സർക്കാർ/പൊതുമേഖല/സ്വകാര്യ ഏജൻസികളുടെ സഹായസഹകരണങ്ങൾ തേടിയിട്ടുണ്ടെന്നും അതിൽ പൊതുമേഖല/സ്വകാര്യ ഏജൻസികൾ ഉണ്ടെങ്കിൽ അവർക്ക് പ്രതിഫലമായി എത്ര തുക വീതം ഇതുവരെ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പി. എസ്. സി. യിൽ നിലവിൽ ഉപയോഗിക്കുന്നതോ, ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്യുന്നതിനായി ഏതെങ്കിലും സ്വകാര്യ/പൊതുമേഖല ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ നൽകിയ സേവനം എന്തെന്നും ഈടാക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ?

## <u>എം.എസ്.സി. മെഡിക്കൽ ഫിസിയോളജി കോഴ്സിനു പി.എസ്.സി. അംഗീകാരം</u>

49 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് നടത്തിവരുന്ന എം.എസ്.സി. മെഡിക്കൽ ഫിസിയോളജി കോഴ്സ് പാസ്സായവരെ ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടും ആരോഗ്യ വിദ്യാഭ്യാസ മേഖലയിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും ബന്ധപ്പെട്ട അദ്ധ്യാപക തസ്തികകളിലോ ഗവേഷണ തസ്തികകളിലോ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പി.എസ്.സി മുഖേന നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിലെ പി.എസ്.സി.കൾ പ്രസ്തുത കോഴ്സ് അംഗീകരിച്ചിട്ടും കേരളത്തിൽ ഇതേ യോഗ്യത ഉള്ളവർക്ക് 2023-ലെ പി.എസ്.സി. നോട്ടിഫിക്കേഷൻ നമ്പർ 409/2023 പ്രകാരം സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളിൽ അപേക്ഷിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള തസ്തികകളിൽ എം.എസ്.സി. മെഡിക്കൽ ഫിസിയോളജി കോഴ്സ് പാസായവരെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## <u>പി.എസ്.സി. അംഗങ്ങളുടെ ശമ്പളം വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസൽ</u>

50 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. അംഗങ്ങളുടെ ശമ്പളം വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>സെക്രട്ടേറിയറ്റ് പൊതു ഭരണ വകുപ്പിലെ പ്രൊമോഷനുകൾ</u>

51 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനവരി 1 മുതൽ ഇതുവരെ സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള തസ്തികകളിൽ ഓരോന്നിലും ഉണ്ടായ ഒഴിവുകൾ, പ്രൊമോഷനുകൾ എന്നിവ എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) മേൽ തസ്തികകളിൽ ഓരോന്നിലും ഉണ്ടായ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) മേൽ തസ്തികകളിൽ ഉൾപ്പെട്ട എത്ര ജീവനക്കാർക്ക് സസ്പെൻഷൻ ലഭിച്ചിട്ടുണ്ടെന്നും എത്രപേർ ദീർഘാവധി എടുത്തിട്ടുണ്ട് എന്നും കൂടാതെ ഇപ്രകാരം ഒഴിവ് വന്ന തസ്തികകളിൽ പകരം നിയമനം/പ്രൊമോഷൻ നടത്തിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) മേൽ തസ്തികകളിലേയ്ക്കുള്ള ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ച സെലക്റ്റ് ലിസ്റ്റ് നിലവിലുണ്ടോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>പി.എസ്.സി. സെക്രട്ടറിയുടെ ഉത്തരവ് നടപ്പാക്കാൻ അടിയന്തിര നടപടി</u>

52 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആൻഡ് എസ്.എസ്.ആർ. റൂൾ 8 പ്രകാരം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാതൃ വകുപ്പായ പി.എസ്.സി. യിലേക്ക് തിരികെ വന്ന ശ്രീ.ജോൺസൻ ജി. യുടെ സീനിയോരിറ്റി മുഴുവൻ പുനസ്ഥാപിച്ചു നൽകാൻ സർക്കാർ നൽകിയ രണ്ടു ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. സെക്രട്ടറി ഉത്തരവിട്ട് ഇരുപത്തിയൊന്ന് മാസം കഴിഞ്ഞിട്ടും എന്തുകൊണ്ട് പ്രൊസീഡിംഗ്സ് ഇറക്കി ആയതു നടപ്പാക്കുന്നില്ല എന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; പതിനേഴ് മാസം ഈ ഉത്തരവ് പാലിക്കാതിരുന്ന എസ്റ്റാബ്ലിഷ്മെന്റ് അഡീഷണൽ സെക്രട്ടറിയുടെ നടപടി എന്ത് കാരണത്താലായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഒരു ജീവനക്കാരന് കഴിഞ്ഞ ഇരുപതു കൊല്ലമായി നീതി നൽകാതെ പി.എസ്.സി. പോലൊരു ഭരണഘടനാ സ്ഥാപനത്തിൽ തുടരേണ്ടി വരുന്ന സാഹചര്യം പി.എസ്.സി. മെമ്പർമാരുടെ ഒരു ഉപസമിതി പരിശോധിച്ച് ഇത്തരം നീതി നിഷേധങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ശ്രീ.ജോൺസനു മുൻപും പിൻപും പി.എസ്.സി. യിൽ കെ.എസ്.ആൻഡ് എസ്.എസ്.ആർ. റൂൾ 8 പ്രകാരം തിരികെ വന്ന മുഴുവൻ ജീവനക്കാർക്കും സർവീസ് സീനിയോരിറ്റി മുഴുവൻ നൽകിയിട്ടും ഇദ്ദേഹത്തിനു മാത്രം അത് നിഷേധിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; ഏതു ചട്ടപ്രകാരമാണ് ഇത്തരത്തിൽ ഒരു ജീവനക്കാരന്റെ അവകാശങ്ങൾ നിഷേധിക്കുവാൻ ഇതിനു പിന്നിൽ പ്രവർത്തിച്ച ഏതാനും ജീവനക്കാർക്ക് സാധിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) കോടതി ഉത്തരവുകളും സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പി.എസ്.സി. സെക്രട്ടറിയുടെ ഉത്തരവും ഉണ്ടായിട്ടും മനപൂർവം നീതി നിഷേധിച്ച ഈ സംഭവത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനും കുറ്റവാളികളായ മുൻ ജീവനക്കാരുൾപ്പെടെ ഉള്ളവരിൽ നിന്നും നഷ്ടപരിഹാരം ശ്രീ. ജോൺസന് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) കോടതി ഉത്തരവുകളും സർക്കാർ ഉത്തരവുകളും ചട്ടങ്ങളും അനുസരിച്ച് പി.എസ്.സി സെക്രട്ടറി ശ്രീ.ജോൺസന് എല്ലാ സീനിയോരിറ്റിയും നൽകികൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കുന്നതിന് പകരം പി.എസ്.സി. യുടെ വക്കീലിന്റെ ഉപദേശം ഇക്കാര്യത്തിൽ തേടേണ്ടി വന്ന സാഹചര്യം എന്ത് കൊണ്ട് സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) ശ്രീ.ജോൺസന്റെ സീനിയോരിറ്റി പുനസ്ഥാപിക്കുന്നത് സംബന്ധിച്ച ചോദ്യങ്ങൾക്ക് വസ്തുതാ വിരുദ്ധമായ ഉത്തരങ്ങൾ നൽകിയ ഉദ്യോഗസ്ഥർക്ക് എതിരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) ഇക്കാര്യത്തിൽ ഇനിയും കാലതാമസം കൂടാതെ നീതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>ആശ്രിത നിയമനം വഴി ജോലി ലഭിച്ചവരുടെ വിശദാംശം</u>

53 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് സംസ്ഥാനത്ത് ആശ്രിത നിയമനം വഴി ജോലി നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) നിലവിൽ ആശ്രിത നിയമനത്തിനായി എത്ര അപേക്ഷകളാണ് സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## <u>സാലറി ചലഞ്ചിലെ പങ്കാളിത്തം</u>

54 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഏർപ്പെടുത്തിയ സാലറി ചലഞ്ച് വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചതെന്നും നാളിതുവരെ എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) സാലറി ചലഞ്ചിൽ പങ്കെടുത്ത ഗസറ്റഡ് ,നോൺഗസറ്റഡ് സർക്കാർ ജീവനക്കാരുടെ എണ്ണം, വകുപ്പ് എന്നിവ ഇനം തിരിച്ചു ലഭ്യമാക്കുമോ;

(സി) സാലറി ചലഞ്ചിൽ പങ്കെടുത്ത സംസ്ഥാനത്തെ ഐ.എ.എസ്, ഐ.പി.എസ്. ഐ.എഫ്.എസ്, ജഡ്ജിമാർ, മറ്റു ജുഡീഷ്യൽ സർവീസ് ഉദ്യോഗസ്ഥർ, സ്കൂൾ അധ്യാപകർ, കോളേജ് അധ്യാപകർ, ഇതര സിവിൽ സർവീസ് ഉദ്യോഗസ്ഥർ എന്നിവരുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കുമോ?

## സാലറി ചലഞ്ചിൽ പങ്കെടുത്ത ഓൾ ഇന്ത്യ സിവിൽ സർവീസ് ഉദ്യോഗസ്ഥർ

55 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓൾ ഇന്ത്യ സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്ര; ഇതിൽ സാലറി ചലഞ്ചിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം എത്ര;

(ബി) സാലറി ചലഞ്ചിൽ പങ്കെടുത്ത ഓൾ ഇന്ത്യ സിവിൽ സർവീസ് ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ

56 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഐ.ടി. മേഖലയിൽ എത്ര പാർക്കുകളും എത്ര തൊഴിലവസരങ്ങളും പുതുതായി സൃഷ്ടിക്കുവാൻ സാധിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഐ.ടി. മേഖലയിൽ കൂടുതൽ പാർക്കുകളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

## ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ

57 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും പ്രസ്തുത മേഖല കാലാനുസൃതമായി നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) മികച്ച പശ്ചാത്തലസൗകര്യം, മാർക്കറ്റിംഗ് സംവിധാനം എന്നിവയിലൂടെ ദേശീയ അന്തർദേശീയ- തലങ്ങളിലെ ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിനും ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനും ആവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നത്; വിശദമാക്കുമോ;

(സി) ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ സയൻസ് പാർക്ക് സ്റ്റാർട്ടപ്പ് കമ്പനികൾ വ്യവസായ രംഗത്ത് വളർന്നുവരുന്നതിന് വലിയ സാധ്യതയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോയെന്നും പ്രസ്തുത പാർക്കിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേക്ക് സാധ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ നിലവിലെ പുരോഗതിയും സംബന്ധിച്ച് വ്യക്തമാക്കാമോ?

## സി-ഡിറ്റിലെ ക്രമക്കേടുകൾക്കെതിരെ പ്രാഥമിക അന്വേഷണം

58 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മാതൃവകുപ്പായ ഐ.ടി. വകുപ്പിന് 2024 ആഗസ്റ്റ് മാസം വിജിലൻസ് കത്തുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കത്തുകളിന്മേൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; പ്രാഥമിക അന്വേഷണത്തിന് അനുമതി നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?വിജിലൻസ് ?

## ടെക്നാൽ ഐ.ടി. ബിസിനസ് ഇൻക്യൂബേറ്റർ

59 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ കാട്ടാൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ടെക്നാൽ ഐ.ടി. ബിസിനസ് ഇൻക്യൂബേറ്റർ പദ്ധതിയുടെ പ്രൊപ്പോസൽ കെ-ഡിസ്കിന്റെ വർക്ക് നിയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി അതിവേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

## നെസ്സസ്- ടെനബിൾ നെറ്റ്‌വർക്ക് അസ്സസ്സ്മന്റ് സോഫ്റ്റ്‌വെയർ വാങ്ങിയതിൽ ക്രമക്കേട്

60 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിനു അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് മുപ്പത്തിയഞ്ചു ലക്ഷം രൂപയുടെ നെസ്സസ്- ടെനബിൾ നെറ്റ്‌വർക്ക് അസ്സസ്സ്മെന്റ് സോഫ്റ്റ്‌വെയർ മാർച്ച് 2018-ൽ വാങ്ങിയിരുന്നോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സോഫ്റ്റ്‌വെയർ ഇടപാടുമായി ബന്ധപ്പെട്ടു ക്രമക്കേട് നടന്നിട്ടുണ്ടെന്നും പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങിയതിനു ഉത്തരവാദികളായ ശ്രീ.ജി. ജയരാജ്, ശ്രീ.പി. വി .ഉണ്ണികൃഷ്ണൻ എന്നിവർ നിലവിൽ സി-ഡിറ്റ് സർവീസിൽ ഇല്ലാത്തതിനാൽ ഒരു ബാഹ്യ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും 2020ൽ സി-ഡിറ്റിലെ ഒരു ഉദ്യോഗസ്ഥൻ പരാതി നല്കിയിരുന്നോ;

(സി) പ്രസ്തുത പരാതി വിശദമായി പരിശോധിച്ചശേഷം ഐ.ടി. വകുപ്പു സെക്രട്ടറി ഫയലിൽ നല്കിയിരുന്ന ശിപാർശ എന്തായിരുന്നുവെന്ന് അറിയിക്കുമോ; സെക്രട്ടറിയുടെ പ്രസ്തുത നിർദ്ദേശം മുഖ്യമന്ത്രി നിരാകരിച്ചതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ക്രിമിനൽ കേസെടുത്തു അന്വേഷിക്കണം എന്ന വകുപ്പു സെക്രട്ടറിയുടെ നിർദ്ദേശം നിരാകരിച്ചതിനു ശേഷം ശ്രീ. ജി. ജയരാജിനെ സി-ഡിറ്റ് ഡയറക്ടറായും ശ്രീ . പി. വി. ഉണ്ണികൃഷ്ണനെ കെ ഡിസ്ക് മെമ്പർ സെക്രട്ടറിയായും സർക്കാർ നിയമിക്കുകയുണ്ടായോ; വിശദമാക്കുമോ?

## സി-ഡിറ്റിലെ വിവിധ പ്രോജക്ടുകളിലെ താൽക്കാലിക ജീവനക്കാർ

61 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിലധികമായി സി-ഡിറ്റിൽ വിവിധ പ്രോജക്ടുകളിലായി എത്ര ജീവനക്കാർ താല്ക്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്ത് വരുന്നുവെന്ന് അറിയിക്കുമോ; ഇവരെ സ്ഥിരപ്പെടുത്തുമോ; വിശദമാക്കാമോ;

(ബി) 2010 ജനുവരി 1-ന് ശേഷം വിവിധ പ്രോജക്ടുകളിൽ നിന്നും എത്ര ജീവനക്കാരെ ജോലിയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും ഏത് മാനദണ്ഡത്തിലാണ് ഇവരെ സ്ഥിരപ്പെടുത്തിയതെന്നും വിശദമാക്കാമോ;

(സി) 2015, 2021 വർഷങ്ങളിൽ നടന്ന സ്ഥിരപ്പെടുത്തലുകളിൽ ജീവനക്കാരുടെ ശമ്പള സ്കെയിൽ നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; ശമ്പള സ്കെയിൽ നിശ്ചയിക്കാൻ കമ്മിറ്റി രൂപീകരിച്ചിരുന്നോ; വിശദമാക്കാമോ;

(ഡി) ട്രെയിനിയായി ജോലിയിൽ പ്രവേശിച്ചവരെയും സി-ഡിറ്റിൽ നിന്നും ജോലി രാജിവെച്ച് പോയവരെയും 2021-ൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സി-ഡിറ്റിൽ ജോലിയിൽ പ്രവേശിച്ച സമയത്തെ തസ്തികയിൽ നിന്നും വിഭിന്നമായി തസ്തിക മാറ്റം ലഭിച്ച് 2021-ൽ സ്ഥിരപ്പെടുത്തിയവരുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>ഇൻഫോപാർക്കിലെ അടിസ്ഥാന സൗകര്യവികസനം</u>

62 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ഇൻഫോപാർക്കിൽ നടന്നുവരുന്ന അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇൻഫോപാർക്കിലേക്കുള്ള റോഡുകളുടെ വികസനത്തിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നിലവിലെ സർക്കാരിന്റെ കാലയളവിൽ കൊച്ചി ഇൻഫോപാർക്കിൽ പുതുതായി എത്ര കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും അവയിൽ പുതുതായി എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഇൻഫോപാർക്കിലേക്ക് കമ്പനികളെ ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>ഐ.ടി. കമ്പനികളുടെ വർക്ക് ഷെഡ്യൂൾ</u>

63 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏണസ്റ്റ് & യങ് എന്ന സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന അന്ന സെബാസ്റ്റ്യൻ എന്ന ഉദ്യോഗാർത്ഥി ജോലി സംബന്ധമായ സമ്മർദ്ദം മൂലം മരണപ്പെട്ടതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള ഔദ്യോഗിക അന്വേഷണം പോലീസ് ഉൾപ്പെടെയുള്ള ഏജൻസികൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം പോലെ എറണാകുളം കാക്കനാട് ഇൻഫോ പാർക്ക്, തിരുവനന്തപുരം ടെക്നോ പാർക്ക് ഉൾപ്പെടെയുള്ള വിവിധ ഐ.ടി. ഹബ്ബുകളിലെ സ്വദേശ/ബഹുരാഷ്ട്ര കമ്പനികളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം സംബന്ധിച്ച് എന്തൊക്കെ നിയമങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(സി) ഇത് സംബന്ധിച്ച പരാതികൾ തീർപ്പാക്കാനും തീരുമാനമെടുക്കാനും ജില്ലാ ലേബർ ഓഫീസർക്ക് അധികാരമുണ്ടോയെന്നും കഴിഞ്ഞ രണ്ട് വർഷങ്ങളായി ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാർ മേല്പറഞ്ഞ ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ഡി) ഐ.ടി. കമ്പനികളുടെ വർക്ക് ഷിഫ്റ്റുകൾക്ക് 'എട്ട് മണിക്കൂർ ജോലി' എന്ന നിയമം ബാധകമാണോയെന്നും വർക്ക് ഫ്രം ഹോം എന്ന രീതിയിൽ ജോലി ചെയ്യുന്നവർക്ക് തൊഴിൽ സമയം ബാധകമാണോ എന്നും ഇത്തരത്തിലുള്ള ഐ.ടി. കമ്പനികളിൽ നിന്നും സർക്കാരിന് നികുതി വരുമാനം ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ ഐ.ടി. മേഖല

64 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിൽ എത്ര കോടി രൂപയുടെ ഐ.ടി. ഹാർഡ്‌വെയർ ഉല്പാദനമാണ് സംസ്ഥാനത്ത് നടന്നത്; ആയത് മുൻവർഷത്തെ അപേക്ഷിച്ച് എത്ര കൂടുതലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉല്പാദനം 2025-26 വർഷം ആകുമ്പോഴേക്കും എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഐ.ടി. സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി ഭാരം നിയന്ത്രിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുള്ളവർക്ക് ധനസഹായം

65 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ എത്ര വീടുകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നും അവർക്ക് ധനസഹായം നൽകുന്നതിനായി എസ്.ഡി.ആർ.എഫ്, സി.എം.ഡി.ആർ.എഫ്. എന്നിവയിൽ നിന്നും എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ഇനിയും ധനസഹായം ലഭ്യമാക്കാൻ ബാക്കിയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എസ്.ഡി.ആർ.എഫ്.ൽ നിന്നോ സി.എം.ഡി.ആർ.എഫ്.ൽ നിന്നോ പ്രസ്തുത തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച തുക</u>**

66 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

**<u>വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട സാലറി ചലഞ്ച്</u>**

67 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട സാലറി ചലഞ്ച് വഴി ഇതുവരെ ലഭിച്ച തുക എത്രയാണ്; ഈ തുക സി.എം.ഡി.ആർ.എഫ്.ലേക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തീയതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാലറി ചലഞ്ചിൽ എത്ര ശതമാനം ഉദ്യോഗസ്ഥരാണ് പങ്കെടുത്തതെന്ന് അറിയിക്കുമോ?

**<u>വയനാട് ദുരന്തവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ നടപടി</u>**

68 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നാളിതുവരെ ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് നടന്ന രക്ഷാപ്രവർത്തനങ്ങൾക്കും മറ്റ് അനുബന്ധ ചെലവുകൾക്കുമായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ?

**<u>വയനാട് പുനരധിവാസ പാക്കേജ്</u>**

69 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ഉണ്ടായ പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് വയനാട് പുനരധിവാസ പാക്കേജ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പാക്കേജ് അടിയന്തര പ്രാധാന്യത്തോടെ സമർപ്പിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഫണ്ട് ലഭ്യമാക്കി ദുരന്തബാധിതരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വയനാട് ദുരന്തം

70 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമീപകാലത്ത് സംഭവിച്ചതിൽ വച്ച് ഏറ്റവും വലുതും ഭയാനകവുമായ വയനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിന്റെ ആഴവും വ്യാപ്തിയും നാശനഷ്ടത്തിന്റെ തോതും കണക്കിലെടുത്ത് ഇതൊരു ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ ഇതിനോട് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ദുരന്ത നിവാരണത്തിനും പുനരധിവാസത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ എത്ര ധനസഹായം ലഭിക്കുകയുണ്ടായി; ഇക്കാര്യത്തിനായി സംസ്ഥാനം ആവശ്യപ്പെട്ട തുക എത്രയായിരുന്നുവെന്ന് അറിയിക്കാമോ?

## വയനാട് ദുരന്തത്തിൽപ്പെട്ടവർക്കുള്ള കേന്ദ്രസഹായം

71 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ എന്തെല്ലാം സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്നും, ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണെന്നും, എസ്.ഡി.ആർ.എഫ്. ചട്ടപ്രകാരമുള്ള മെമ്മോറാണ്ടമാണോ സമർപ്പിച്ചിട്ടുള്ളതെന്നും, ഇതിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടോ എന്നും വിശദമാക്കുമോ; പ്രസ്തുത മെമ്മോറാണ്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് വിവിധ ഇനത്തിൽ ഉണ്ടായിട്ടുള്ള യഥാർത്ഥ ചെലവുകളും മെമ്മോറാണ്ടത്തിൽ സമർപ്പിച്ച എസ്റ്റിമേറ്റും തമ്മിൽ അന്തരമുള്ളതായി ഉയർന്നു വന്നിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് വിവിധ ഇനത്തിൽ ഉണ്ടായിട്ടുള്ള യഥാർത്ഥ ചെലവുകൾ ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) വയനാട് ദുരന്തത്തിൽപ്പെട്ടവർക്ക് എല്ലാവിധ നഷ്ടപരിഹാരവും ലഭ്യമാക്കുന്നതിനും, പുനർനിർമ്മാണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും കേന്ദ്രസർക്കാരിൽ നിന്നും പരമാവധി സഹായം ഉറപ്പു വരുത്തുമോ; വിശദമാക്കുമോ?

## വയനാട് ഉരുൾപൊട്ടലിൽ ഇരയായവരെ പുനരധിവസിപ്പിക്കാൻ നടപടി

72 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഉരുൾപൊട്ടലിൽ ഇരയായവരെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ ജീവനക്കാർക്കായി സാലറി ചലഞ്ച് ഏർപ്പെടുത്തിയിരുന്നോ;

(ബി) സാലറി ചലഞ്ചിലൂടെ എത്ര കോടി രൂപ പിരിച്ചെടുക്കാം എന്നാണ് പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കോടി രൂപ ഇതിനകം പിരിഞ്ഞു കിട്ടിയെന്നും ഇനി എത്ര കോടി രൂപ കൂടി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രളയത്തിലും ഉരുൾപൊട്ടലിലും സംഭാവന നൽകിയ സർക്കാർ ജീവനക്കാർക്ക് രസീതുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി രസീതുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## വിലങ്ങാട് ഉരുൾപ്പൊട്ടൽ

73 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിമേൽ ഗ്രാമപഞ്ചായത്തിലെ വിലങ്ങാട് മഞ്ഞച്ചീളി ഭാഗത്ത് ഉരുൾപൊട്ടലിൽ ഒരാളുടെ മരണത്തോടൊപ്പം വീട്, കൃഷി, ഭൂമി, റോഡുകൾ, പാലങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, അംഗനവാടി ഉൾപ്പെടെയുള്ള ജീവനോപാധികളുടെ നഷ്ടം എത്ര ഉണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉരുൾപ്പൊട്ടൽ മൂലം തകർന്ന പാലങ്ങളും റോഡുകളും ആദിവാസി ഉന്നതികളുടെ പുനർനിർമ്മാണത്തിനും അടിയന്തര നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ;

(സി) വിലങ്ങാട് ഉരുൾപൊട്ടൽ മേഖലയിൽ സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പഠന റിപ്പോർട്ടിലെ നിർദേശങ്ങൾ എന്തെല്ലാമെന്ന് പറയാമോ?

## വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പുനരധിവാസ സഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ

74 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പുനരധിവാസ സഹായത്തിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ എത്ര തുകയാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രത്തിന് സമർപ്പിച്ച പ്രസ്തുത പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## വയനാട് ദുരന്തത്തിൽ കാണാതായവർ

75 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരിൽ എത്ര പേരെയാണ് നാളിതുവരെ സർക്കാർ പുനരധിവസിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ദുരന്തത്തിൽ ആകെ എത്ര പേരെയാണ് കാണാതായതെന്നും ഇതിൽ എത്ര പേരെയാണ് നാളിതുവരെ കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഇനിയും കണ്ടെത്താൻ ബാക്കിയുള്ളവർ എത്രയാണ്; ഇവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ; കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തവരെ കണ്ടെത്തുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) വയനാട്ടിൽ കാണാതായവർക്കായി കൂടുതൽ ഊർജ്ജിതമായ തെരച്ചിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ</u>

76 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പതിമൂന്ന് ശതമാനത്തോളം വരുന്ന പ്രദേശങ്ങൾ ഉരുൾപൊട്ടൽ ഭീഷണി നേരിടുന്നവയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യതാ ഭൂപടം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വനനശീകരണം, തെറ്റായ ഭൂവിനിയോഗം എന്നിവ ഉരുൾപൊട്ടലിനു കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഭാവിയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ ലഘൂകരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

## <u>വയനാട് ദുരന്തബാധിതരായവരെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച സംഭാവന</u>

77 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരായവരെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിവിധ ഏജൻസികൾ/സ്ഥാപനങ്ങൾ, സംഘടനകൾ, ഇതര സംസ്ഥാനങ്ങൾ, സർക്കാർ ഉദ്യോഗസ്ഥരുടെ സാലറി ചലഞ്ച് എന്നിവ മുഖാന്തരം ലഭിച്ച തുകയുടെ തരം തിരിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ദുരിതബാധിതർക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ലഭിച്ചു; ഇതിനായി സംസ്ഥാനം എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ദുരിതബാധിതർക്കായി നിധിയിൽ നിന്നും നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് നൽകുമോ?

## വയനാട് ദുരന്തം

78 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ എണ്ണം ലഭ്യമാക്കാമോ;

(ബി) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര പേരെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞു; എത്ര പേർ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റും കഴിയുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വയനാട് ദുരന്തത്തിനു ചെലവഴിച്ച തുക

79 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിലവിൽ എത്ര തുക നീക്കിയിരിപ്പുണ്ട്;

(ബി) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിൽ ലഭിച്ച തുക എത്രയാണ്; ഇതിൽ നിന്ന് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ദുരന്തത്തിൽ ഇരയായവരുടെ പുനരധിവാസത്തിനും നഷ്ടപരിഹാരത്തിനും ദുരന്തവുമായി ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾക്കും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സാലറി ചലഞ്ച് വഴി ജീവനക്കാരിൽ നിന്നും എത്ര തുകയാണ് ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; അതിൽ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്?

## വയനാട് ദുരന്തബാധിതരുടെ പുനരധിവാസത്തിന് ടൗൺഷിപ്പ്

80 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തബാധിതരുടെ പുനരധിവാസത്തിന് ടൗൺഷിപ്പ് മാതൃക സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കാർഷിക മേഖലയെ ആശ്രയിച്ച് ജീവിച്ചവർക്ക് കൃഷിക്കും ഉപജീവനത്തിനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ആലോചിക്കുന്നത്; വിശദമാക്കുമോ;

(സി) ദുരന്തബാധിതരുടെ എല്ലാ കടബാധ്യതകളും എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## വയനാട് ദുരന്തത്തെ ധീരമായി നേരിട്ട സർക്കാർ നടപടി

81 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തം നേരിടാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ദുരന്തബാധിതർക്ക് സഹായങ്ങൾ എത്തിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കോവിഡ് മൂലം നഷ്ടപ്പെട്ട തൊഴിലവസരങ്ങൾ

82 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധിമൂലം വീടുകളിലിരുന്ന് തൊഴിൽ ചെയ്യുന്നവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;

(ബി) ആഗോളതലത്തിൽ ഈ ഘടനാപരമായ മാറ്റത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ മാറ്റത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഇതിനോടകം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്?

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

83 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം(കിയാൽ) എം.ഡി.യുടെ ശമ്പളം വർദ്ധിപ്പിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധനവ് നടത്തിയത് മാനദണ്ഡങ്ങൾ പാലിച്ചാണോ; ഇത് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത എയർപോർട്ടിലെ ഗവണ്മെന്റ് ഷെയർ 35 ശതമാനത്തിൽ കൂടാതിരിക്കാനായി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ ലീസിനു കൊടുക്കണമെന്ന ഉത്തരവ് ഇറക്കാനുള്ള സാഹചര്യം എന്താണ്; സ്വകാര്യ മേഖലയിൽത്തന്നെ എയർപോർട്ട് നിലനിർത്തുന്നത് സർക്കാരിന് നഷ്ടമുണ്ടാക്കില്ലേ എന്ന് വ്യക്തമാക്കുമോ;

(സി) എയർപോർട്ടിലെ ഉദ്യോഗസ്ഥ അഴിമതിക്കെതിരായ പരാതികൾ മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടും തുടർനടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കണ്ണൂർ എയർപോർട്ടിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ട് വരുന്നതിനും ഇവിടെ സി.&എ.ജി. ഓഡിറ്റ് നടത്തുന്നതിനും സർക്കാർ മുൻകൈ എടുക്കുമോയെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് വിമാനതാവളത്തിന്റെ വികസനം

84 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെ വികസനത്തിന് വേണ്ടി ഏറ്റെടുത്ത 5.0763 ഹെക്ടർ ഭൂമിയിൽ നടക്കുന്ന റൺവെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) ഇതിന് ഏകദേശം എത്ര ടൺ മണ്ണ് വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ മണ്ണ് മലപ്പുറം ജില്ലയിലോ സമീപ ജില്ലയിലോ ലഭ്യമാണോയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിമാനത്താവള വികസന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ 2047 വർഷത്തോടെ റൺവെ 2700 മീറ്ററിൽ നിന്ന് 3770 മീറ്ററായി ഉയർത്തുന്നതിന് ഭൂമി ഏറ്റെടുക്കാനുള്ള അപേക്ഷ സർക്കാരിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്പോൾ നടക്കുന്ന റൺവെ വികസനത്തിന് ആവശ്യമായ മണ്ണ് പോലും ലഭിക്കാത്ത സാഹചര്യത്തിൽ വലിയ തോതിലുള്ള റൺവെ വികസനം 2047 ൽ സാധ്യമാകുമോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) 2047-ൽ നടത്താൻ ഉദ്ദേശിക്കുന്ന വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ നൽകി എന്ന കാരണത്താൽ വിമാനത്താവള പരിസരത്ത് ലൈഫ് പദ്ധതിയിലുള്ള വീടുകൾ അടക്കം നിർമ്മിക്കുന്നതിനായി അനുമതിക്കുള്ള നിരാക്ഷേപ പത്രം വിമാനത്താവള അധികൃതർ നിരസിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(എഫ്) എങ്കിൽ 2047 ലെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11 (1) നോട്ടിഫിക്കേഷൻ വരുന്നതുവരെ വീട് നിർമ്മിക്കുന്നതിന് അനുമതിക്കുള്ള നിരാക്ഷേപ പത്രം നിരസിക്കരുതെന്ന് എയർപോർട്ട് അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

## കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട പ്രിപ്പറേറ്ററി വർക്കുകൾ

85 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ ഒന്നാംഘട്ട, രണ്ടാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ പ്രിപ്പറേറ്ററി വർക്കുകൾ നടത്തിയിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലാരിവട്ടം മുതൽ കാക്കനാട് വരെയുള്ള മെട്രോയുടെ രണ്ടാംഘട്ട പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും പ്രസ്തുത പ്രദേശങ്ങളുമായി ബന്ധപ്പെട്ടുള്ള സമാന്തര റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും അടിക്കടി ഉണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന അടിയന്തര നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**കൊച്ചി മെട്രോ എം.ഡിയുടെ നിയമനം**

86 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ എം.ഡി ആയി ശ്രീ. ലോക്നാഥ് ബെഹ്റ നിയമിതനായത് എന്നാണെന്നും നിയമന കാലാവധി എത്ര വർഷമായിരുന്നെന്നും വ്യക്തമാക്കാമോ; പ്രസ്തുത നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വ്യക്തിയുടെ കാലാവധി നീട്ടിയിട്ടുണ്ടെങ്കിൽ നീട്ടിയതിന്റെ കാരണം വ്യക്തമാക്കാമോ; ആയതിന്റെ ഉത്തരവ് ലഭ്യമാക്കുമോ;

(സി) ശമ്പളവും മറ്റ് ഇനങ്ങളിലുമായി നാളിതുവരെ പ്രസ്തുത വ്യക്തിക്ക് എത്ര തുക നൽകി; വിശദമാക്കാമോ?

**വടകര-മാഹി കനാൽ നിർമ്മാണം**

87 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ അഞ്ചാം റീച്ചിലെ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാര വിതരണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിതരണത്തിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ബി) എത്ര ഏക്കർ സ്ഥലമാണ് ഇതിനായി ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആകെ എത്ര പേർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടെന്നും നാളിതുവരെ എത്രപേർക്ക് നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) ഇനിയും നഷ്ടപരിഹാരം ലഭിക്കാത്തവരുടെ പേര് വിവരങ്ങളും നൽകേണ്ട തുകയും എത്രയെന്നു വ്യക്തമാക്കാമോ?

**കനാൽ നവീകരണ പദ്ധതി**

88 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലൂടെ കടന്നു പോകുന്ന ഏതൊക്കെ കനാലുകളാണ് കനാൽ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത കനാലുകളുടെ ആകെ നീളം, ഇവയുടെ ആരംഭം, അവസാനം എന്നിവ സംബന്ധിച്ച തരം തിരിച്ച് വ്യക്തമാക്കുമോ; ഈ പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഏത് ഏജൻസിക്കാണ് നിർമ്മാണ നിർവ്വഹണ ചുമതല നൽകിയിട്ടുള്ളതെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതിയുടെ ഭാഗമായി ഓരോ കനാലിലും എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും ഈ പദ്ധതിക്കായി കനാലുകളുടെ വീതി വർദ്ധിപ്പിക്കേണ്ടി വരുമെങ്കിൽ എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് വീതി നിർണ്ണയിക്കുന്നതെന്നും ഇതിനായി ഓരോ കനാലിന്റെയും വശങ്ങളിൽ എത്ര സ്ഥലമാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്നും അറിയിക്കുമോ;

(സി) ഇതിനുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയോയെന്നും സ്ഥലം ഏറ്റെടുക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ; പദ്ധതിയുടെ പൂർത്തീകരണ കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടത്തുന്ന കനാൽ റിജുവനേഷൻ പദ്ധതിയും ഒന്ന് തന്നെയാണോ എന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം ബോട്ട് സർവീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

**<u>ജനവാസ മേഖലകൾ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ഉൾപ്പെടുത്താതിരിക്കാൻ നടപടി</u>**

89 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ലോലപ്രദേശങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ അഞ്ചാം കരട് വിജ്ഞാപന ഭൂപടത്തിൽ കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടി പ്രദേശത്തെ ജനവാസ മേഖലകൾ ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനവാസ മേഖലകൾ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ഉൾപ്പെടുത്തുകയില്ല എന്ന സർക്കാരിന്റെ പ്രഖ്യാപിതനയം നിലനിൽക്കെ കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടി വാർഡിനെ പ്രസ്തുത 5-ാം കരട് വിജ്ഞാപന ഭൂപടത്തിൽനിന്നും പൂർണ്ണമായി ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>തീരനിയന്ത്രണമേഖലയിൽ ഇളവ്</u>**

90 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തീരദേശനിയന്ത്രണ മേഖലാ വിജ്ഞാപനം (2019) ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിച്ച ഏതെല്ലാം പദ്ധതികൾക്കാണ് ദേശീയ തീരദേശമേഖലാ മാനേജ്മെന്റ് അതോറിറ്റിയോഗം അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) രാജ്യത്ത് ആദ്യമായാണ് തീരനിയന്ത്രണമേഖലയിൽ ഇളവു ലഭിക്കുന്നതെന്ന് തീരദേശപരിപാലന അതോറിറ്റിയുടെ അധികൃതർ വ്യക്തമാക്കിയിട്ടുണ്ടോ;

(സി) തീരദേശ റെഗുലേഷൻ സോൺ മൂന്നിൽ നിന്നും രണ്ടിലേയ്ക്ക് മാറ്റുന്നതിന് എത്ര പഞ്ചായത്തുകൾക്കാണ് അനുവാദം നല്കിയിട്ടുള്ളതെന്നും ഇതുമൂലം എന്തെല്ലാം നിയന്ത്രണങ്ങളിലാണ് ഇളവ് നൽകിയതെന്നും വ്യക്തമാക്കുമോ?

**<u>വടകര-മാഹി കനാൽ നിർമ്മാണം</u>**

91 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഓരോ റീച്ചിലും നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് ആയതിന്റെ നിലവിലെ അവസ്ഥ സഹിതം വിശദമാക്കാമോ;

(ബി) വടകര-മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്താൻ എന്നാണ് സാധിക്കുന്നതെന്ന് അറിയിക്കാമോ; കനാൽ നിർമ്മാണത്തിന്റെ ഭാഗമായി മുൻ നിശ്ചയിച്ച പ്രകാരമുള്ള പ്രവൃത്തികൾക്ക് തടസ്സങ്ങൾ നേരിടുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി അനുമതി ലഭിച്ചിട്ടുള്ള കോട്ടപ്പള്ളി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത പ്രവൃത്തി എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## സർക്കാരിന്റെ ഭരണനേട്ടങ്ങളുടെ പ്രചാരണം

92 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാരിന്റെ ഭരണനേട്ടങ്ങളുടെ പ്രചരണാർത്ഥം ഇതരസംസ്ഥാനങ്ങളിലെ തീയേറ്ററുകളിൽ ഇതു സംബന്ധിച്ച വീഡിയോ പരസ്യം നൽകുന്നതിനായി തീരുമാനമെടുത്തിരുന്നോ; എങ്കിൽ ഇത്തരത്തിൽ ഒരു നിർദ്ദേശം ഉരുത്തിരിഞ്ഞത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നും ഇതിനായി വരുന്ന പ്രതീക്ഷിത ചെലവെത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള വീഡിയോ പരസ്യനിർമ്മാണത്തിന് ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഇതിനായി മുന്നോട്ടു വന്നിട്ടുള്ളതെന്നും ഏത് ഏജൻസിക്കാണ് കരാർ നൽകിയതെന്നും അറിയിക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ ഭരണനേട്ടങ്ങളുടെ പ്രചാരങ്ങൾക്കായി നാളിതു വരെ എത്ര തുക ചെലവഴിച്ചുവെന്ന വിശദാംശങ്ങൾ ഇനം തിരിച്ച് നൽകാമോ?

## മഞ്ചേശ്വരം ഹൊസങ്കടിയിൽ സ്ഥാപിക്കുന്ന റെസ്റ്റ് സ്റ്റോപ്പ് പദ്ധതി

93 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് കേരളൈറ്റ്സ് ഇൻവസ്റ്റ്മെൻറ് ആൻറ് ഹോൾഡിങ്ങ് കമ്പനിയെ നിർമ്മാണ പരിപാലന ചുമതല ഏൽപിച്ച് മഞ്ചേശ്വരം ഹൊസങ്കടിയിൽ സ്ഥാപിക്കുന്ന റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ നിർവഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ രീതി, ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സർക്കാർ ഭൂമിയാണ് ഉപയോഗപ്പെടുത്തുന്നത് എന്നും ഭൂമി കൈമാറ്റം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ?

## പ്രവാസി സംഗമം

94 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി സംഗമങ്ങൾ ഓൺലൈനായി നടത്തുന്നതിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## നോർക്ക മുഖാന്തരം നടത്തുന്ന പ്രവർത്തനങ്ങൾ

95 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക മുഖാന്തരം അഭ്യസ്തവിദ്യരായ എത്ര തൊഴിൽരഹിതർക്കാണ് വിദേശത്ത് ജോലി ലഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാം തസ്തികകളിലാണെന്നും ഏതെല്ലാം രാജ്യങ്ങളിലാണെന്നും വിശദമാക്കാമോ;

(ബി) നോർക്ക മുഖാന്തരം നടത്തുന്ന മറ്റ് പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## എ.ഡി.ജി.പി.ക്കെതിരായ ആരോപണങ്ങൾ

96 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.ക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ച് ഭരണകക്ഷി എം.എൽ.എ. മുഖ്യമന്ത്രിക്ക് നൽകിയ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഭരണാധികാരികളുടേയും പോലീസ് ഉദ്യോഗസ്ഥരുടേയും ഫോൺ ചോർത്തിയെന്ന ഭരണകക്ഷി എം.എൽ.എയുടെ വെളിപ്പെടുത്തലിനെ തുടർന്ന് ഗവർണ്ണർ സർക്കാരിനോട് റിപ്പോർട്ട് തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് വിശദീകരണം ആവശ്യപ്പെട്ടത്;

(സി) പ്രസ്തുത വിഷയത്തിൽ സർക്കാർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട പോലീസ് കേസുകൾ

97 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2017 മുതൽ നാളിതുവരെ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട പോലീസ് കേസുകളുടെ എണ്ണവും ഓരോ പോലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്ത

കേസുകളുടെ എണ്ണവും എത്രയെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് ടാർഗറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കേസുകളിലെ വർദ്ധനവിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) അനാവശ്യമായി കേസുകൾ രജിസ്റ്റർ ചെയ്ത് മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണം പെരുപ്പിച്ച് കാണിക്കുന്നതിന് ശ്രമം നടക്കുന്നുണ്ടെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ പോലീസിന്റെ വീഴ്ചക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

## പോലീസിലെ ഡാൻസാഫ് വിഭാഗത്തിന്റെ പ്രവർത്തനം

98 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പോലീസ് സൂപ്രണ്ടിന്റെ കീഴിൽ 'ഡാൻസാഫ്' എന്ന പേരിൽ പ്രത്യേക പോലീസ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തെ നിയോഗിക്കുന്നതിന് സർക്കാർ ഉത്തരവ് ആവശ്യമാണോ; എങ്കിൽ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിന്റെ ജോലി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഡാൻസാഫിന്റെ പ്രവർത്തനത്തെപ്പറ്റി പ്രത്യേക പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## തീവ്രവാദ പ്രസ്ഥാനത്തിലേക്ക് റിക്രൂട്ട് ചെയ്യുന്നതായ ആരോപണം

99 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. എസ്. ഐ. എസ്. പോലുള്ള തീവ്രവാദ സംഘടനയിലേക്ക് റിക്രൂട്ട് നടത്തുന്നു എന്ന ആരോപണത്തിന് എന്തെങ്കിലും തെളിവോ സ്ഥിരീകരണമോ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം ആഭ്യന്തര വകുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട കേസുകൾ

100 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്നിട്ടുള്ള പ്രക്ഷോഭങ്ങളിലും പ്രതിഷേധങ്ങളിലും എടുത്തിട്ടുള്ള കേസുകളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കേസുകളിൽ പിൻവലിക്കാത്തവ എത്രയാണെന്നും അതിന് കാരണവും വിശദമാക്കാമോ;

(സി) പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ കോടതി നടപടിആരംഭിച്ചുവെന്നും ശിക്ഷിക്കപ്പെട്ടവർ എത്രയാണ്എന്നും അറിയിക്കാമോ?

**മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രിമിനൽ കേസുകൾ**

101 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2024 വരെ മലപ്പുറം ജില്ലയിൽ നിന്ന് രജിസ്റ്റർ ചെയ്യപ്പെട്ട ക്രിമിനൽ കേസുകളിൽ നൽകിയിട്ടുളള എഫ്.ഐ.ആർ. എത്രയെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 2016 മുതൽ 2024 വരെ മലപ്പുറം ജില്ലയിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസുകളിൽ ഒരേ കേസിൽ തന്നെ വ്യത്യസ്ത എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം എത്രയെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) 2016 മുതൽ 2024 വരെ മലപ്പുറം ജില്ലയിൽ നിന്ന് രജിസ്റ്റർ ചെയ്യപ്പെട്ട ക്രിമിനൽ കേസുകളിൽ കോടതി പ്രതികളെ വെറുതെ വിടുകയും റദ്ദാക്കുകയും ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം എത്രയെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട് പുരസ്കാരം**

102 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച അന്വേഷണം**

103 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ തലപ്പത്ത് ക്രിമിനലുകളും കൊലപാതകികളും ഉണ്ടെന്ന് ഭരണകക്ഷിയിൽപ്പെട്ട നിയമസഭാംഗം പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തുമോ;

(ബി) ഇത്തരം വ്യക്തികൾ സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട ആളുകളെ കൊല ചെയ്തിട്ടുണ്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) കളളക്കടത്ത് സ്വർണ്ണം പോലീസ് ഉദ്യോഗസ്ഥർ തട്ടിയെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പോലീസ് സേനയിലുള്ളതായി പറയപ്പെടുന്ന ക്രിമിനൽ സംഘങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

## സ്വർണ്ണക്കടത്തു കേസുകൾ

104 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് 2016 മെയ് മുതൽ 2024 സെപ്റ്റംബർ വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ പ്രതിവർഷം എത്രയാണ് എന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 മെയ് മുതൽ 2024 സെപ്റ്റംബർ വരെ സംസ്ഥാനത്ത് പോലീസ് പിടികൂടിയിട്ടുള്ള അനധികൃത സ്വർണ്ണത്തിന്റെ അളവ് എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പിടികൂടിയിട്ടുള്ള സ്വർണ്ണത്തിൽ നിന്ന് ഉടമസ്ഥർക്ക് വിട്ടു നൽകിയ സ്വർണ്ണത്തിന്റെ അളവ് എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പോലീസ് പിടികൂടിയിട്ടുള്ള സ്വർണത്തിൽ നിന്ന് സർക്കാർ കണ്ടുകെട്ടിയ സ്വർണ്ണത്തിന്റെ അളവ് എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പോലീസ് പിടികൂടിയിട്ടുള്ള സ്വർണത്തിൽ നിന്ന് കോടതി ഇടപെടലിലൂടെ ഉടമസ്ഥർക്ക് സ്വർണ്ണം വിട്ടു നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ അളവും വിട്ടു നൽകാൻ കോടതി നിർദ്ദേശിച്ചതിനുള്ള കാരണവും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ തെളിവില്ലാത്തതിനാൽ ഉപേക്ഷിച്ചവയുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ജി) 2016 മെയ് മുതൽ 2024 സെപ്റ്റംബർ വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്വർണ്ണക്കടത്ത് കേസുകളിൽ പോലീസ് സേനയിൽ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ പ്രതിചേർക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## പോലീസ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ

105 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 കാലയളവിൽ പോലീസിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ടവരുടെ എണ്ണം, പേര് വിവരം എന്നിവ ഉൾപ്പെടുന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) അട്ടപ്പാടി അഗളിയിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരു ഡി.വൈ.എസ്.പി.യെയും എസ്.ഐ.യെയും സസ്പെൻഡ് ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ബാലരാമപുരം പോലീസ് സ്റ്റേഷന് കെട്ടിടം

106 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാലരാമപുരം പോലീസ്സ്റ്റേഷന് സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന ബാലരാമപുരം സ്റ്റേഷനിലെ പോലീസ് ഔട്ട് പോസ്റ്റിനോട് ചേർന്നുള്ള സർക്കാർ സ്കൂളിന്റെ കുറച്ച് സ്ഥലം കൂടി ഏറ്റെടുത്ത് ബാലരാമപുരം ജംഗ്ഷനിൽ തന്നെ പോലീസ്സ്റ്റേഷനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ നിയമനം

107 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ പോലീസ് ഓഫീസർ തസ്തികയിലുള്ള ഒഴിവുകളുടെ എണ്ണം ബറ്റാലിയൻ തിരിച്ച് നൽകാമോ; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ബറ്റാലിയൻ തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിൽ ഓരോ മാസത്തേതും ബറ്റാലിയൻ അടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാമോ;

(സി) 2024 ഏപ്രിൽ 15 ന് നിലവിൽ വന്നതും ഒരു വർഷം മാത്രം കാലാവധിയുള്ളതുമായ ലിസ്റ്റിൽ നിന്നും നിലവിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; നിയമനം നടത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പോലീസ് സേനയിലെ അംഗബലം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) റിട്ടയർമെന്റ്, പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ, ക്യാമ്പ് ഡ്രോപ്പ് ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും, ടെമ്പററി ട്രെയിനിംഗ് പർപ്പസിന് അധിക തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ പോലീസ് കേസുകളുടെ എണ്ണം

108 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ൽ മുൻ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ മലപ്പുറം ജില്ലയിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർഷം തിരിച്ച് നൽകുമോ;

(ബി) ഓരോ വർഷവും ജില്ലയിലെ കേസുകളുടെ എണ്ണവും സംസ്ഥാന ശരാശരിയും എത്രയാണെന്നും ജില്ലയിലെ കേസുകളുടെ എണ്ണം സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണോയെന്നും വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് വകുപ്പ്തലത്തിൽ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഫോൺ സംഭാഷണം ചോർത്തുന്നതായ പരാതി

109 **ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഫോൺ സംഭാഷണങ്ങൾ പോലീസ് ഉദ്യോഗസ്ഥർ ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവർണർ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പോലീസ് അല്ലാതെ ഏതെങ്കിലും വ്യക്തികൾ ഫോൺ ചോർത്തൽ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഫോൺ ചോർത്തലിൽ കുറ്റക്കാരായവർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. സുജിത് ദാസിനെതിരെ ഉയർന്ന ആരോപണങ്ങളും പരാതികളും

110 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. സുജിത് ദാസിനെതിരെ ഉയർന്ന് വന്ന ആരോപണങ്ങളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങളും ഇതിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ ചുമതല വഹിച്ച കാലഘട്ടത്തിൽ അന്വേഷിച്ച വിവിധ കേസുകളിൽ ഒരു പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കരിപ്പൂർ വിമാനത്താവളത്തിന് പുറത്ത് സ്വർണ്ണ ഉരുപ്പടികൾ പോലീസ് പിടിച്ചെടുത്ത കേസുകളിൽ പിടിച്ചെടുത്ത സ്വർണ്ണത്തിന്റെ അളവുകൾ ശരിയാണ് എന്ന് ഉറപ്പ് വരുത്തുന്നതിന് എല്ലാ കേസുകളും പുനഃപരിശോധനക്ക് വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## എ.ഡി.ജി.പി. ക്കെതിരെ അന്വേഷണം

111 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി, ആർ.എസ്.എസ്. പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തിയത് ഔദ്യോഗിക ആവശ്യങ്ങൾക്ക് വേണ്ടിയാണോയെന്നും ഏതെങ്കിലും ഔദ്യോഗിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണോ എന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ കൂടിക്കാഴ്ചയ്ക്ക് ഡി.ജി.പി. യുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കൂടിക്കാഴ്ച നടത്തിയ സംഭവത്തിൽ വകുപ്പുതല നടപടികൾ സ്വീകരിക്കുകയോ വകുപ്പുതല അന്വേഷണങ്ങൾ നടത്തുകയോ ചെയ്തിട്ടുണ്ടോ;

(സി) ഈ കൂടിക്കാഴ്ച നടത്തിയതിൽ ഏതെങ്കിലും സർവീസ് ചട്ടങ്ങളുടെ ലംഘനം ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് എ.ഡി.ജി.പി. യോട് വിശദീകരണം ആവശ്യപ്പെടുകയുണ്ടായോ; കൂടിക്കാഴ്ചയുടെ വിശദാംശങ്ങൾ സംബന്ധിച്ച് എ.ഡി.ജി.പി. സർക്കാരിന് വിശദീകരണം നൽകിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) കൂടിക്കാഴ്ച നടത്തിയത് സംബന്ധിച്ച് ഏതൊക്കെ ചട്ടങ്ങൾ പ്രകാരമാണ് അന്വേഷണം പ്രഖ്യാപിച്ചിട്ടുള്ളതെന്നും ഏതൊക്കെ വിഷയങ്ങളാണ് അന്വേഷണ പരിധിയിൽ വരുന്നതെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

## പയ്യന്നൂർ പോലീസ് മൈതാനം നവീകരണം

112 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ പോലീസ് മൈതാനം നവീകരണം പദ്ധതിക്ക് 1 കോടി അടങ്കൽ തുകയുടെ 20% നീക്കി വച്ചിട്ടുണ്ട്. (വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 11 സീരിയൽ നമ്പർ 332) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത്‌വരെ ആയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആർക്കിടെക്ച്ചറൽ ഡ്രോയിംങ് കേരള പൊതുമരാമത്ത് വിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## പോലീസിന്റെ പ്രവർത്തനങ്ങളിൽ വർഗീയശക്തികളുടെ ഇടപെടൽ

113 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ജി.പി.യും ആർ. എസ്സ്. എസ്സ്. നേതാക്കളും കൂടിക്കാഴ്ച നടത്തിയതായുള്ള ആരോപണത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സംഘടന ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന രീതിയിൽ ഇടപെടുന്നതായി ആരോപണം ഉയർന്നിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) സംസ്ഥാന പോലീസിന്റെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും വർഗീയശക്തികളുടെ ഇടപെടൽ ഉള്ളതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇത്തരം ആപൽക്കരമായ പ്രവണതകളെ തടയുന്നതിന് എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## തൃശ്ശൂർപൂരം അലങ്കോലമായ സംഭവത്തിലെ അന്വേഷണ റിപ്പോർട്ട്

114 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**

**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർപൂരം അലങ്കോലമായ സംഭവത്തിന്മേലുള്ള അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗൂഢാലോചനയോ ബാഹ്യഇടപെടലോ ഉണ്ടായിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൂരം നടത്തിപ്പിൽ പോലീസിന് വീഴ്ച ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത സംഭവത്തിൽ ഗൂഢാലോചനയുണ്ടെന്ന ആരോപണത്തിൽ നിഷ്പക്ഷമായ അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കാമോ;?

## <u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എയ്ഡ് പോസ്റ്റിൽ അധിക പോലീസിനെ നിയമിക്കുന്ന നടപടി</u>

115 **ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള പോലീസ് എയ്ഡ് പോസ്റ്റിൽ ഇരുപത്തിനാല് മണിക്കൂറും ഡ്യൂട്ടിയ്ക്ക് പോലീസിനെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ദിനംപ്രതി നാലായിരത്തിലധികം പേർ വന്നു പോകുന്ന ആശുപത്രിയിൽ സുരക്ഷാക്രമീകരണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി അധിക പോലീസിനെ ഇരുപത്തിനാല് മണിക്കൂറും നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>തൃശ്ശൂർപൂരം അലങ്കോലമാക്കിയെന്ന ആരോപണത്തിൽ അന്വേഷണം</u>

116 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പൂരം അലങ്കോലമാക്കിയെന്ന ആരോപണത്തെക്കുറിച്ചും വെടിക്കെട്ട് വൈകിയതിനെക്കുറിച്ചും അന്വേഷണം നടത്തിയിരുന്നോ; വിശദമാക്കുമോ;

(ബി) അന്വേഷണ റിപ്പോർട്ട് പുറത്തുവിട്ടിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അത് എന്നത്തേക്ക് പുറത്തു വിടുമെന്ന് അറിയിക്കുമോ;

(സി) കുറ്റക്കാരായവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>എ.ഡി.ജി.പി. - പ്രമുഖ സംഘടന നേതാക്കളുമായുള്ള കൂടിക്കാഴ്ച</u>

117 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി., ആർ. എസ്സ്. എസ്സ്. നേതാക്കളുമായി തുടർച്ചയായി കൂടിക്കാഴ്ച നടത്തിയതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2023 മെയ് മാസത്തിൽ പ്രസ്തുത സംഘടനയുടെ ജനറൽ സെക്രട്ടറിയുമായി കൂടിക്കാഴ്ച നടന്നതായി സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട് മുഖ്യമന്ത്രിക്ക് ലഭിച്ചിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കൂടിക്കാഴ്ച സംബന്ധിച്ച് എ.ഡി.ജി.പി.യോട് വിശദീകരണം തേടിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## സ്വർണ്ണ കള്ളക്കടത്ത് കേസുകൾ പുനരന്വേഷിക്കാൻ നടപടി

118 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുജിത് ദാസ് മലപ്പുറം എസ്. പി. ആയിരിക്കെ പിടികൂടിയ സ്വർണ്ണ കള്ളക്കടത്ത് കേസുകൾ പുനരന്വേഷിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പിടികൂടിയ സ്വർണ്ണ കള്ളക്കടത്ത് കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) കസ്റ്റംസുകാർ സ്വർണ്ണ കള്ളക്കടത്ത് കണ്ടെത്തിയാലും പിടിച്ചെടുക്കാതെ രഹസ്യമായി പോലീസിന് വിവരം കൈമാറിയിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇപ്രകാരം പിടിച്ചെടുക്കുന്ന സ്വർണ്ണം ഉന്നത ഉദ്യോഗസ്ഥർ വീതിച്ചെടുക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി അറിയിക്കുമോ?

## തൃശ്ശൂർപൂരം തടസ്സപ്പെട്ട സംഭവം

119 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ അനാവശ്യ ഇടപെടലുകൾ മൂലം തൃശ്ശൂർപൂരം തടസ്സപ്പെട്ടു എന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഉത്തരവിട്ടിരുന്നോ; എങ്കിൽ എത്ര ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്; ആരെയാണ് അന്വേഷണത്തിന് ചുമതലപ്പെടുത്തിയത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) തൃശ്ശൂർ ലോക്സഭാ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്ന രീതിയിൽ പൂരം അലങ്കോലമാക്കി, മതവികാരം വ്രണപ്പെടുത്തുവാൻ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.യുടെ നിർദ്ദേശപ്രകാരം പോലീസ് ഇടപെടൽ നടത്തിയതായുള്ള ആരോപണങ്ങളെ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## എ.ഡി.ജി.പി.ക്കെതിരായുള്ള ആരോപണങ്ങളിന്മേലുള്ള അന്വേഷണം

120 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.ക്കെതിരായി ഭരണകക്ഷി എം.എൽ.എ. ഗുരുതര ആരോപണങ്ങൾ ഉന്നയിച്ച് കൊണ്ട് മുഖ്യമന്ത്രിക്ക് പരാതി നൽകിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതിയുടെ വിശദാംശവും അതിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും ലഭ്യമാക്കുമോ;

(സി) ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.യെ തൽസ്ഥാനത്തുനിന്നും മാറ്റി നിർത്തി പ്രസ്തുത ആരോപണങ്ങളിൽ നിഷ്പക്ഷമായ അന്വേഷണം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിക്കെതിരെ ആരോപണം

121 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണകക്ഷി എംഎൽഎ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിക്കെതിരെ ഗുരുതര ആരോപണങ്ങൾ ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആരോപണങ്ങളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആരോപണങ്ങളിന്മേൽ അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ ആരോപണങ്ങൾ വസ്തുതാപരമല്ലെങ്കിൽ ആരോപണമുന്നയിച്ച വ്യക്തിക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## തൃശ്ശൂർപൂരം പോലീസ് തടസ്സപ്പെടുത്തിയെന്ന ആരോപണം

122 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഇടപെടലിനെത്തുടർന്ന് തൃശ്ശൂർ പൂരം തടസ്സപ്പെട്ടതായുള്ള ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കണ്ടെത്തലുകളെക്കുറിച്ച് സർക്കാർ ആഭ്യന്തര വകുപ്പ് സെക്രട്ടറിയിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ആഭ്യന്തര വകുപ്പ് സെക്രട്ടറി നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) തൃശ്ശൂർ പൂരം തടസ്സപ്പെടുത്തുന്നതിന് ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.യും ആർ. എസ്സ്. എസ്സും ഗൂഢാലോചന നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്മേൽ എന്തു തുടർനടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ഡി) ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണോ തൃശ്ശൂർ പൂരത്തിന്റെ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും ഇത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും വിശദാംശം ലഭ്യമാക്കുമോ?

## <u>നിയമലംഘനംകൊണ്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളിന്മേലുള്ള നടപടി</u>

123 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ട്രാഫിക് നിയമങ്ങൾ ലംഘിക്കുമ്പോഴാണ് വാഹനങ്ങൾ പിടിച്ചെടുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യുന്നത് ; വിശദമാക്കാമോ;

(ബി) ട്രാഫിക് നിയമലംഘനങ്ങൾക്കല്ലാതെ മറ്റേതെല്ലാം കുറ്റങ്ങൾക്ക് വാഹനങ്ങൾ പിടിച്ചെടുക്കപ്പെടുകയും കണ്ടുകെട്ടുകയും ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) പിടിച്ചെടുക്കപ്പെടുകയും കണ്ടുകെട്ടുകയും ചെയ്യുന്ന വാഹനങ്ങൾ സുരക്ഷിതവും കേടുപാടുകൾ സംഭവിക്കാൻ സാധ്യതയില്ലാത്തതുമാണെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ഉത്തരവാദപ്പെട്ടവർ ആരാണെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിൽ പോലീസ് പിടിച്ചെടുത്ത എത്ര വാഹനങ്ങൾ ഒഴിവാക്കപ്പെടാതെ കെട്ടിക്കിടക്കുന്നുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; എത്രകാലം മുമ്പാണ് ഈ വാഹനങ്ങൾ പിടിച്ചെടുത്തിട്ടുള്ളതെന്നും നിയമലംഘനങ്ങൾ ഏത് തരത്തിലുള്ളതാണെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ഈ വാഹനങ്ങളുടെ സാമ്പത്തിക മൂല്യം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; നീണ്ടകാലം കെട്ടിക്കിടക്കുന്നത് ഈ വാഹനങ്ങളുടെ നിലവാരത്തെയും

പുനർവിൽപ്പനയെയും ബാധിക്കില്ലേയെന്ന് വ്യക്തമാക്കാമോ; ഇത്തരം വാഹനങ്ങൾ പെട്ടെന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## പ്ലാമൂട്ട്ക്കടയിൽ പുതിയ പോലീസ് സ്റ്റേഷൻ

124 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ പ്ലാമൂട്ട്ക്കടയിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## പോലീസ് സേനയിലെ ആത്മഹത്യകളെക്കുറിച്ചുള്ള പഠനം

125 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് സേനയിൽ ആത്മഹത്യകൾ വർദ്ധിച്ചുവരുന്നതിനെ കുറിച്ച് പഠനം നടത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ ഈ പഠനം നടത്തുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരം, യോഗ്യത, ഗവേഷണ പരിചയം എന്നിവ ലഭ്യമാക്കുമോ;

(സി) ഈ പഠനത്തിന്റെ പഠനപുരോഗതിയും ശാസ്ത്രീയ വശവും വിശദമാക്കുമോ?

## ശിക്ഷാ നടപടികൾക്ക് വിധേയരായ ശേഷം പോലീസ് അക്കാദമിയിൽ ജോലി നോക്കുന്നവർ

126 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾക്ക് ശേഷം സർവ്വീസിൽ തിരികെ പ്രവേശിച്ച എത്ര പേർ പോലീസ് അക്കാദമിയിൽ പ്രവൃത്തിയെടുക്കുന്നുണ്ട്; എങ്കിൽ ഈ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ അറിയിക്കാമോ;

(ബി) കേരള പോലീസ് അക്കാദമിയുടെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ എത്ര പേർ ജോലി നോക്കുന്നുവെന്നും ഇവരുടെ നിയന്ത്രണം ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കാണെന്നുമുള്ള വിവരങ്ങൾ പേര് സഹിതം വിശദമാക്കുമോ;

(സി) കേരള പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ സാമ്പത്തിക ക്രമക്കേട് റിപ്പോർട്ട് ചെയ്യുന്നതിനാൽ മൂന്ന് വർഷത്തിലൊരിക്കൽ മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസ് സ്റ്റാഫുകളെ മാറ്റി നിയമിക്കാറുണ്ടോ; മൂന്ന് വർഷത്തിലധികം പ്രസ്തുത ഓഫീസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വിശദമാക്കുമോ;

(ഡി) കേരള പോലീസിൽ, സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ, ശിക്ഷാ നടപടികൾ നേരിട്ട്, തിരികെ സർവീസിൽ വന്ന ലോക്കൽ പോലീസ് ഐ.ഒ.പി. റാങ്കിലെ ഉദ്യോഗസ്ഥനെ, മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ നിയമിച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ?

## പോലീസ് സർവ്വീസിൽ ഇരിക്കെ ജീവനൊടുക്കിയവർ

127 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കേരള പോലീസിൽ സർവ്വീസിൽ ഇരിക്കെ സ്വയം ജീവനൊടുക്കിയ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ കേരള പോലീസിൽ സർവ്വീസിൽ ഇരിക്കെ സ്വയം ജീവനൊടുക്കിയ പോലീസ് ഉദ്യോഗസ്ഥരുടെ പേര് വിവരവും അവർ ആത്മഹത്യ ചെയ്യതിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ;

(സി) 2016 മുതൽ നാളിതുവരെ കേരള പോലീസിൽ സർവ്വീസിൽ ഇരിക്കെ സ്വയം ജീവനൊടുക്കിയ പോലീസ് ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് നൽകിയിട്ടുള്ള സർക്കാർ സഹായവും മറ്റ് പിന്തുണയും എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## മൊബൈൽ ഫോൺ/ഇന്റർനെറ്റ് എന്നിവയുടെ സ്വാധീനം മൂലമുള്ള കുറ്റകൃത്യങ്ങൾ

128 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ/ഇന്റർനെറ്റ് എന്നിവയുടെ ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഉപയോഗം മൂലം ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങി മറ്റ് നിയമ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിലേർപ്പെട്ട എത്ര കുട്ടികളെ കുറ്റക്കാരായി കണ്ടെത്തി പോലീസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഗുരുതരമായ ഡിജിറ്റൽ അടിമത്തത്തിന് വിധേയരായ കുട്ടികളെ രക്ഷിക്കാൻ ഇക്കാലയളവിൽ എത്ര ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ സംസ്ഥാനത്ത് തുടങ്ങേണ്ടി വന്നുവെന്നും അത് എവിടെയെല്ലാമാണെന്നും അറിയിക്കാമോ; നാളിതുവരെ എത്ര കുട്ടികളെ ചികിത്സിച്ച് രക്ഷപ്പെടുത്തിയെന്നും നിലവിൽ എത്ര കുട്ടികൾക്ക് ചികിത്സ നൽകി വരുന്നുവെന്നും വിശദമാക്കുമോ?

## സംസ്ഥാനത്തെ പോലീസ് നിയമനവും ക്രമസമാധാന പാലനത്തിലെ നേട്ടങ്ങളും

129 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ 2024 ആഗസ്റ്റ് വരെ കേരള പോലീസിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു; എത്രപേർക്ക് നിയമനം നൽകി; വ്യക്തമാക്കാമോ;

(ബി) 2016 മെയ് മുതൽ കേരളത്തിൽ പുതുതായി എത്ര പോലീസ് സ്റ്റേഷൻ ആരംഭിച്ചു; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ക്രമസമാധാന പാലനത്തിന് ദേശീയ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## പോലീസ് സേനയിലെ അച്ചടക്കനടപടി

130 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്. ഭരണകാലത്ത് സംസ്ഥാന പോലീസ് സേനയിലെ ആർക്കെല്ലാം എതിരെ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ഓരോന്നിന്റെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) 2016 മുതൽ ഇതേ വരെ പോലീസ് സേനയിൽ ഏതൊക്കെ ഓഫീസർമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കോട്ടക്കൽ പോലീസ് സ്റ്റേഷൻ നിർമ്മാണം

131 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ; അതിനു സർക്കാർ അനുമതി നൽകിയിരുന്നോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ തുക കണ്ടെത്തുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന സുജിത് ദാസിന്റെ നേതൃത്വത്തിൽ പിരിവ് നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണം

132 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ ഒരു വിഭാഗം പോലീസ് ഉദ്യോഗസ്ഥർ കള്ളക്കടത്ത് സ്വർണ്ണം തട്ടിയെടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നുവെന്ന ഗുരുതരമായ ആരോപണം ഭരണകക്ഷി എം. എൽ. എ. ഉന്നയിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്നും എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പോലീസിലെ ആന്റി നാർക്കോട്ടിക് സംഘമായ ഡാൻസാഫ് ക്രിമിനൽ സംഘങ്ങളെപോലെ പ്രവർത്തിക്കുന്നതായി ആരോപണമുന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആരോപണം ഉന്നയിച്ചവർക്കെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

## മുഹമ്മദ് ആട്ടൂരിന്റെ തിരോധാനം

133 **ഡോ. എം. കെ. മുനീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടുള്ള റിയൽ എസ്റ്റേറ്റ് ഇടനിലക്കാരനും വ്യവസായിയുമായ മാമി എന്ന മുഹമ്മദ് ആട്ടൂരിനെ 2023 ഓഗസ്റ്റ് 21 മുതൽ കാണാതായ സംഭവത്തിന് സ്വർണ്ണ കള്ളക്കടത്തു സംഘങ്ങളുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് പരാതി ഉണ്ടായിട്ടുണ്ടോയെന്നും ഈ കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

## മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ

134 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനവരി മുതൽ നാളിതുവരെയായി മലപ്പുറം ജില്ലയിൽ എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഇനം, വർഷം എന്നിവ തിരിച്ച് വെളിപ്പെടുത്താമോ;

(ബി) സുജിത്ത് ദാസ് ഐ.പി.എസ്. മലപ്പുറം ജില്ലാ പോലീസ് മേധാവിയായിരിക്കെ എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇനം, വർഷം എന്നിവ തിരിച്ച് വെളിപ്പെടുത്താമോ;

(സി) അദ്ദേഹത്തിന്റെ സേവനകാലത്തിന് മുമ്പും ശേഷവും മലപ്പുറം ജില്ലയിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത വ്യക്തി ജില്ലാ പോലീസ് മേധാവി ആയിരിക്കെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി

135 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ എസ്.പി.സി. അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ഭൂരിഭാഗം വിദ്യാർത്ഥികളും പഠിക്കുന്ന വിദ്യാലയമായ സി.ജെ.എം.എ.എച്ച്.എസ്.എസ്- ൽ എസ്.പി.സി അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിനും ഈ അദ്ധ്യയന വർഷം തന്നെ പ്രസ്തുത സ്കൂളിൽ എസ്.പി.സി. ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ കൂടി എസ്.പി.സി. അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ ?

## സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മോഷണക്കേസുകൾ

136 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനക്കാരായ മോഷ്ടാക്കളുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്ന് വർഷക്കാലത്ത് ഓരോ വർഷവും എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ മോഷ്ടാക്കളെ പിടികൂടിയെന്നും എത്ര കേസ്സുകളിൽ മോഷണമുതൽ കണ്ടെത്താൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ?

**<u>കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി</u>**

137 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം, കള്ളാട് സാറാമ്മ ഏലിയാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണ പുരോഗതി വിശദമാക്കുമോ;

(ബി) അന്വേഷണ തുടർനടപടികൾ വേഗത്തിൽ ആക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കൊടിഞ്ഞി ഫൈസൽ വധക്കേസ്</u>**

138 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടിഞ്ഞി ഫൈസൽ വധക്കേസിൽ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറെ വയ്ക്കുന്നതിന് കുടുംബം അപേക്ഷ നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷയിൽ ആവശ്യപ്പെട്ട വക്കീലിനെ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറായി നിയമിക്കാത്തത് മൂലം നിരവധി തവണ കേസ് മാറ്റി വച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫൈസലിന്റെ കുടുംബം ആവശ്യപ്പെട്ട സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർക്ക് പകരം നിയമിക്കപ്പെട്ട വക്കീലന്മാർ ആരും ചുമതല ഏറ്റെടുത്തിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) കുടുംബം ആവശ്യപ്പെട്ട സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറെ ഉടൻ നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച്</u>**

139 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ നാല് യുവാക്കൾ കേരളത്തിന് പുറത്ത് സാമ്പത്തിക തട്ടിപ്പിനിരയായി മദ്ധ്യപ്രദേശ് പോലീസ് അറസ്റ്റ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സാമ്പത്തിക തട്ടിപ്പിനിരയായവർക്ക് നീതിലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരം തട്ടിപ്പുകളിൽ അകപ്പെടാതെ ശ്രദ്ധിക്കുന്നതിനുള്ള അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുമോ;വിശദമാക്കാമോ?

**ആര്യാട് കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് കുറ്റക്കാരായ പോലീസുകാർക്കെതിരെ നടപടി**

140 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ ആര്യാട് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് ജല അതോറിറ്റി ഓഫീസിൽ എത്തിയ ജനപ്രതിനിധികൾക്കെതിരെ ഉണ്ടായ പോലീസ് നടപടിയിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**സൈബർ തട്ടിപ്പുകൾ തടയാൻ നടപടി**

141 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റാന്വേഷണത്തിന്റെ രൂപത്തിൽ വെർച്വൽ അറസ്റ്റ് ചെയ്യുന്നു എന്ന് വിശ്വസിപ്പിച്ച് ഹൈടെക് സൈബർ കുറ്റവാളി സംഘങ്ങൾ പണം തട്ടുന്നതായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരുമാനം ഇരട്ടിപ്പിക്കൽ, സമ്മാനം ലഭിച്ചതായി തെറ്റിദ്ധരിപ്പിക്കൽ, തൊഴിൽ തട്ടിപ്പ് എന്നിങ്ങനെയുള്ള തട്ടിപ്പുകൾ നടക്കുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വൻ തുക സൈബർ തട്ടിപ്പിലൂടെ നഷ്ടപ്പെടുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സൈബർ സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ**

142 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് സേനയിൽ നിന്നും കുറ്റകൃത്യങ്ങളുടെ പേരിൽ എത്ര പേരെയാണ് ഇതുവരെ പിരിച്ചുവിട്ടിട്ടുള്ളത്; 2016 മുതൽ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

**കാഫിർ സ്ക്രീൻ ഷോട്ടിന്റെ ഉറവിടം കണ്ടെത്താൻ നടപടി**

143 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ടാം ലോക് സഭാ തെരഞ്ഞെടുപ്പിന്റെ തലേ ദിവസം വടകര പാർലമെന്റ് മണ്ഡലത്തിൽ വ്യാപകമായി പ്രചരിച്ച കാഫിർ സ്ക്രീൻ ഷോട്ടിന്റെ ഉറവിടം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ക്രീൻ ഷോട്ട് പ്രചരിപ്പിച്ചവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സ്ക്രീൻ ഷോട്ട് പ്രചരിപ്പിച്ച കേസ് അന്വേഷണത്തിന്റെ പരിധിയിൽ വ്യാജരേഖ ചമയ്ക്കൽ, മതസ്പർദ്ധയുണ്ടാക്കാൻ ശ്രമിക്കൽ എന്നിവ കൂടി ഉൾപ്പെടുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

**<u>പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ മാറ്റി സ്ഥാപിക്കൽ</u>**

144 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തിയായ കെട്ടിടത്തിലേയ്ക്ക് എപ്പോഴാണ് മാറ്റാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അതീവസുരക്ഷ ആവശ്യമുള്ള പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണം നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>**

145 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

**<u>കോഴഞ്ചേരി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

146 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോഴഞ്ചേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയെങ്കിലും തുടർ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

## കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ

147 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തെ കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ ജീർണ്ണിച്ച ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## വൈറ്റില ഹബ്ബ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ

148 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പിന്തുടരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) തൃക്കാക്കര നിയോജകമണ്ഡലത്തിലെ വെണ്ണല, ചളിക്കവട്ടം, പേട്ട, പൂണിത്തുറ, വൈറ്റില എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി വൈറ്റില ഹബ്ബ് ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഇരവിപുരം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം

149 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന് കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) കൊല്ലം ജില്ലയിൽ ആഭ്യന്തരവകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടം പൂർത്തീകരണം

150 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം പോലീസ് സ്റ്റേഷനിൽ നിർമ്മിച്ച കെട്ടിടം പൂർത്തീകരിക്കുന്നതിന് പ്ലാൻ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേലുള്ള ഫയലിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ;

(സി) സാങ്കേതിക പ്രശ്നങ്ങൾ നിലവിലില്ലായെങ്കിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

## ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട്

151 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കപ്പെട്ടത് എന്നാണ്; റിപ്പോർട്ട് സമർപ്പിക്കപ്പെട്ട് നാല് വർഷത്തിലേറെയായിട്ടും റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാതിരുന്നതിന് കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സർക്കാരിന് സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ ആകെ എത്ര പേജുകളാണ് ഉണ്ടായിരുന്നത്; ഇതിൽ എത്ര പേജുകളാണ് സർക്കാർ പുറത്തു വിട്ടത്; മറ്റ് പേജുകൾ പുറത്തുവിടാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) റിപ്പോർട്ട് പ്രകാരം ബലാത്സംഗം, പോക്സോ വിഭാഗങ്ങളിൽപ്പെട്ട കേസുകൾ ആകെ എത്രയെണ്ണമാണ് ഉണ്ടായിരുന്നത്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഹൈക്കോടതി നിർദേശപ്രകാരം റിപ്പോർട്ടിന്റെ പൂർണ്ണരൂപം സർക്കാർ കോടതിക്ക് മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ഭാഗങ്ങളാണ് സർക്കാർ കോടതിയിൽ സമർപ്പിക്കാതെ മാറ്റിവച്ചത്;

(ഇ) റിപ്പോർട്ടിനോടൊപ്പം ജസ്റ്റിസ് ഹേമ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച ഓഡിയോകളും വീഡിയോകളും പെൻഡ്രൈവുകളും ഉൾപ്പെടെയുള്ള തെളിവുകൾ സർക്കാർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറിയിട്ടുണ്ടോ?

## സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം

152 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം അർദ്ധ സൈനിക വിഭാഗങ്ങൾക്ക് പുറമെ കേരള പോലീസ്, ജയിൽ, ഫയർഫോഴ്സ് വകുപ്പുകൾക്ക് ഒരു വർഷം മുൻപ് വരെ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത സംവിധാനം പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നുണ്ടോ;

(സി) നിലവിൽ പ്രസ്തുത സംവിധാനം ജയിൽ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ഏത് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമാണ് ജയിൽ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്ക് പ്രസ്തുത ക്യാന്റീൻ സംവിധാനം നിഷേധിക്കപ്പെട്ടത്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## ഓപ്പറേഷൻ ശുഭയാത്ര പദ്ധതി

153 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശതൊഴിൽ തട്ടിപ്പ് തടയാനായി ആരംഭിച്ച 'ഓപ്പറേഷൻ ശുഭയാത്ര' പദ്ധതിയിലേക്ക് വരുന്ന പരാതികളിന്മേലുള്ള അന്വേഷണ പുരോഗതി വിലയിരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചു; ആയതിൽ എത്ര പരാതികളിന്മേൽ അന്വേഷണം നടത്തി നടപടി പൂർത്തീകരിച്ചു; വിശദമാക്കാമോ?

## സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം

154 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം ജയിൽ, ഫയർഫോഴ്സ് വകുപ്പുകൾക്ക് ലഭ്യമാണോ;

(ബി) പ്രസ്തുത ക്യാന്റീൻ സംവിധാനത്തിൽ കേരള പോലീസിനെ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; ഏത് ഉദ്യോഗസ്ഥനാണ് കേന്ദ്ര സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ജയിൽ, ഫയർഫോഴ്സ് വകുപ്പുകളെ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കാട്ടാക്കട കോടതി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

155 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കോടതി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; മൂന്നാംഘട്ട നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് അനുമതിക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഈരാറ്റുപേട്ടയിൽ അഡീഷണൽ ജില്ലാ കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി

156 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. കേരള ഹൈക്കോടതിയുടെ 20.10.2023-ലെ 7എ (1)29257/15/ഡി11 നമ്പർ ഫയലിലെ തീരുമാനം പ്രകാരം ഈരാറ്റുപേട്ടയിൽ ഒരു അഡീഷണൽ ജില്ലാ കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈരാറ്റുപേട്ട കോർട്ട് സെന്ററിൽ പണി പൂർത്തിയായി കിടക്കുന്ന കോർട്ട് കോംപ്ലക്സിലെ സ്ഥലസൗകര്യം ഉപയോഗിച്ചുകൊണ്ട് പുതിയ അഡിഷണൽ ജില്ലാ കോടതി ഈരാറ്റുപേട്ടയിൽ ആരംഭിക്കുന്നതിനുള്ള ബഹു. കേരള ഹൈക്കോടതി

തീരുമാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മഞ്ചേശ്വരം മുൻസിഫ് കോടതി**

157 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് കോടതി തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

**സിവിൽ ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനവുമായി ബന്ധപ്പെട്ട ചട്ടം**

158 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ, ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനവുമായി ബന്ധപ്പെട്ട് 17/05/2024-ൽ വിജ്ഞാപനമായി പുറത്ത് വന്ന ചട്ട ഭേദഗതി (ഫയൽ നമ്പർ 49/24,50/24) , ചംക്രമണം ചെയ്ത ചട്ടങ്ങളിൽനിന്നും വ്യതിചലിച്ച് ഇറങ്ങിയതിനാൽ ഹൈക്കോടതി പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് റിവൈസ് ചെയ്ത പുതിയ ചട്ടം ഇറക്കാൻ കത്ത് നൽകിയിരുന്നുവോ;എങ്കിൽ നിലവിൽ അതിന്റെ നടപടി ക്രമങ്ങൾ എന്തായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് പുതിയ ചട്ടം ഇറക്കാൻ എത്ര സമയം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ?

**ക്രിമിനൽ കോടതികളിലെ ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റ്**

159 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രിമിനൽ കോടതികളിലെ ജൂനിയർ സൂപ്രണ്ടുമാരുടെ 2018 ലെ സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച്(ഫയൽ 145 /എൽ.ഐ.) ഹൈക്കോടതി സ്പഷ്ടീകരണത്തിനായി കത്ത് നൽകിയിരുന്നതിന്റെ നടപടി ക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകളിലേക്ക് പ്രസ്തുത ഫയൽ അയച്ച് അഭിപ്രായം തേടിയിട്ടുണ്ടെന്നും ഫയൽ ഇപ്പോൾ ഏത് വകുപ്പിന്റെ പരിഗണയിലാണെന്നും അന്തിമ ഉത്തരവ് ഇറക്കുന്നതിന് എത്ര കാലതാമസം വേണ്ടി വരുമെന്നും വ്യക്തമാക്കുമോ?

**പയ്യന്നൂർ കോടതി സമുച്ചയം രണ്ടാംഘട്ടം നിർമ്മാണം**

160 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയം രണ്ടാം ഘട്ട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

## സൈബർ തട്ടിപ്പ്

161 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ രീതിയിലുള്ള സൈബർ തട്ടിപ്പുകൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഓരോ വർഷവും എത്ര പരാതികൾ ലഭ്യമായി; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തി; വിശദാംശം ലഭ്യമാക്കുമോ;

(ബി) സൈബർ ചതികളിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

## അയിരൂർപ്പാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി

162 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ അയിരൂർപ്പാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത കൊലപാതക കേസിന്റെ തുടർനടപടികൾ വേഗത്തിൽ ആക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അരൂർ ഫയർസ്റ്റേഷൻ നിർമ്മാണം

163 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഫയർസ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഫയർസ്റ്റേഷൻ നിർമ്മാണത്തിന് നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് കോസ്റ്റൽ റഗുലേഷൻ സോൺ ക്ലിയറൻസ് ലഭിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കാമോ?

## ഫയർ ആന്റ് റെസ്ക്യൂ വകുപ്പിനെ കാര്യക്ഷമമാക്കാൻ നടപടി

164 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിലെ രക്ഷാപ്രവർത്തനങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള പരിശീലനം നൽകാനും മറ്റ് സജ്ജീകരണങ്ങൾ ക്രമീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

## പരവൂർ അഗ്നിരക്ഷാനിലയത്തിന് പുതിയ കെട്ടിടം

165 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരവൂർ അഗ്നിരക്ഷാനിലയത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) പരവൂർ അഗ്നിരക്ഷാനിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

166 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ തടസ്സങ്ങൾ നീക്കുവാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

## വെള്ളരിക്കുണ്ട് ഫയർ & റെസ്ക്യൂ സ്റ്റേഷൻ

167 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കോങ്ങാട് അഗ്നിരക്ഷാ നിലയത്തിന് ഭരണാനുമതി

168 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

## നരിക്കുനി ഫയർ സ്റ്റേഷൻ

169 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ബഡ്ജറ്റിൽ അനുവദിച്ച പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) നരിക്കുനി ഫയർസ്റ്റേഷന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

170 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ പ്രവർത്തനം വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനായി കണ്ടെത്തിയ കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് ലഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

## കല്ലമ്പലം ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണം

171 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലമ്പലം ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പാലോട് ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

172 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18.02.2021-ലെ ജി.ഒ. (എം.എസ്) നം. 51/2021/ഹോം ഉത്തരവ് പ്രകാരം അനുമതി ലഭിച്ച വാമനപുരം മണ്ഡലത്തിലെ പാലോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) വാമനപുരം ബ്ലോക്ക് പഞ്ചായത്ത് കൈമാറിയ സ്ഥലത്ത് എം.എൽ.എ. ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടം പര്യാപ്തമല്ലെങ്കിൽ താൽക്കാലികമായി വാടക കെട്ടിടത്തിൽ പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പാലോട് ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും തസ്തിക അനുവദിക്കുന്നതിനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## എറണാകുളം ജില്ലയിലെ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

173 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ പൈപ്പ് ലൈൻ ഗ്യാസ് കണക്ഷൻ നൽകിയിട്ടുണ്ടെന്നും

ഓരോ മണ്ഡലങ്ങളിൽ എത്ര വീടുകളിൽ കണക്ഷൻ ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) എറണാകുളം നിയോജകമണ്ഡലത്തിൽ പദ്ധതി എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നും നിലവിൽ എത്ര വീടുകളിൽ കണക്ഷൻ നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ : ഏത് വർഷമാണ് ഈ പദ്ധതി ആരംഭിച്ചത്, പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി എത്ര വർഷമാണ് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഉപഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള മാനദണ്ഡം എന്താണെന്നും കണക്ഷൻ ലഭിക്കേണ്ട ഒരു ഉപഭോക്താവ് എന്തൊക്കെ നടപടിക്രമങ്ങൾ പാലിക്കണമെന്നും വിശദമാക്കാമോ?

## കുട്ടനാട്ടിലെ എൻ. സി. സി ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം

174 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ സ്ഥാപിക്കുന്ന നാഷണൽ എൻ.സി. സി ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിൽ പരാതികൾ ഉള്ള വിഷയങ്ങൾ അടിയന്തിരമായി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## മലിനീകരണ നിയന്ത്രണ ബോർഡിൽ സയന്റിഫിക് അസിസ്റ്റന്റ് ,അസിസ്റ്റന്റ് എൻജിനീയർ തസ്തിക

175 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഐ .എം. ജി. 2013 ൽ നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ എത്ര സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ പുതിയതായി സൃഷ്ടിക്കണമെന്നാണ് ശിപാർശ നൽകിയത്; ഇതിൽ നാളിതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചു ; എത്ര അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികൾ സൃഷ്ടിക്കണമെന്നാണ് ശിപാർശ നൽകിയത്; ഇതിൽ നാളിതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചു വ്യക്തമാക്കുമോ ;

(സി) മലിനീകരണ നിയന്ത്രണ ബോർഡിൽ പ്രധാനപ്പെട്ട ലബോറട്ടറി പരിശോധനകൾ നടത്തേണ്ട സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ഐ.എം.ജി. ശിപാർശ പ്രകാരമുള്ള നിയമനങ്ങൾ നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സയന്റിഫിക് അസിസ്റ്റന്റ് തസ്തിക നിയമനത്തിലെ അഭാവം ലബോറട്ടറി പരിശോധനകൾ കാര്യക്ഷമമാക്കാതെ അഴിമതിക്ക് വഴിയൊരുക്കുന്നതായി പറയപ്പെടുന്നതിനാൽ പ്രസ്തുത തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് സർക്കാർ തയ്യാറാകുമോ ; വിശദാംശം വ്യക്തമാക്കുമോ?

## തീരമേഖല ഇളവുകൾ

176 **ശ്രീ എം നൗഷാദ്**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കേന്ദ്ര തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം തയ്യാറാക്കി സമർപ്പിച്ച പദ്ധതികളിൽ എന്തെല്ലാം ഇളവുകൾ അനുവദിക്കാൻ ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങൾക്കാണ് തീരമേഖലയിൽ ഇത്തരം ഇളവുകൾ നൽകിയിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്; ഇതുമൂലം സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ എന്തൊക്കെ ഇളവുകളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഇളവ് പ്രാബല്യത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ തീരമേഖലയിൽ സിആർഇസഡ് - മൂന്നിന്റെ വ്യവസ്ഥകൾ ബാധകമാകുന്ന തദ്ദേശസ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ആയത് ബാധകമല്ലാത്ത തദ്ദേശസ്ഥാപനങ്ങൾക്കു കൂടി ആവശ്യമായ ഇളവുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സാധ്യമാകുമോ എന്നും അറിയിക്കാമോ?

## തീരദേശ പരിപാലനം

177 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 -ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ അംഗീകാരത്തിനായി കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ആയതിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(ബി) സി .ആർ .ഇസഡ് (കോസ്റ്റൽ റെഗുലേഷൻ സോൺ) മൂന്നിൽ നിന്ന് സി . ആർ. ഇസഡ് രണ്ടിലേക്ക് മാറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ശിപാർശ ചെയ്ത നഗരസ്വഭാവമുള്ള 175 ഗ്രാമപഞ്ചായത്തുകളിൽ കണ്ണൂർ ജില്ലയിൽ നിന്നും ഏതൊക്കെ പഞ്ചായത്തുകളാണ് ഉൾപ്പെട്ടിരിക്കുന്നത്; ഇതിൽ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് കേന്ദ്രത്തിന്റെ അംഗീകാരം ലഭ്യമായിട്ടുള്ളത്;

(സി) നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി യോഗത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ദ്വീപുകളുടെ വികസനരഹിത മേഖലയിലെ ഇളവുകൾ

178 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -ലെ സി.ആർ.ഇസഡ് വിജ്ഞാപനപ്രകാരം ദ്വീപുകളുടെ വികസനരഹിതമേഖല എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2019 -ലെ വിജ്ഞാപനപ്രകാരം ദ്വീപുകളുടെ വികസനരഹിതമേഖലയിൽ ഇളവുകൾ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ദ്വീപുകൾക്ക് ലഭ്യമാക്കുന്ന ഇളവുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാനിന് അംഗീകാരം ലഭിക്കുന്നതോടെ 2011 -ലെയും 2019 -ലെയും വിജ്ഞാപനങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വികസനരഹിത മേഖലകൾക്ക് കൂടുതലായി ലഭിക്കുന്ന ഇളവുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) 2019 -ലെ വിജ്ഞാപനത്തിൽ 66 പഞ്ചായത്തുകളിലെ വികസനരഹിത മേഖലയ്ക്ക് ലഭിക്കുന്ന ഇളവുകൾ തന്നെയാണോ ദ്വീപുകളിലെ പഞ്ചായത്തുകൾക്കും ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) 14.08.2024 -ലെ മന്ത്രിസഭായോഗത്തിൽ ദ്വീപുകളെ സംബന്ധിച്ച് ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വാങ്ങിയശേഷം ദ്വീപുകളുടെ വികസനരഹിതമേഖല 50 മീറ്ററിൽ നിന്നും 20 മീറ്ററായി കുറയ്ക്കാം എന്ന തീരുമാനത്തിലൂടെ ദ്വീപുകളുടെ നിലവിലെ വികസനരഹിത മേഖല 50 മീറ്റർ ആണ് എന്നല്ലേ വ്യക്തമാകുന്നത്;

(എഫ്) അങ്ങനെയെങ്കിൽ ഇളവുകൾ ലഭ്യമാകുന്ന 66 പഞ്ചായത്തുകളുടെ കൂടെ ദ്വീപുകളിലെ പഞ്ചായത്തുകളെ ഉൾപ്പെടുത്തേണ്ട ആവശ്യം ഉണ്ടോ; വിശദമാക്കാമോ?

## ഏകാരോഗ്യം പദ്ധതി

179 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകാരോഗ്യം (വൺ ഹെൽത്ത്) പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആരോഗ്യ മേഖലയിൽ ഇതുവരെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ;

(സി) ഏകാരോഗ്യം പദ്ധതി നടപ്പിലാക്കിയ ജില്ലകളിൽ പകർച്ചവ്യാധികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഏകാരോഗ്യം പദ്ധതി ആരംഭിച്ചിട്ടും സംസ്ഥാനത്ത് കൊതുകുജന്യ രോഗങ്ങളുടെയും ജന്തുജന്യ രോഗങ്ങളുടെയും തീവ്രത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കാരുണ്യ സ്പർശം പദ്ധതി

180 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ചികിത്സയ്ക്കാവശ്യമായി വരുന്ന വൻചെലവ് ഇടത്തരക്കാർക്കും സാധാരണക്കാർക്കും താങ്ങാനാവാത്ത നിലയിൽ ഉയർന്നുകൊണ്ടിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ക്യാൻസർ ചികിത്സയ്ക്കുള്ള അവശ്യ മരുന്നുകൾ താങ്ങാനാവുന്ന വിലയ്ക്ക് ലഭ്യമാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി വിലയേറിയ ക്യാൻസർ മരുന്നുകൾ കാരുണ്യ ഫാർമസി വഴി നൽകാനുള്ള കാരുണ്യ സ്പർശം പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർണമായും പ്രയോജനപ്പെടുത്തുന്നതിനായി കൂടുതൽ ഇടങ്ങളിൽ ക്യാൻസർ മരുന്നുകൾ എത്തിച്ച് വിതരണം ചെയ്യാൻ സംവിധാനമൊരുക്കുമോയെന്ന് വിശദമാക്കുമോ;

(ഡി) കാരുണ്യ സ്പർശം പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>ആരോഗ്യ വകുപ്പിലെ വിവിധ പദ്ധതികൾ</u>

181 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ തുടങ്ങിവച്ച ഏതെല്ലാം പദ്ധതികളാണ് നിലവിലെ സർക്കാർ വന്നശേഷം ആരോഗ്യവകുപ്പിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) നിലവിലെ സർക്കാർ വന്നശേഷം ആരോഗ്യ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

## <u>കാസ്പ് പദ്ധതി മുഖേനയുള്ള ചികിത്സാ സഹായം</u>

182 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഇതുവരെ വിവിധ ആശുപത്രികളിൽ 'കാസ്പ്' പദ്ധതിയുടെ ഗുണഭോക്താക്കൾക്കായി എത്ര രൂപയുടെ ചികിത്സാ സഹായമാണ് അനുവദിച്ചിട്ടുള്ളതെന്ന് തുക, വർഷം, രോഗികളുടെ എണ്ണം എന്നിവയുടെ സർക്കാർ സ്വകാര്യ ആശുപത്രി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിലെ ഓരോ ആശുപത്രിയിലും ഈ പദ്ധതി മുഖേന ലഭ്യമാക്കിയ സഹായത്തിന്റെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) ചില സ്വകാര്യ ആശുപത്രികളിൽ ഗുണഭോക്താക്കൾക്ക് കാസ്പ് പദ്ധതി മുഖേന ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ എൻ.എച്ച്.എം. ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ

183 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2016 സാമ്പത്തിക വർഷം മുതൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ആരോഗ്യ വകുപ്പിന് കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളും ലഭ്യമാക്കിയ സൗകര്യങ്ങളും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## ആർദ്രം മിഷൻ IIന്റെ വാർഷിക ആരോഗ്യ പരിശോധന

184 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ II-ന്റെ ഭാഗമായി 30 വയസ്സ് കഴിഞ്ഞ വ്യക്തികളുടെ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്ന വാർഷിക ആരോഗ്യ പരിശോധനയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂർ സൗജന്യ ചികിത്സ നൽകുന്നതിനുള്ള പദ്ധതി നിലവിലെ ആരോഗ്യ ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## ആർദ്രം മിഷൻ രണ്ടാം ഘട്ടം

185 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത വിവര ശേഖരണത്തിനായി ഏത് വിഭാഗം ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

186 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും

വിശദമാക്കാമോ;

(സി) കുന്നത്തുനാട് മണ്ഡലത്തിൽ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്ന പി.എച്ച്.സികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) അപ്ഗ്രേഡ് ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## സർക്കാർ ആശുപത്രികളിലെ ഇൻസുലിൻ ക്ഷാമം

187 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ചില പ്രത്യേക മരുന്നുകൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ടൈപ്പ് 1 പ്രമേഹബാധിതരായ കൗമാരക്കാർക്ക് സൗജന്യമായി നൽകുന്ന ഇൻസുലിന് പല ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികൾക്ക് മുടക്കം കൂടാതെ ഇൻസുലിൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളും അവശ്യ മരുന്നുകളുടെ ലഭ്യതയും

188 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും അവശ്യമരുന്നുകളുടെ ക്ഷാമവും കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ലിഫ്റ്റ് പ്രവർത്തിക്കാത്തതിനാൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ രോഗികളെ മുളങ്കമ്പിൽ കെട്ടിയ തുണിയിൽ കിടത്തി കൊണ്ടു പോകേണ്ടി വന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രമേഹ രോഗത്തിനുള്ള ഇൻസുലിൻ മരുന്ന് ഉൾപ്പെടെ പല മരുന്നുകൾക്കും സർക്കാർ ആശുപത്രികളിൽ ക്ഷാമം അനുഭവപ്പെടുന്നതായുള്ള വാർത്തകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് സെന്റർ

189 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ കാരുണ്യ ഡയാലിസിസ് സെന്ററിൽ പി.എസ്.സി വഴി നിയമിതരായ എത്ര ജീവനക്കാർ ഉണ്ടെന്നും ഏതെല്ലാം തസ്തികകളിലാണ് നിയമനം നടന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) കാരുണ്യ ഡയാലിസിസ് സെന്ററിൽ നഴ്സിംഗ് സ്റ്റാഫ്, ഡയാലിസിസ് ടെക്നീഷ്യൻ, നെഫ്രോളജിസ്റ്റ് എന്നിവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മുണ്ടക്കയം കുടുംബാരോഗ്യ കേന്ദ്രത്തിലെ കിടത്തി ചികിത്സ

190 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയത്ത് പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

## കൂരാച്ചുണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

191 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രവർത്തിക്കുന്ന ഐസോലേഷൻ വാർഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം എന്താണെന്നറിയിക്കാമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഡോക്ടർമാരുടെ നിയമനം

192 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിനനുസരിച്ച് ചികിത്സ നടത്തുന്നതിന് പുതിയ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഒ.പി.യിലും, അത്യാഹിത വിഭാഗത്തിലും ഉണ്ടാകുന്ന രോഗികളുടെ തിരക്ക് പരിഗണിച്ച് മെഡിസിൻ വിഭാഗത്തിൽ എത് തരത്തിലുള്ള ക്രമീകരണങ്ങൾ നടത്താൻ കഴിയുമെന്ന് വിശദമാക്കാമോ?

## ചിറയിൻകീഴ് മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ അനുവദിച്ച പദ്ധതികൾ

193 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചിറയിൻകീഴ് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ച് നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) വിവിധ പദ്ധതികൾ പ്രകാരം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡയാലിസിസ് യൂണിറ്റ്

194 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

## പാലക്കാട് ജില്ലയിൽ നെഫ്രോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കാൻ നടപടി

195 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കസംബന്ധമായ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിർധനരായ വൃക്കരോഗികൾക്കും മറ്റ് ഗുരുതര രോഗം ബാധിച്ചവർക്കുമുള്ള മരുന്നുകൾ പാലക്കാട് ജില്ലയിൽ സൗജന്യമായി ലഭ്യമാക്കിയിട്ടുള്ളത് എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

## തിരുവല്ല താലൂക്ക് ആശുപത്രിയിലെ നിർമ്മാണ പ്രവൃത്തികൾ

196 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് ആശുപത്രിയിലെ സിവിൽ വർക്കുകൾ പൂർത്തിയായിട്ടുള്ള ഐ.പി ബ്ലോക്കിന്റെ പുതിയ നിലകളുടെ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കുറ്റിപ്പുറം താലൂക്ക് കണ്ണാശുപത്രിയുടെ പ്രവർത്തനം

197 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷനിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച കുറ്റിപ്പുറം താലൂക്ക് കണ്ണാശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കിയും മതിയായ ജീവനക്കാരെ നിയമിച്ചും ആശുപത്രി അടിയന്തരമായി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ സൂപ്രണ്ടായിരിക്കെ മരണപ്പെട്ട ഡോ.അലിയാമുവിന്റെ പേര് പ്രസ്തുത കണ്ണാശുപത്രിക്ക് നൽകുന്നത് സംബന്ധിച്ച്

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ (8625545/2024/മിൻ/ഹെൽത്ത്) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## തെങ്ങിലക്കടവിലെ കാൻസർ സെന്റർ കെട്ടിടം ഉപയോഗപ്പെടുത്താൻ നടപടി

198 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ മാവൂർ തെങ്ങിലക്കടവിലെ കാൻസർ സെന്റർ ഭൂമിയും കെട്ടിടവും ഉപയോഗപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ആയത് പ്രാവർത്തികമാക്കുന്നതിന് പ്രസ്തുത ഭൂമിയും കെട്ടിടങ്ങളും ഏറ്റെടുക്കാൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ചുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമിയും കെട്ടിടങ്ങളും ജില്ലാ പഞ്ചായത്തിന് ഏല്പിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

## തൃക്കാക്കര മണ്ഡലത്തിലെ ആശുപത്രികൾ

199 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് കിടത്തി ചികിത്സാസൗകര്യം നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(സി) കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പുതുക്കാട് താലൂക്ക് ആശുപത്രിയിലെ നിയമനവും ട്രോമ കെയർ യൂണിറ്റും

200 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം പ്രവർത്തനമാരംഭിക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള ഗൈനക്കോളജി ഡോക്ടർ, അറ്റൻഡന്റ് ഗ്രേഡ് 2, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ദേശീയപാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## നെഹ്റു ട്രോഫി വാർഡിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം

201 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള നെഹ്റു ട്രോഫി വാർഡിലെ പ്രാഥമിക ആരോഗ്യകേന്ദ്രം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം

202 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ നാളിതുവരെ സൃഷ്ടിച്ച തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഏതൊക്കെ വിഭാഗങ്ങളിൽ എന്തെല്ലാം സേവനങ്ങൾ നിലവിൽ നല്കിവരുന്നുണ്ടെന്ന് വിശദമാക്കാമോ?

## അരൂക്കുറ്റി എഫ്.എച്ച്.സി-യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

203 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി എഫ്.എച്ച്.സി-യിൽ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ട് പ്രകാരം നിർദ്ദേശിച്ച ഐസൊലേഷൻ വാർഡ് നിർമ്മാണം പൂർണ്ണമായും നിലച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കാസർഗോഡ് ജനറൽ ആശുപത്രിയിലെ ചികിത്സ സംവിധാനങ്ങൾ

204 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിലെ സൗജന്യ ചികിത്സ സംവിധാനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പണമടച്ചാൽ ലഭ്യമാക്കുന്ന ചികിത്സ സംവിധാനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ ഒഴിവുകളുടെ വിശദാംശം നൽകാമോ; പ്രസ്തുത ഒഴിവുകൾ എത്രകാലമായി തുടരുന്നുവെന്നും ആയത് എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ;

(ഡി) രാത്രികാല പോസ്റ്റ്മോർട്ടം നടക്കുന്ന സംസ്ഥാനത്തെ ഏക ആശുപത്രിയാണ് കാസർഗോഡ് ജനറൽ ആശുപത്രി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എത്ര ഫോറൻസിക് സർജന്മാരാണാവശ്യമുള്ളതെന്നും ഇപ്പോൾ എത്ര പേരാണുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) ഫോറൻസിക് സർജന്മാരുടെ എണ്ണം ഇപ്പോൾ കുറവാണെങ്കിൽ കൂടുതൽ പേരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം

205 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെയുള്ള ഓരോ ആരോഗ്യകേന്ദ്രങ്ങളിലെയും നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; ഈ ആശുപത്രികളിൽ നിന്നും രോഗികൾക്ക് നൽകുന്ന സേവനം എത്ര സമയം വരെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ആശുപത്രിയിലേയും ശരാശരി ഒ.പി. എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളാണ് നികത്താനുള്ളതെന്ന് വിശദമാക്കുമോ?

## കുണ്ടറ മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ പുരോഗതി

206 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ നിലവിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## മുക്കം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനുള്ള നബാർഡ് ധനസഹായം

207 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് നബാർഡ് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ എത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ ചുഴലി പ്രാഥമികാരോഗ്യ കേന്ദ്രം

208 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ചെങ്ങളായി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചുഴലി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പി.എച്ച്.സി-യ്ക്ക് ആവശ്യമായ കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ചുഴലി പി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>കോവളം മണ്ഡലത്തിൽ ഡയാലിസിസ് യൂണിറ്റ്</u>

209 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിലെ ഒരു സർക്കാർ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ച് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നിരവധി രോഗികൾക്ക് ആശ്വാസം നല്കുന്ന പ്രസ്തുത പദ്ധതി തുടങ്ങുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പുല്ലുവിളയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡയാലിസിസ് ബ്ലോക്ക് നിർമ്മിക്കുവാനാവശ്യമായ 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും, 13/05/2024 തീയതിയിൽ പൊതുമരാമത്ത് ബിൽഡിങ് വിഭാഗം ചീഫ് ഇഞ്ചിനീയറുടെ ഓഫീസിൽ നിന്നും പേര് മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ളതുമായ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ?

## <u>നീണ്ടകര താലൂക്ക് ആശുപത്രിക്ക് വേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾ</u>

210 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ നീണ്ടകര താലൂക്ക് ആശുപത്രിക്ക് വേണ്ടി കിഫ്ബി ഫണ്ടുപയോഗിച്ച് ഹൗസിംഗ് ബോർഡ് എസ്.പി.വി. ആയി നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങളുടെ 2020-ൽ ആരംഭിച്ച നിർമ്മാണം പൂർത്തിയാക്കാതെ നീട്ടികൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിശ്ചിത കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതിരുന്ന കോൺട്രാക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് പ്രത്യേക യോഗം വിളിച്ച് ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ചിറയിൻകീഴ് താലൂക്ക് ആശുപത്രി നിർമ്മാണം</u>

211 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി ആരംഭിച്ച കിഫ്ബി പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിൽ ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അത് എന്നത്തേക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ?

## കൊല്ലം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം

212 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിലെ ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എൻ.എച്ച്.എം-ൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ചവറ എഫ്.എച്ച്.സി-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എൻ.എച്ച്.എം-ന് സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ തീരുമാനമായിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## മുക്കം സി.എച്ച്.സി. ഐസൊലേഷൻ വാർഡ് നിർമ്മാണം

213 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സി.എച്ച്.സി.യിൽ നിർമ്മിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണച്ചെലവ് എത്രയാണെന്നും ഇതിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) ഐസൊലേഷൻ വാർഡ് നിർമ്മാണത്തിൽ അപാകതകളുണ്ടെന്നും ഗുണനിലവാരം പാലിച്ചിട്ടില്ലയെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഐസൊലേഷൻ വാർഡ് നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും വാർഡ് പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

## കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം

214 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ച കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് വാപ്കോസ് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ടെണ്ടർ നടപടികൾ വൈകുന്ന സാഹചര്യത്തിൽ ആയത് വേഗത്തിലാക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ?

## കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണം

215 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ ബജറ്റ് വർക്കുകളായ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണത്തിൽ നേരിട്ടിരിക്കുന്ന തടസ്സം വ്യക്തമാക്കാമോ;

(ബി) രണ്ടു സ്ഥാപനങ്ങളുടെയും പ്ലോട്ട് ക്ലിയർ ചെയ്യുന്നതിന്റെ ഭാഗമായി പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) കടപ്ലാമറ്റത്ത് കണ്ടെത്തിയ സ്ഥലത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്ന സാഹചര്യത്തിൽ, അംഗീകരിച്ച പ്ലാൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സാങ്കേതിക തടസ്സമുള്ളതിനാൽ, മാറ്റം വരുത്തി സമർപ്പിച്ച പ്ലാനിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് അംഗീകാരം നൽകിയിട്ടുണ്ടോ; പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) മരങ്ങാട്ടുപിള്ളി എഫ്.എച്ച്.സി.യുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ആരോഗ്യ വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

**<u>കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടം</u>**

216 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് താലൂക്ക് ആശുപത്രിക്ക് വേണ്ടി നിർമ്മിച്ച പന്ത്രണ്ട് നിലകളുള്ള പുതിയ കെട്ടിടം പ്രവർത്തന സജ്ജമായിട്ടും ഉപയോഗപ്പെടുത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജീവനക്കാരെ ക്രമീകരിച്ച് ആശുപത്രി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) കൂത്തുപറമ്പ് താലൂക്ക് ആശുപത്രി പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

**<u>വാമനപുരം മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനം</u>**

217 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വാമനപുരം മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും ഓരോന്നിനുമായി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും ആരോഗ്യകേന്ദ്രം തിരിച്ച് വിശദമാക്കാമോ?

**<u>നെന്മാറ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.കളുടെ കെട്ടിടനിർമ്മാണം</u>**

218 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി, നെല്ലിയാമ്പതി പഞ്ചായത്തുകളിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടപ്പിലാക്കുന്ന പി.എച്ച്.സി.കളുടെ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ പണി എന്ന് തുടങ്ങാൻ കഴിയുമെന്നും ആയതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്നും വിശദമാക്കുമോ?

## ഇരവിപുരം മണ്ഡലത്തിലെ ആരോഗ്യ വകുപ്പ് പ്രവൃത്തികൾ

219 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരവിപുരം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവ്വേദ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വിശദാംശം ലഭ്യമാക്കാമോ?

## കായംകുളം താലൂക്ക് ആശുപത്രിയിൽ ലഭ്യമാകുന്ന ലബോറട്ടറി സേവനങ്ങൾ

220 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ ലഭ്യമാകുന്ന ലബോറട്ടറി സേവനങ്ങൾ എന്തൊക്കെയെന്നും ഓരോന്നിനും ഈടാക്കുന്ന ഫീസ് എത്രയെന്നും വിശദമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ

221 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി എത്ര ആരോഗ്യ ഉപകേന്ദ്രങ്ങളെയാണ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററായി ഉയർത്താൻ അനുമതി നൽകിയിട്ടുള്ളത്; എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ഒരുക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## മഞ്ചേശ്വരം എഫ്.എച്ച്.സി.യുടെ വികസന പ്രവർത്തനങ്ങൾ

222 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം എഫ്.എച്ച്.സി.യിൽ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിനിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് തുടങ്ങിയെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

## പാലക്കാട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം

223 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എലപ്പുള്ളിയിലെ പാലക്കാട് താലൂക്ക് ആശുപത്രിക്ക് നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന് ആരോഗ്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) എസ്റ്റിമേറ്റിന് ആരോഗ്യ വകുപ്പ് അംഗീകാരം നൽകാത്തതുമൂലം പൊതുമരാമത്ത് വകുപ്പിന് ഈ പദ്ധതിയുടെ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## ഞാറക്കൽ താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

224 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തിയത് എന്നാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിലവിൽ ഞാറക്കൽ താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റേതാണോ താലൂക്ക് ആശുപത്രിയുടേതാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഞാറക്കൽ താലൂക്ക് ആശുപത്രിയിൽ താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി ഒന്നരവർഷം മുൻപ് സമർപ്പിച്ച പ്രൊപ്പോസൽ അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച സ്പഷ്ടീകരണം ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസൽ എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## മൃതസഞ്ജീവനി പദ്ധതി

225 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ ആകെ എത്ര അവയവമാറ്റ ശസ്ത്രക്രിയകൾ

നടത്തിയിട്ടുണ്ടെന്നുമുള്ള വിവരം സർക്കാർ, പൊതുമേഖലാ, സ്വകാര്യ ആശുപത്രികൾ എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയ ആശുപത്രി ഏതാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ, പൊതുമേഖലാ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് നേടിയെടുക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആന്റിബയോട്ടിക്കിന്റെ അമിതമായ ഉപയോഗം മൂലമുണ്ടാവുന്ന ആരോഗ്യപ്രശ്നങ്ങൾ

226 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആന്റിബയോട്ടിക്കിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നതായുള്ള പത്രവാർത്തകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആന്റിബയോട്ടിക്കിന്റെ ക്രമാതീതമായ ഉപയോഗംമൂലം സംസ്ഥാനത്ത് രോഗികളുടെ എണ്ണം വർധിക്കുന്നതായി വിലയിരുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ആൻറിബയോട്ടിക്കിന്റെ ഉപയോഗം കുറച്ചു കൊണ്ടുവരുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും ആൻറിബയോട്ടിക്കിന്റെ ഉപയോഗം കുറച്ചു കൊണ്ടുവരുന്നതിന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

## അമീബിക് മസ്തിഷ്ക ജ്വരബാധ - പ്രതിരോധവും ബോധവൽക്കരണവും

227 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരബാധ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത രോഗം പടരുന്നത് ഏതൊക്കെ മാർഗങ്ങളിലൂടെയാണെന്നും പ്രതിരോധമാർഗങ്ങൾ എന്തൊക്കെയാണെന്നും ഈ രോഗത്തിന്റെ മരണനിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) അമീബിക് മസ്തിഷ്ക ജ്വരബാധ തടയുന്നതിനായി പ്രതിരോധപ്രവർത്തനങ്ങളും ബോധവൽക്കരണവും കാര്യക്ഷമമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## എലിപ്പനി മൂലമുള്ള മരണങ്ങൾ

228 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എലിപ്പനി മൂലമുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ; എലിപ്പനി രോഗബാധ

നിയന്ത്രിക്കുവാൻ സാധിക്കാത്തതിന്റെ കാരണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) രോഗബാധയെ കുറിച്ചുള്ള അവബോധത്തിന്റെ കുറവും പ്രതിരോധ ഗുളിക കഴിക്കുന്നതിലെ വീഴ്ചയും മരണനിരക്ക് കൂട്ടുന്നതിന് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി രോഗ, മരണ നിരക്കുകൾ കുറയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>സംസ്ഥാനത്ത് പടർന്ന് പിടിക്കുന്ന പകർച്ചവ്യാധികൾ</u>

229 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തരം പകർച്ചവ്യാധികൾ വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നും, ഓരോ തരം പകർച്ചവ്യാധികൾ മൂലം എത്ര ആളുകൾക്ക് ജീവഹാനി സംഭവിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) രാജ്യത്തു നിന്നും പൂർണ്ണമായും ഇല്ലായ്മ ചെയ്ത പകർച്ചവ്യാധികൾ പോലും തിരിച്ചുവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ നിയന്ത്രിക്കുന്നതിനും ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## <u>ചെലവു കുറഞ്ഞ ആരോഗ്യ സംവിധാനം</u>

230 **ശ്രീ എം നൗഷാദ്**
**ശ്രീമതി യു പ്രതിഭ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ ചെലവു കുറഞ്ഞ ആരോഗ്യ സംവിധാന മാതൃക വികസിപ്പിക്കുന്ന രീതിയിൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ പ്രദാനം ചെയ്യുന്ന സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; ഈ സർക്കാർ സംസ്ഥാനത്ത് സൗജന്യ ചികിത്സ ലഭ്യമാക്കിയതിന്റെ വിശദാംശം നൽകാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ കെ.എം.സി.സി.എൽ. വഴി നൽകിയ സൗജന്യ മരുന്നുകളുടെ വിശദാംശം അറിയിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കാരുണ്യ ഫാർമസികൾ വഴി ക്യാൻസർ സംബന്ധമായ മരുന്നുകൾക്ക് അനുവദിച്ച തുകയുടെ വിശദാംശം നൽകുമോ; സംസ്ഥാനത്ത് എത്ര ആശുപത്രികളിൽ പദ്ധതിയുടെ സേവനം ലഭ്യമാവുന്നുണ്ടെന്ന് വിശദമാക്കാമോ?

## <u>നിപ്പാ രോഗനിയന്ത്രണം</u>

231 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപ്പ രോഗബാധ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നിപ്പ രോഗബാധയെ പൂർണ്ണമായും നിയന്ത്രണവിധേയമാക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത നിപ്പ കേസുകളിൽ എത്ര എണ്ണത്തിൽ രോഗബാധയുടെ ഉറവിടം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്; ഉറവിടം കണ്ടെത്തുവാൻ സാധിക്കാതെ വരുന്നത് രോഗനിയന്ത്രണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിപ്പ രോഗനിർണയത്തിനായി പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

## എംപോക്സ് വ്യാപനം

232 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപോക്സ് രോഗത്തിന്റെ വ്യാപനം തടയാൻ സംസ്ഥാനത്ത് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) എംപോക്സ് സംസ്ഥാനത്ത് എവിടെയെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

## മലപ്പുറം ജില്ലയിൽ നടപ്പു വർഷം റിപ്പോർട്ട് ചെയ്ത പകർച്ചവ്യാധികേസുകൾ

233 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നടപ്പുവർഷം നാളിതുവരെ എത്ര പകർച്ചവ്യാധി കേസുകൾ ഉണ്ടായിട്ടുണ്ടെന്നും എത്ര പേർ ഏതെല്ലാം പകർച്ചവ്യാധികൾ കാരണം മരണപ്പെട്ടുവെന്നും വ്യക്തമാക്കുമോ;

(ബി) അപകടകരമായ പകർച്ചവ്യാധികളിലുൾപ്പെട്ട നിപ , അമീബിക് മസ്തിഷ്ക ജ്വരം, എം.പോക്സ് എന്നിവ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവ ബാധിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) നിപ രോഗം ആവർത്തിച്ച് വരുന്ന പശ്ചാത്തലത്തിൽ ഇവയുടെ ഉറവിടം, രോഗപ്രതിരോധ മാർഗ്ഗങ്ങൾ സംബന്ധിച്ച പഠനം, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പകർച്ചവ്യാധികളെ നേരിടുന്നതിനായി ജില്ലയിലെ ആരോഗ്യരംഗം ശക്തിപ്പെടുത്തുന്നതിനും ആശുപത്രികളിൽ ആവശ്യമായ സജ്ജീകരണങ്ങൾ

ഏർപ്പെടുത്തുന്നതിനും ജനസംഖ്യാനുപാതികമായി ആരോഗ്യപ്രവർത്തകരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

234 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത രോഗങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി സ്കൂൾതലത്തിലുള്ള പാഠഭാഗത്തിൽ ഈ മേഖല ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**അവയവദാനം പ്രോത്സാഹിപ്പിക്കുവാൻ നടപടി**

235 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ അവയവദാന ശസ്ത്രക്രിയകൾ നടത്തുന്നതിന് പുതുതായി ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തെല്ലാമാണെന്നും അതുവഴി കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) അവയവദാനത്തിന് മാത്രമായി പുതിയ ഒരു സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

**കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലേക്ക് ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിന് നടപടി**

236 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലേക്ക് പുതിയ ടെലി കോബാൾട്ട് മെഷീൻ കെ.എ.എസ്.പി ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**തൃശ്ശൂർ മെഡിക്കൽ കോളേജിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

237 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭൂമി മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിൽ നിലനിർത്തിക്കൊണ്ട് കെ.എസ്.ഇ.ബി.ക്ക് കൈമാറുന്നത് സംബന്ധിച്ച് ഏതെങ്കിലും നിവേദനം സർക്കാരിൽ ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിൽ ഭൂമി നിലനിർത്തിക്കൊണ്ട് കെ.എസ്.ഇ.ബി.ക്ക് ഭൂമി കൈമാറുന്നതിന് എൻ.ഒ.സി. നൽകുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാമോ?

## <u>കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർ തസ്തികയിലെ ഒഴിവുകൾ</u>

238 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡോക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

## <u>കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജ്</u>

239 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. കോഴ്സ് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഈ സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

## <u>തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ</u>

240 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രോജക്ടുകളുടെ വിശദാംശം ലഭ്യമാക്കുമോ; ഇതിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെയും അവശേഷിക്കുന്ന പ്രവൃത്തികളുടെയും വിശദവിവരം അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് അനുവദിച്ച കാലവധിയും പൂർത്തിയാക്കാനെടുത്ത കാലാവധിയും എത്രയാണെന്ന് അറിയിക്കുമോ; അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് എയിംസ് മോഡലിലാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

## <u>കാസർഗോഡ് മെഡിക്കൽ കോളേജിലെ നിർമ്മാണപ്രവൃത്തികൾ</u>

241 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഐ.പി. സംവിധാനമടക്കം സജ്ജീകരിച്ച് പൂർണ്ണമായ രീതിയിൽ എന്നുമുതൽ പ്രവർത്തനമാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ മെഡിക്കൽ കോളേജിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) കോവിഡ് കാലത്ത് ആരംഭിച്ച കാസർഗോഡ് ചട്ടംചാലിലെ ടാറ്റ കോവിഡ് ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ട് തസ്തിക

242 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക ഒഴിഞ്ഞ് കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സൂപ്രണ്ട് തസ്തികയിലേക്കുള്ള നിയമനം വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) സൂപ്രണ്ടിനെ നിയമിക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സീനിയർ ഗ്രേഡ് ഒപ്‌റ്റോമെട്രിസ്റ്റ് തസ്തിക ഗസറ്റഡായി നിലനിർത്താൻ നടപടി

243 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 5-ാം ശമ്പളപരിഷ്കരണ കമ്മീഷന്റെ ഉത്തരവ് പ്രകാരം ഗസറ്റഡ് സ്കെയിൽ ആക്കിയിട്ടുള്ളതും എ.ജി വഴി പേ ഫിക്സ് ചെയ്ത് വരികയും ചെയ്യുന്ന സീനിയർ ഗ്രേഡ് ഒഫ്ത്താൽമിക് അസിസ്റ്റന്റ്/സീനിയർ ഗ്രേഡ് ഒപ്‌റ്റോമെട്രിസ്റ്റ് തസ്തിക നോൺ-ഗസറ്റഡ് ആണെന്ന് അഡിഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ്, എ.ജിയ്ക്ക് കത്തെഴുതിയിട്ടുള്ളതും ആയത് പ്രകാരം പുതിയതായി സ്ഥാനക്കയറ്റം ലഭിച്ച സീനിയർ ഗ്രേഡ് ഒപ്‌റ്റോമെട്രിസ്റ്റുകളുടെ എൻടൈറ്റിൽമെന്റ് രജിസ്റ്റർ എ.ജി തിരിച്ചയച്ചിട്ടുള്ള വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രൈബ്യൂണലിനെ സമീപിച്ച ജീവനക്കാരെ മാത്രം ഗസറ്റഡ് ഓഫീസർമാരായി പരിഗണിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സീനിയർ ഒപ്‌റ്റോമെട്രിസ്റ്റ് തസ്തിക നോൺ ഗസറ്റഡ് തസ്തിക ആക്കി മാറ്റിയ ഏതെങ്കിലും ഗവ. ഉത്തരവ്/നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സീനിയർ ഒപ്‌റ്റോമെട്രിസ്റ്റ് തസ്തിക ഗസറ്റഡായി പരിഗണിക്കുന്നതിന് ലോവർ ഡി.പി.സി കൂട്ടുന്നതിനായി നിലവിലുള്ള സ്പെഷ്യൽ റൂൾ/ജനറൽ എക്സിക്യൂട്ടീവ് ഓർഡർ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ;

(ഇ) ഇത് സംബന്ധിച്ച് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സംഘടനകളുടേതാണെന്ന് വ്യക്തമാക്കുമോ;

(എഫ്) സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക ഗസറ്റഡായി നിലനിർത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

**<u>ഫാർമസിസ്റ്റുകളുടെ ഡ്യൂട്ടി സമയം ക്രമീകരിക്കാൻ നടപടി</u>**

244 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകളുടെ ഡ്യൂട്ടി സമയം നിലവിൽ ഏതാണ്; ഇവർ ദിവസവും എത്ര മണിക്കൂർ ജോലി ചെയ്യേണ്ടതുണ്ടെന്ന് വിശദമാക്കാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഇതര സർക്കാർ ജീവനക്കാർ, ഡോക്ടർമാർ എന്നിവരുടെ ജോലി സമയത്തിന് തുല്യമായി ഫാർമസിസ്റ്റ് തുടങ്ങിയ പാരാമെഡിക്കൽ ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ച് പാരാമെഡിക്കൽ ജീവനക്കാരുടെ ജോലി സമയത്തിലെ വ്യത്യാസം പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ?

**<u>കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിലെ ഒഴിവുകൾ</u>**

245 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ അനുവദിക്കപ്പെട്ട എം.സി.എച്ച്. കോഴ്സ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ എത്ര ഡോക്ടർമാരുണ്ടെന്നും, എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

**<u>കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ഫോറൻസിക് സർജൻ നിയമനം</u>**

246 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ഒരു ഫോറൻസിക് സർജനെ നിയമിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

**<u>നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ പുതിയ തസ്തികകൾ</u>**

247 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവ. താലൂക്ക് ആശുപത്രിയുടെ ദൈനംദിന നടത്തിപ്പിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ നിലവിലുള്ള എം1/295/2024 എന്ന നമ്പറിലുള്ള ഫയലിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരും നേഴ്സുമാരുമടക്കം വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാൽ രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി അനിവാര്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

## വയനാട് ജില്ലയിലെ പ്രകൃതിദുരന്തത്തിൽപ്പെട്ടവരുടെ അടിയന്തര ചികിത്സ

248 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലുണ്ടായ പ്രകൃതിദുരന്തത്തിൽ അകപ്പെട്ട് പരിക്ക് പറ്റിയവർക്ക് അടിയന്തര ചികിത്സ ഉറപ്പുവരുത്തുന്നതിന് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അപകടത്തിൽപ്പെട്ടവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനും, ആശുപത്രികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുനരധിവാസ കേന്ദ്രങ്ങളിലും മറ്റും കഴിയുന്നവരെയും സമീപപ്രദേശവാസികളെയും ചികിത്സിക്കുന്നതിനും മാനസിക പിന്തുണ നൽകുന്നതിനും ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മേഖലയിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് തുടരുന്നതെന്ന് വിശദമാക്കുമോ?

## കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ മരുന്ന് സംഭരണശാല

249 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ മരുന്ന് സംഭരണശാല വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ജില്ലകളിൽ സ്വന്തമായി സംഭരണശാലകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ മരുന്ന് സംഭരണശാല നിർമ്മിക്കുന്നതിന് സർക്കാർ സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി

വിശദമാക്കാമോ?

## നഴ്സിംഗ് സ്കൂൾ പ്രവേശനം

250 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഴ്സിംഗ് സ്കൂളുകളിലേക്ക് നടത്തുന്ന പ്രവേശന നടപടികളിൽ സ്കൂൾ അധികൃതരെ കൂടാതെ കൗൺസിൽ അംഗമോ പ്രതിനിധിയോ പങ്കെടുക്കണമെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നുണ്ടോ;

(ബി) ഇതിന് വിരുദ്ധമായി കൗൺസിൽ അംഗങ്ങൾ അഭിമുഖത്തിൽ പങ്കെടുക്കേണ്ടെന്നും കൗൺസിൽ പ്രതിനിധിയായി മറ്റേതെങ്കിലും ഉദ്യോഗസ്ഥരെ നിയോഗിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശം നൽകുകയുണ്ടായോ;

(സി) അഭിമുഖങ്ങൾ നടത്തുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; സ്വാശ്രയ സീറ്റുകളിലേക്കും സർക്കാർ സീറ്റുകളിലേക്കും ഉള്ള അഭിമുഖങ്ങളിൽ ആരൊക്കെയാണ് പങ്കെടുക്കേണ്ടത് എന്നാണ് കൗൺസിൽ ചട്ടം വ്യക്തമാക്കുന്നത്; കൗൺസിലിൽ നിലവിലുള്ള അംഗങ്ങൾ ആരൊക്കെയാണ്; പേര് വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഉദ്യോഗസ്ഥരും കൗൺസിലർമാരും തമ്മിലുള്ള ഈ തർക്കം മൂലം സെപ്റ്റംബർ 30ന് പൂർത്തിയാക്കേണ്ടിയിരുന്ന അഡ്മിഷൻ പ്രക്രിയ ഇനിയും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അഭിമുഖം നടത്തുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്ത് ജനറൽ നഴ്സിംഗ് കോഴ്സ് പഠിക്കുന്നതിനായി ആകെ എത്ര സീറ്റുകൾ ആണ് നിലവിലുള്ളത്; സർക്കാർ, സ്വാശ്രയ മേഖലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എഫ്) ഇതിൽ എത്ര സ്ഥാപനങ്ങളാണ് നഴ്സിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള അഭിമുഖം ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളത്?

## നൂറനാട് ലെപ്രസി സാനറ്റോറിയം

251 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനറ്റോറിയത്തെ ഗവ. സ്പെഷ്യാലിറ്റി ആശുപത്രിയാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സാനറ്റോറിയത്തിൽ ട്രോമാകെയർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## നിപ രോഗബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

252 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമീപകാലത്തായി റിപ്പോർട്ട് ചെയ്യിട്ടുള്ള നിപ രോഗബാധയുടെ ഉറവിടം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ആവർത്തിച്ച് വരുന്ന നിപ ബാധയും തുടർന്നുണ്ടാകുന്ന മരണങ്ങളും നിയന്ത്രിക്കുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വ്യക്തമാക്കാമോ?

## സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഫാർമ ഹബ്ബ്

253 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മികച്ചൊരു ഫാർമ ഹബ്ബാക്കി മാറ്റുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് എത്രമാത്രം പ്രയോജനം ലഭിക്കുമെന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

## ശൈലി ആപ്പിന്റെ പ്രവർത്തന പുരോഗതിയും ആശാ വർക്കർമാരുടെ ഓണറേറിയവും

254 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശാ വർക്കർമാർ മുഖേന നടപ്പിലാക്കുന്ന ശൈലി ആപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ശൈലി ആപ്പ് സർവ്വേ നടത്തുമ്പോൾ എല്ലാ ഭാഗങ്ങളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമല്ലാത്തതിനാൽ ഉണ്ടാവുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ശൈലി ആപ്പ് സർവ്വേ നടത്തുന്നതിനായി ആശാ വർക്കർമാർക്ക് നൽകിവരുന്ന തുക വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ആശാ വർക്കർമാരുടെ ഓണറേറിയം കാലാനുസൃതമായി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻറ്റേർഡ് അംഗീകാരം ലഭിച്ച ആശുപത്രികൾ

255 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ആശുപത്രികൾക്ക് നിലവിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരവും, പുനരംഗീകാരവും ലഭിച്ചിട്ടുണ്ടെന്നും അവയേതൊക്കെയാണെന്നും തരംതിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അംഗീകാരത്തിന് പരിഗണിക്കുന്നതിലെ മാനദണ്ഡങ്ങളും ലഭിക്കുന്ന വാർഷിക നേട്ടവും വിശദമാക്കാമോ ?

## മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം

256 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനക്കും സാക്ഷ്യപ്പെടുത്തലിനുമായി വരുന്ന ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എത്ര സെക്ഷനുകൾ ഡയറക്ടറേറ്റിൽ ഉണ്ടെന്നും എത്ര ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുവെന്നും വിശദമാക്കുമോ; ഇവ ജില്ലാടിസ്ഥാനത്തിലാണോ തരം തിരിച്ച് തീർപ്പാക്കുന്നതെന്നും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി വേണ്ടി വരുന്ന ശരാശരി സമയം എത്രയെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് ഒരു വർഷത്തിലധികം സമയമെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് ആധാരമായ സാഹചര്യം വിശദമാക്കുമോ; നിലവിൽ എന്നുവരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന വിവരം ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(ഡി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിൽ വലിയ കാലതാമസം വരുന്നതു കാരണം ചികിത്സക്ക് വിധേയരായ ജീവനക്കാരും ആശ്രിതരും നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സമയബന്ധിതമായി മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കുന്നതിന് വേണ്ട സംവിധാനം ഏർപ്പെടുത്താമോ?

**<u>ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം</u>**

257 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ പുതുതായി അനുവദിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഡയാലിസിസ് യൂണിറ്റിനായി എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും, ഏതെല്ലാം ഘടകങ്ങൾക്കാണ് ഈ തുക വിനിയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് എത്രരൂപയാണ് ഇതിന്റെ ഭാഗമായി കൈമാറിയിട്ടുള്ളതെന്നും, ഇതിനനുസൃതമായ തുടർ നടപടികൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>എക്സ്ഇസി കോവിഡ് വകഭേദത്തിനെതിരെയുള്ള മുൻകരുതൽ</u>**

258 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്ഇസി എന്ന അതിവേഗ വ്യാപനശേഷിയുള്ള കോവിഡിന്റെ വകഭേദം യൂറോപ്പ് അടക്കമുള്ള വിദേശരാജ്യങ്ങളിൽ ആശങ്കവരുത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പുതിയ വൈറസിനെതിരെ മുൻകരുതലെടുക്കുന്നതു സംബന്ധിച്ച് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൽ നിന്നും ഏതെങ്കിലും നിർദ്ദേശം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) രാജ്യത്ത് എവിടെയെങ്കിലും എക്സ്ഇസി പോലുള്ള കോവിഡ് വകഭേദങ്ങൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് കോവിഡ് വകഭേദങ്ങളോ മറ്റ് പകർച്ചവ്യാധികളോ റിപ്പോർട്ട് ചെയ്താൽ ആവശ്യമായ മുൻകരുതൽ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബിന്റെ നവീകരണ പ്രവൃത്തികൾ

259 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബാക്കി ഉയർത്തുന്നതുമായി ബന്ധപ്പെട്ട നവീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 1.25 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കോട്ടപ്പടിയിൽ സ്ഥലം ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോയെന്നും അത് ലഭിക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## നഗരസഭകളിൽ അർബൻ ഹെൽത്ത് വെൽനസ് സെന്റർ ആരംഭിക്കുന്നത്

260 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ അർബൻ ഹെൽത്ത് വെൽനസ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇവയിൽ ഏതൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരാണോ ഫണ്ട് അനുവദിക്കുന്നത്; സംസ്ഥാന സർക്കാർ ഏതെങ്കിലും വിഹിതം നൽകുന്നുണ്ടോ; എങ്കിൽ ഓരോ വെൽനസ് സെന്ററിനും സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## നാദാപുരം താലൂക്ക് ഹോസ്പിറ്റലിലെ ജീവനക്കാരുടെ ഒഴിവുകൾ

261 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്ക് ഹോസ്പിറ്റലിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഫാർമസിസ്റ്റ് താൽകാലിക നിയമനം

262 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ നാവായിക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റ് തസ്തികയിൽ താൽകാലിക നിയമനം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## വെട്ടൂർ കുടുംബാരോഗ്യകേന്ദ്ര കെട്ടിട നിർമ്മാണം

263 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ വെട്ടൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## വിദേശ രാജ്യങ്ങളിലെ എം.ബി.ബി.എസ്. പഠനം

264 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ എം.ബി.ബി.എസ് പഠനം പൂർത്തിയാക്കിയവർക്ക് പെർമനന്റ് രജിസ്ട്രേഷൻ വേഗത്തിൽ ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പെർമനന്റ് രജിസ്ട്രേഷന് അപേക്ഷിച്ചവരിൽ രജിസ്ട്രേഷൻ നൽകാതിരിക്കാൻ പൊതുവെയുണ്ടാകുന്ന കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഉക്രെയ്ൻ യുദ്ധ സാഹചര്യങ്ങളും കോവിഡും ഇത്തരം അപേക്ഷകരെ എങ്ങനെയാണ് സ്വാധീനിച്ചതെന്ന് അറിയിക്കുമോ?

## കോട്ടക്കൽ ആയുർവേദ സർവകലാശാല

265 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>വടക്കാഞ്ചേരി കേപ് കോളേജ് ഓഫ് നഴ്സിംഗിന്റെ പേരന്റ് ഹോസ്പിറ്റലിനെ നിശ്ചയിക്കുന്നത് സംബന്ധിച്ച്</u>**

266 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കോളേജ് ഓഫ് നഴ്സിംഗിന്റെ പേരന്റ് ഹോസ്പിറ്റലായി വടക്കാഞ്ചേരി ജില്ലാ ആശുപത്രിയെ നിശ്ചയിക്കുന്നതിന് ഫയൽ നമ്പർ ഹെൽത്ത്-സി3/303/2024-ഹെൽത്ത് കമ്പ്യൂട്ടർ നമ്പർ 2816180 എന്ന ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) വടക്കാഞ്ചേരിയിൽ കേപ് കോളേജ് ഓഫ് നഴ്സിംഗിന്റെ കെട്ടിട നിർമ്മാണ നടപടികൾ പുരോഗമിക്കുന്നതിനോടൊപ്പം തന്നെ നഴ്സിംഗ് കോളേജ് അനുവദിക്കുന്നതിനും ആയതിന്റെ പേരന്റ് ഹോസ്പിറ്റലായി വടക്കാഞ്ചേരി ജില്ലാ ആശുപത്രിയെ നിശ്ചയിക്കുന്നതിനും ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കാമോ?

**<u>പരിയാരം സർക്കാർ ആയുർവേദകോളേജിലെ പി.ജി.കോഴ്സുകൾ</u>**

267 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം സർക്കാർ ആയുർവേദ കോളേജിൽ നിലവിലുള്ള പി.ജി.കോഴ്സുകൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ബി) എത്ര വിദ്യാർത്ഥികൾ പ്രസ്തുത പി.ജി.കോഴ്സിൽ പഠിക്കുന്നുണ്ട്;

(സി) ഏതൊക്കെ വിഭാഗത്തിൽ പുതിയ പി.ജി.കോഴ്സുകൾ ആരംഭിക്കുന്നതിനാണ് ഇപ്പോൾ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>ആയുഷ് മേഖലയിലെ വികസന പദ്ധതികൾ</u>**

268 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് മേഖലയിൽ ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം</u>**

269 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം വ്യാപകമാകുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച പ്രായോഗിക നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മനുഷ്യരിലും വളർത്തുമൃഗങ്ങളിലും ആന്റിബയോട്ടിക് ഉപയോഗം കൂടി വരുന്നതായ പഠനങ്ങൾ പരിഗണിച്ച് പ്രസ്തുത വിഷയങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

270 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആതുരാലയങ്ങൾക്ക് നിലവിൽ ഔഷധങ്ങൾ നൽകുന്നതിന് കരാർ നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) സർക്കാർ ആതുരാലയങ്ങളിലേക്ക് വാങ്ങുന്ന മരുന്നുകളിൽ എത്ര ശതമാനം തുകയുടെ മരുന്നുകളാണ് കെ എസ് ഡി പി ആലപ്പുഴയിൽ നിന്നും വാങ്ങുന്നത്; വിശദമാക്കാമോ;

(സി) സർക്കാർ ആതുരാലയങ്ങളിലേക്ക് വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം ഏതെല്ലാം ഘട്ടങ്ങളിലായാണ് പരിശോധിക്കുന്നത്; കെ എസ് ഡി പി യിൽ നിന്നും നൽകുന്ന മരുന്നുകൾക്ക് അവിടെത്തന്നെ ഗുണനിലവാര പരിശോധന നടത്തുന്ന സംവിധാനം ഉണ്ടോ; വിശദമാക്കാമോ;

(ഡി) ഗുണനിലവാരം കുറവായതിനാൽ വിതരണം ചെയ്യരുതെന്ന് പറയുന്ന മരുന്നുകൾ കെ. എസ്. ഡി. പി.-യിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സർക്കാർ ആതുരാലയങ്ങളിലേക്ക് നൽകുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് കെ എസ് ഡി പി-യിലെ നിലവിലുള്ള സംവിധാനത്തിനപ്പുറം പുറത്തുനിന്നുള്ള മറ്റൊരു ഏജൻസിയെക്കൊണ്ട് കൂടി പരിശോധന നടത്തിക്കാൻ നടപടി ഉണ്ടാകുമോ; വിശദമാക്കാമോ?

## <u>ഇരിക്കൂർ മണ്ഡലത്തിലെ സ്മാർട്ട് അംഗൻ വാടികൾ</u>

271 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഏതൊക്കെ അംഗൻ വാടികളെ സ്മാർട്ട് അംഗൻ വാടികൾ ആക്കുന്നതിനായി ഫണ്ട് നൽകിയിട്ടുണ്ടെന്ന് വർഷം, അനുവദിച്ച തുക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചവയുടെയും നിർമ്മാണം നടന്നുവരുന്നവയുടെയും എണ്ണം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത അംഗൻവാടികൾ ഏതൊക്കെയാണെന്നും നിർമ്മാണം വൈകുന്നതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ അങ്കണവാടികളുടെ നിർമ്മാണം

272 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ അങ്കണവാടികളുടെ നിർമ്മാണത്തിനായി ചെലവഴിച്ച തുകയും അങ്കണവാടികളുടെ പേരുവിവരങ്ങളും പഞ്ചായത്ത്, വർഷം ഇവ തിരിച്ച് നൽകാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾ

273 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ സ്വന്തമായി ഭൂമിയുള്ളവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ മാതൃക അംഗൻവാടി കെട്ടിട നിർമ്മാണം

274 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ 51-ാം നമ്പർ മാതൃക അംഗൻവാടി കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 14.11.2023-ൽ വനിത ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>ഫുഡ് സേഫ്റ്റി ഓഫീസർ ഒഴിവുകളിൽ നിയമനം നടത്താൻ നടപടി</u>

275 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## <u>റേഷൻ വ്യാപാരി ക്ഷേമനിധി</u>

276 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരി ക്ഷേമനിധി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

## <u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ്</u>

277 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റിൽ ചട്ടപ്രകാരം എത്ര കാലയളവിനിടയിലാണ് എക്സിക്യൂട്ടീവ് കമ്മിറ്റി കൂടേണ്ടത് എന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സിക്യൂട്ടീവ് കമ്മിറ്റി എത്ര പ്രാവശ്യം കൂടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) നിയമപ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയിട്ടില്ലായെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി കൂടാൻ സാധിക്കുന്നത് എന്നാണ് എന്ന് വ്യക്തമാക്കാമോ;

(സി) എക്സിക്യൂട്ടീവ് കമ്മിറ്റി യഥാസമയം കൂടാത്തത് പ്രസ്തുത കൗൺസിലിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റിന്റെ കീഴിൽ ഇലഞ്ഞിയിൽ വെജിറ്റബിൾസ് ആൻഡ് ഫ്രൂട്സ് ഡീഹൈഡ്രേഷൻ ആൻഡ് സ്റ്റോറേജ് തുടങ്ങിയത് എന്നാണെന്ന് വ്യക്തമാക്കാമോ; ഇതുവരെ എത്ര കോടി രൂപയാണ് പ്രസ്തുത സ്ഥാപനത്തിൽ ചെലവാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനം എന്നത്തേക്ക് പ്രവർത്തനക്ഷമമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കുമോ?

## <u>നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്</u>

278 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കാമോ?

**റേഷൻ വ്യാപാരികളുടെ വേതനവും ഉത്സവബത്തയും**

279 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് വേതനവും ഉത്സവബത്തയും വിതരണം ചെയ്യുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ, വ്യക്തമാക്കുമോ;

(ബി) 2024 ആഗസ്റ്റ് മാസത്തിലെ വേതനവും ഓണത്തോടനുബന്ധിച്ചുള്ള ഉത്സവബത്തയും വിതരണം ചെയ്തത് എന്നാണെന്ന് അറിയിക്കാമോ; ഈയിനത്തിൽ ഇനി കുടിശ്ശികയുണ്ടോ; വിശദമാക്കുമോ;

(സി) വേതനവും ഉത്സവബത്തയും വിതരണം ചെയ്യാനുള്ള ഫണ്ടിനായി വകുപ്പ് എന്നാണ് ധനവകുപ്പിനോട് ആവശ്യപ്പെട്ടതെന്നും എന്നാണ് ഫണ്ട് അനുവദിച്ചതെന്നും അറിയിക്കാമോ;

(ഡി) നിലവിൽ വ്യാപാരികൾക്ക് കമ്മീഷൻ തുക നൽകുന്നതിൽ എത്ര രൂപയാണ് കുടിശ്ശികയായിട്ടുള്ളത്; ഇത് എന്നത്തേക്ക് നൽകാനാകുമെന്ന് അറിയിക്കുമോ?

**സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

280 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കിവരുന്ന സുഭിക്ഷ ഹോട്ടലുകളുടെ നടത്തിപ്പുകാർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സുഭിക്ഷ ഹോട്ടലുകളുടെ നടത്തിപ്പുകാർക്ക് നൽകാനുള്ള കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഒപ്പം, സുജലം പദ്ധതികൾ**

281 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒപ്പം പദ്ധതി പ്രകാരം നാളിതുവരെ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് റേഷൻ ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് നിലവിൽ സുജലം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## സുഭിക്ഷ ഹോട്ടലുകൾ

282 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര സുഭിക്ഷ ഹോട്ടലുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി കാര്യക്ഷമമാക്കാനും അനിയന്ത്രിത വിലക്കയറ്റം തടയാനും നടപടികൾ ഉണ്ടാകുമോ?

## പട്ടാമ്പി നിയോജകമണ്ഡലത്തിൽ കെ-സ്റ്റോറുകൾ

283 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്ര റേഷൻകടകൾ കെ- സ്റ്റോറുകളായി അനുവദിക്കുന്നതിന് ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ എല്ലാ റേഷൻകടകളേയും കെ-സ്റ്റോറുകളാക്കി സമ്പൂർണ്ണ കെ-സ്റ്റോർ മണ്ഡലം എന്ന് പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## .തൃശ്ശൂർ താലൂക്ക് സിറ്റി റേഷനിംഗ് ഓഫീസ്

284 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് ലക്ഷത്തി നാല്പതിനായിരത്തോളം റേഷൻ കാർഡുകൾ നിലവിലുള്ള തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസ് വിഭജിച്ച് സിറ്റി റേഷനിംഗ് ഓഫീസ് സ്ഥാപിക്കുന്നത് കാർഡ് ഉടമകൾക്ക് സമയബന്ധിതമായി സേവനം ലഭിക്കുന്നതിന് സഹായകരമാകുമെന്നതിനാൽ സിറ്റി റേഷനിംഗ് ഓഫീസ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## റേഷൻ കാർഡുകൾ

285 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റേഷൻ കാർഡുകൾ മുൻഗണനാപട്ടികയിലും എ.എ.വൈ. വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൽ അനുകൂലതീരുമാനം എടുത്തുവെന്നും എത്ര അപേക്ഷകൾ നിരാകരിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് എണ്ണം അറിയിക്കാമോ;

(സി) ഇനിയും തീരുമാനമെടുത്തിട്ടില്ലാത്ത അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മുൻഗണന റേഷൻകാർഡുകൾ അനുവദിക്കുന്നതിലെ കാലതാമസം

286 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗങ്ങൾ ബാധിച്ചവർക്ക് മുൻഗണന റേഷൻകാർഡ് നൽകുന്നതിന് നിലവിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(ബി) 2024 മാർച്ച് മാസത്തിന് ശേഷം കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ എത്ര അപേക്ഷകർക്ക് എ എ വൈ ( Antyodaya Anna Yojana)കാർഡ് , മുൻഗണന കാർഡ് എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) നിലവിൽ കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ എ എ വൈ കാർഡിനും മുൻഗണന കാർഡിനുമായി അർഹരായ എത്ര പേരുടെ പട്ടിക തയാറാക്കിയിട്ടുണ്ടെന്നും അവർക്ക് എന്നത്തേക്ക് റേഷൻ കാർഡുകൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

## റേഷൻ കാർഡ് വിതരണം

287 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ റേഷൻ കാർഡിന് അർഹരായിരുന്നിട്ടും അവ ലഭിക്കാത്തവർക്ക് മുൻഗണന കാർഡ് ലഭിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ;

(ബി) റേഷൻ കാർഡുകളിൽ ബിപിഎൽ വിഭാഗത്തിൽ ഉൾപ്പെടാൻ അർഹതയുള്ളവരെ ഉൾപ്പെടുത്താൻ അവസരമൊരുക്കുന്നുണ്ടോ; വിശദമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ

288 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിലും എ.എ.വൈ. വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായി ഒറ്റപ്പാലം മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൽ അനുകൂല തീരുമാനമെടുത്തുവെന്നും എത്ര അപേക്ഷകൾ നിരസിച്ചുവെന്നും പഞ്ചായത്ത് /മുനിസിപ്പാലിറ്റി തിരിച്ച് എണ്ണം അറിയിക്കാമോ;

(സി) ഇനിയും തീരുമാനമെടുത്തിട്ടില്ലാത്ത അപേക്ഷകൾ തീർപ്പാക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്ന പദ്ധതി

289 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതുതായി മാവേലി സ്റ്റോറുകളോ മാവേലി സൂപ്പർമാർക്കറ്റുകളോ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**ഗോഡൗണുകളിൽ നിന്നും യഥാസമയം സാധനങ്ങൾ എത്തിക്കുന്നതിന് നടപടി**

290 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോഡൗണുകളിൽ നിന്നും ലോറികളിൽ റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ എത്തിക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽ സപ്ലൈസ് വകുപ്പ് ഗോഡൗണുകളിൽ നിന്നും ചരക്കുകൾ യഥാസമയം റേഷൻ കടകളിൽ എത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**കുട്ടനാട്ടിൽ അടഞ്ഞു കിടക്കുന്ന റേഷൻ കടകൾ തുറക്കാൻ നടപടി**

291 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ അടഞ്ഞു കിടക്കുന്ന റേഷൻ കടകൾ തുറക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കടകൾ വഴി കൂടുതൽ ഭക്ഷ്യോൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**പുതിയ റേഷൻ കട അനുവദിക്കുന്നതിനുള്ള അപേക്ഷ**

292 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ ഗ്രാമപഞ്ചായത്തിൽ കുതിരാടത്ത് ഒരു പുതിയ റേഷൻ കട ആരംഭിക്കുന്നത് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) റേഷൻ കട അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് എപ്പോൾ പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കാമോ?

**പുതിയ റേഷൻകട അനുവദിക്കുന്നതിന് നടപടി.**

293 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി പഞ്ചായത്തിലെ 11-ാം വാർഡിൽ വെട്ടിപറമ്പ് എന്ന പ്രദേശത്ത് പുതിയതായി റേഷൻകട അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ആവശ്യപ്രകാരം റേഷൻ കട വെട്ടിപറമ്പിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**കെ.റ്റി.പി.ഡി.എസ്. ലെ അപാകതകൾ**

294 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലെ (കെ.റ്റി.പി.ഡി.എസ്.) അപാകതകൾ പരിഹരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കാൻ നിയോഗിച്ച മൂന്നംഗ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാനുള്ള നടപടികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

295 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം തടയാൻ നടപടി**

296 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം തടയുവാൻ എന്തെല്ലാം നടപടികളാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**സപ്ലൈക്കോയുടെ വിറ്റുവരവും ജീവനക്കാരുടെ വേതനവും**

297 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ വിറ്റുവരവ് ഇപ്പോൾ മുൻ വർഷത്തെ അപേക്ഷിച്ച് എത്രയെന്ന് വ്യക്തമാക്കാമോ; സപ്ലൈകോയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ എത്ര കോടി രൂപയാണ് സപ്ലൈകോയ്ക്ക് നൽകുവാനുള്ളത്; സാധനങ്ങൾ എത്തിച്ച വകയിൽ കരാറുകാർക്ക് എത്രമാസത്തെ കുടിശ്ശികയുണ്ട്; വ്യക്തമാക്കാമോ;

(സി) സപ്ലൈകോയിലെ പാക്കിംഗ്, ഡെയിലി വേജ് തൊഴിലാളികളുടെ കൂലി കൃത്യമായി വിതരണം ചെയ്തിട്ടുണ്ടോ; എത്രമാസത്തെ കൂലി കുടിശ്ശിക ഉണ്ട്; കുടിശ്ശിക

ഉണ്ടെങ്കിൽ എന്നേക്ക് വിതരണം ചെയ്യും; വിശദമാക്കാമോ;

(ഡി) സപ്ലൈക്കോ എംപ്ലോയീസ് വെൽഫയർ സൊസൈറ്റി നിലവിലുണ്ടോ; മുൻകാല ജീവനക്കാരിൽ നിന്നും ഈടാക്കിയ തുക അവരിൽ പിരിഞ്ഞ് പോകുകയോ രാജിവച്ച് പോകുകയോ ചെയ്തവർക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇങ്ങനെ 2004 മുതൽ പിരിഞ്ഞ് പോയവർക്ക് അവർ അടച്ച തുക നൽകാത്തതിന് കാരണം വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര തുക വിതരണം ചെയ്യാനുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവരുടെ അടച്ച തുക വിതരണം ചെയ്യാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

## <u>ഭക്ഷ്യപൊതുവിതരണവകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റം</u>

298 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈൻ മുഖാന്തിരമാക്കിക്കൊണ്ട് 2017-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ എന്നുമുതൽ നടപ്പാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ ഇതിനോടകം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) സപ്ലൈകോയിൽ ജോലിചെയ്യുന്ന സ്ഥിര ജീവനക്കാർക്കും അന്യത്ര സേവന വ്യവസ്ഥയിൽ ജോലിചെയ്യുന്ന ജീവനക്കാർക്കും ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>ഭക്ഷ്യസുരക്ഷാ വകുപ്പ് ജീവനക്കാരുടെ കുറവ് നികത്താൻ നടപടി</u>

299 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് ജീവനക്കാരുടെ കുറവ് മൂലം പരിശോധനകൾ യഥാസമയങ്ങളിൽ നടത്തുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പരിശോധന ലാബുകൾ ഉള്ളതെന്ന് വിശദമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ പരിശോധന ലാബുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അവ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>റേഷൻ വ്യാപാരിയുടെ വേതന പാക്കേജ്</u>

300 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരിയുടെ വേതനപാക്കേജ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയമിച്ച മൂന്നംഗ കമ്മീഷൻ റിപ്പോർട്ട് വ്യാപാരികളുമായി ചർച്ച ചെയ്ത് വൈകാതെ

നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

## പാലക്കാട് ജില്ലയിലെ നെല്ലുസംഭരണം

301 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെല്ലുസംഭരണം കർഷകർക്ക് ഗുണകരമായ രീതിയിൽ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സമയബന്ധിതമായി നെല്ല് എടുക്കുന്നതിനും കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനും നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## നെല്ലിന് താങ്ങുവില

302 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ താങ്ങുവില നൽകി ഏറ്റെടുക്കുന്ന നെല്ലിന്റെ ഉടമകളായ നെൽകർഷകർക്ക് ഇവയുടെ പണം യഥാസമയം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭരണ നെല്ലിന്റെ വില നൽകുന്നതിന് സർക്കാർ രൂപീകരിച്ച ബാങ്ക് കൺസോർഷ്യത്തിൽ ഏതൊക്കെ ബാങ്കുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) നെല്ലിന് താങ്ങുവില നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ എത്ര രൂപയാണ് സംസ്ഥാനത്തിന് നല്കാനുള്ളതെന്ന വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ഡി) സംഭരണവിലയായി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത് എത്ര രൂപയാണെന്നും സംസ്ഥാനം നൽകി വരുന്നത് എത്ര രൂപയാണെന്നും കേന്ദ്രവിലയേക്കാൾ അധികതുക സംസ്ഥാനം എന്ന മുതലാണ് നൽകുന്നതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സപ്ലൈകോ ഓണച്ചന്തകൾ

303 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് ന്യായവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനായി എത്ര കേന്ദ്രങ്ങളിലാണ് സപ്ലൈകോ ഓണച്ചന്തകൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യപൊതുവിതരണ വകുപ്പിന് കീഴിൽ ഗോഡൗൺ നിർമ്മാണം

304 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പുല്ലുപാറയിൽ ഭക്ഷ്യപൊതുവിതരണ വകുപ്പിന് കീഴിൽ ഗോഡൗൺ നിർമ്മാണം എന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി നിർമ്മാണോദ്ഘാടനം നടത്തിയ പദ്ധതിയുടെ തുടർനടപടികൾ മുന്നോട്ട് പോകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>ചങ്ങനാശ്ശേരിയിൽ സിവിൽ സപ്ലൈസിന്റെ ഗോഡൗൺ നിർമ്മിക്കുന്നതിന് നടപടി</u>**

305 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ സിവിൽ സപ്ലൈസിന്റെ ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മന്ത്രിയുടെ അധ്യക്ഷതയിൽ 09.02.2023-ന് ചേർന്ന യോഗതീരുമാന പ്രകാരം എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഗോഡൗൺ ലീസ് ഔട്ട് വ്യവസ്ഥയിൽ നിർമ്മിക്കുന്നത് പരിശോധിക്കാൻ പൊതു വിതരണ കമ്മിഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശ പ്രകാരം നാളിതുവരെയായി എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ?

**<u>പുതിയ മദ്യനയം</u>**

306 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പുതിയ മദ്യനയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ മദ്യനയത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ടൂറിസം വകുപ്പുമായി ചേർന്ന് സംസ്ഥാനത്ത് മദ്യശാലകൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പുതിയ മദ്യനയം പ്രഖ്യാപിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

**<u>ബാറുകളുടെ എണ്ണം</u>**

307 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ബാറുകളുണ്ട്; എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) നിലവിലെ സർക്കാർ ചുമതലയേറ്റശേഷം എത്ര പുതിയ ബാറുകൾ ആരംഭിച്ചിട്ടുണ്ട്; എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**<u>കേരള സ്റ്റേറ്റ് ബീവറേജസ് കോപ്പറേഷൻ ഔട്ട്ലെറ്റുകളിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ</u>**

308 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിൽ കണ്ടെത്തുന്ന സാമ്പത്തിക ക്രമക്കേടുകൾക്ക് പിഴ ഈടാക്കുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; പിഴ തുക കൂടാതെ അതിന്മേൽ 12% പലിശയും ജീവനക്കാരിൽ നിന്നും ഈടാക്കുന്നുണ്ടോ; ഇത്തരത്തിൽ പിഴ ഈടാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഉദ്യോഗസ്ഥർ തമ്മിലുള്ള വ്യക്തിപരമായ പകപോക്കലിനും ജീവനക്കാരെ മനഃപൂർവം ദ്രോഹിക്കുന്നതിനും ഇത്തരത്തിൽ പിഴ ഈടാക്കുന്ന സംവിധാനം ദുരുപയോഗം ചെയ്യുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സർവ്വീസ് പെൻഷന് അർഹതയില്ലാത്ത താഴ്ന്ന വിഭാഗം ജീവനക്കാരുൾപ്പെടെയുള്ളവർ വിരമിക്കുന്ന സമയത്ത് ലഭിക്കുന്ന മുഴുവൻ ആനുകൂല്യവും ഇത്തരത്തിൽ പിഴ ഇനത്തിൽ ഒടുക്കേണ്ടി വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകളുടെ സ്വഭാവവും ഗുരുതരാവസ്ഥയും സാഹചര്യവും കണക്കിലെടുത്ത് അതിന്മേൽ നീതീകരിക്കത്തക്ക രീതിയിൽ പിഴ ചുമത്തുന്ന തരത്തിൽ നിലവിൽ പിഴ കണക്കാക്കുന്ന മാനദണ്ഡം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

## <u>കള്ള് ഷാപ്പ് ലൈസൻസുകളുടെ എണ്ണം</u>

309 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പ് ലൈസൻസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ; പ്രതിദിനം എത്ര ലിറ്റർ കള്ളാണ് പ്രസ്തുത ഷാപ്പുകൾ വഴി വിറ്റഴിക്കുന്നത് എന്നതിന്റെ ജില്ലതിരിച്ചുള്ള ക്രോഡീകരിച്ച കണക്ക് ലഭ്യമാക്കാമോ; സംസ്ഥാനത്ത് എത്ര തെങ്ങ് /പനയിൽ നിന്നും കള്ള് ചെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന കള്ള് എത്ര ലിറ്ററാണ് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; സംസ്ഥാനത്തിന് പുറത്തുനിന്നും കള്ള് കൊണ്ടുവന്ന് വിതരണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിദിനം എത്ര ലിറ്റർ വിതരണം നടത്തുന്നുണ്ട്; വ്യക്തമാക്കുമോ ;

(സി) കള്ളിൽ അടങ്ങിയിരിക്കുന്ന അനുവദനീയമായ ആൽക്കഹോളിന്റെ അളവ് എത്രയാണ്; ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി വിധിക്കെതിരെ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ സർക്കാർ വിശദീകരണത്തിന്റെ ഭാഗമായി ആൽക്കഹോൾ കണ്ടെന്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാമെന്ന് സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

## കേരള സ്റ്റേറ്റ് ബീവറേജ്സ് കോപ്പറേഷനിലെ ജീവനക്കാരന്റെ ശമ്പളവും അലവൻസുകളും തടഞ്ഞുവയ്ക്കുന്നത്

310 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ (കെ.എസ്.ബി .സി) കോഴിക്കോട് വെയർഹൗസിനു കീഴിലുള്ള കെ.എസ്.ബി .സി ഔട്ട്ലറ്റ് ഷോപ്പിലെ ജീവനക്കാരനായിരുന്ന ശ്രീ.ശശികുമാർ.കെ എന്നയാൾ അദ്ദേഹത്തിന്റെ 2023 ജൂൺ മുതലുള്ള ശമ്പളവും അലവൻസുകളും ലഭ്യമാക്കാതെ തടഞ്ഞ് വച്ചതിനെ തുടർന്ന് ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇദ്ദേഹം ജോലി ചെയ്ത കാലയളവിലെ ശമ്പളവും അലവൻസുകളും നൽകാതെ തടഞ്ഞുവച്ചതിന്റെ കാരണവും അതിന് ഉത്തരവിട്ട ഉദ്യോഗസ്ഥന്മാരുടെ പേര് വിവരങ്ങളും ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഉത്തരവിട്ടതെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ കെ.എസ്. ബി.സി യിലെ മറ്റേതെങ്കിലും ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും തടഞ്ഞ് വയ്ക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരുടെ പേരും തസ്തികയും ജോലി ചെയ്യുന്ന സ്ഥലവും തടഞ്ഞു വയ്ക്കപ്പെട്ട ആനുകൂല്യങ്ങളും തടഞ്ഞ് വയ്ക്കാനുണ്ടായ കാരണവും വ്യക്തമാക്കാമോ;

(ഡി) സസ്പെൻഷനിലാകുന്ന ജീവനക്കാർക്ക് പോലും ഉപജീവന ബത്ത നൽകണമെന്ന വ്യവസ്ഥയുള്ളപ്പോൾ ജോലി ചെയ്തിട്ടും ശമ്പളവും അലവൻസുകളും തടഞ്ഞ് വയ്ക്കുന്നതിന് ഉത്തരവിട്ട് അധികാര ദുർവിനിയോഗം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

## എക്സൈസ് വകുപ്പിലെ ഡ്രൈവർ സ്റ്റാഫ് പാറ്റേൺ

311 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഡ്രൈവർമാരുടെ സ്റ്റാഫ് പാറ്റേൺ അവസാനമായി പരിഷ്കരിച്ചതെന്നാണ്; അതിൻപ്രകാരം എത്ര ഡ്രൈവർമാരുടെ തസ്തികകളാണ് നിലവിലുള്ളത്; ഇത് അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എക്സൈസ് വകുപ്പിൽ നിലവിൽ എത്ര വാഹനങ്ങളാണുള്ളത്; ഔദ്യോഗിക ഡ്രൈവർ തസ്തികയിലല്ലാത്ത ജീവനക്കാരെ വാഹനങ്ങൾ ഓടിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ ഉത്തരവുകൾ നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) എക്സൈസ് വകുപ്പിൽ ഡ്രൈവറായി നിയമനം ലഭിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകൾ എന്തൊക്കെയെന്നും ഇവർ നിർവഹിക്കേണ്ട ജോലികൾ എന്തൊക്കെയെന്നും വിശദമാക്കുമോ; ഡ്രൈവർമാരുടെ അഭാവത്തിൽ പകരം ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് മേൽപ്പറഞ്ഞ യോഗ്യതകളുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എക്സൈസ് വകുപ്പിൽ ഡ്രൈവർമാരുടെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കാമോ?

**വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ്**

312 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**മയക്കുമരുന്ന് കേസുകളിലെ നിയമ, ശിക്ഷാ നടപടികൾ പരിഷ്കരിക്കാൻ നടപടി**

313 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മുൻ വർഷവും ഈ വർഷം ഇതുവരെയും അനധികൃതമായി മയക്കുമരുന്ന് കൈവശം സൂക്ഷിക്കുകയും വിൽപന നടത്തുകയും ചെയ്തവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കാലയളവിൽ തൃശ്ശൂർ ജില്ലയിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) സിന്തറ്റിക് മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള മാരക മയക്കുമരുന്നുകൾ കൈവശം വയ്ക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവർക്കെതിരെ നടപടി എടുക്കുന്നതിന് നിലവിലുള്ള നിയമ, ശിക്ഷാ നടപടികൾ അപര്യാപ്തമായതിനാൽ മയക്കുമരുന്നു കേസുകളിൽ പിടിക്കപ്പെടുന്നവർ വീണ്ടും ഇത്തരം ഇടപാടുകളിൽ ഏർപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് തടയുന്നതിനായി നിലവിലുള്ള നിയമ, ശിക്ഷാ നടപടികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുമോ?

**ലഹരി മാഫിയ ഇല്ലായ്മ ചെയ്യുന്നതിന് നടപടി**

314 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കിടയിൽ പിടിമുറുക്കുന്ന ലഹരിമാഫിയയെ ഇല്ലായ്മ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ?

**മുക്കത്ത് ആരംഭിച്ച ബിവറേജ് ഔട്ട് ലെറ്റ്**

315 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്ത് മാനദണ്ഡപ്രകാരമാണ് മുക്കത്ത് പുതുതായി ബിവറേജ് ഔട്ട് ലെറ്റ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിനെതിരെ ആരെല്ലാം ഔദ്യോഗികമായി പരാതികൾ നൽകിയെന്ന് വ്യക്തമാക്കാമോ?

## കില

316 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 17/07/2020 ലെ സ. ഉ (കൈ ).നം 106/2020/ ത.സ്വ. ഭ.വ. ഉത്തരവ് പ്രകാരം തസ്തികകൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് കൈമാറിയതിന് ശേഷം ഇപ്പോൾ കില സെന്ററുകളിൽ ഉള്ള തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) 20-05-2023. ലെ സ.ഉ.(സാധാ) നം.1079/2023/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം തസ്തികകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) മേൽ ഉത്തരവുകൾ അനുസരിച്ച് കേഡർ സ്ട്രെങ്ത്ത് പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഏകീകൃത പൊതു സർവീസിൽ ഉൾപ്പെട്ട ഏതൊക്കെ തസ്തികകൾ എത്ര എണ്ണം വീതം കിലയിലും കിലയുടെ സെന്ററുകളിലും ഉണ്ടെന്നറിയിക്കുമോ?

## കൊച്ചി നഗരത്തിനായി മെട്രോപൊളിറ്റൻ ഡെവലപ്പ്മെന്റ് അതോറിട്ടി

317 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കൊച്ചി നഗരത്തിനായി മെട്രോപൊളിറ്റൻ ഡെവലപ്പ്മെന്റ് അതോറിറ്റി എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കൊച്ചി കോർപറേഷന് പുറമെ സമീപത്തുള്ള ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളാണ് പദ്ധതിയുടെ ഭാഗമാകുന്നത് എന്ന് വ്യക്തമാക്കുമോ; ഇതിനെ സംബന്ധിച്ച് പഠനം നടത്താനും തീരുമാനം എടുക്കാനും ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ; നിലവിലെ പുരോഗതി വിശദമാക്കുമോ;

(സി) കൊച്ചി കോർപറേഷൻ പരിധി വർധിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ ?

## കണ്ടാണശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിടം

318 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ. യുടെ 2017-18 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 30 ലക്ഷം അനുവദിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹണം നടത്തുന്ന കണ്ടാണശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കെട്ടിട നിർമ്മാണ ചട്ടങ്ങൾ കൈപുസ്തക രൂപത്തിൽ

319 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് എളുപ്പത്തിൽ മനസിലാവുന്ന വിധത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ കൈപുസ്തകമായി തയ്യാറാക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## തീരദേശ പരിപാലന നിയമം

320 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമത്തിൽ (സിആർ സെഡ് സോൺ ) ഇളവുകൾ അനുവദിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പൂർണ്ണ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേരളത്തിലെ എത്ര പഞ്ചായത്തുകൾ /മുൻസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ ആണ് ഇളവിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനെ സമീപിച്ചതെന്നും ആയതിൽ എത്ര തദ്ദേശ സ്ഥാപനങ്ങൾക്ക് ഇളവുകൾ ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർക്കാർ ആദ്യം ഉൾപ്പെടുത്തിയതിൽ ബാക്കിയുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടി ഇളവ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കൊച്ചി മെട്രോപ്പൊലിറ്റൻ ഡവലപ്മെന്റ് അതോറിറ്റി

321 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരമേഖലയുടെ വികസനം മുൻനിർത്തി കൊച്ചിയിൽ മെട്രൊപ്പൊലിറ്റൻ പ്ലാനിംഗ് കമ്മിറ്റിയും മെട്രൊപ്പൊലിറ്റൻ ഡവലപ്മെന്റ് അതോറിറ്റിയും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) മെട്രൊപ്പൊലിറ്റൻ പ്ലാനിംഗ് കമ്മിറ്റി രൂപീകരണം സംബന്ധിച്ച് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; സമിതിയുടെ ശിപാർശകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സമിതി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ ലൈഫ് മിഷൻ ഭവന പദ്ധതി

322 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാദാപുരം നിയോജക മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായി എന്നുമുള്ള വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

## സർക്കാർ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നല്കുന്നതിനുള്ള മാനദണ്ഡം

323 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിടം നിർമ്മിച്ചത് ബിൽഡിംഗ് റൂൾ പ്രകാരമാണെന്ന ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന പക്ഷം ആയത് പരിഗണിച്ച് സർക്കാർ കെട്ടിടങ്ങൾക്ക് നമ്പർ നല്കുന്നതിന് വ്യവസ്ഥയുണ്ടോ; പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർ സർട്ടിഫിക്കറ്റ് നല്കുന്ന പക്ഷം എൽ.എസ്.ജി.ഡി. എഞ്ചിനീയർ കൂടി പരിശോധന നടത്തേണ്ടതുണ്ടെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## തൃപ്പൂണിത്തുറ - കരിമുഗൾ റോഡിലെ ഡീറ്റൈൽഡ് ടൗൺ പ്ലാനിങ്ങ് സ്കീം.

324 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ - കരിമുഗൾ റോഡിലെ ഡീറ്റൈൽഡ് ടൗൺ പ്ലാനിങ്ങ് സ്കീം വേരിയേഷൻ സംബന്ധിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിലെ ആർ.ഡി.2/86/2024/ എൽ.എസ്.ജി.ഡി. എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## ലൈഫ് പദ്ധതി

325 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ എണ്ണം, പ്രസ്തുത പദ്ധതി ആരംഭിച്ചത് മുതൽ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭവനം ലഭിച്ചവർ, എഗ്രിമെന്റ് വച്ചവർ , ഭവനം ലഭ്യമാക്കേണ്ടവർ, സ്ഥലം വാങ്ങാൻ തുക സ്വരൂപിക്കാൻ സാധിക്കാത്തതിനാൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്തവർ എന്നിവരുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും സ്ഥലം വാങ്ങാൻ തുക സ്വരൂപിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇവർക്ക് വീട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; മറ്റ് സ്ഥലങ്ങളിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നതും, പൂർത്തിയായിട്ടുള്ളതുമായ ഫ്ലാറ്റുകളിൽ ഇവർക്ക് വീട് ലഭ്യമാക്കുവാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

326 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് ഒരു ദിവസം ഒരു വ്യക്തി എത്ര മണിക്കൂർ ജോലി ചെയ്യണമെന്നും ഏതെല്ലാം ജോലികളാണ് ചെയ്യേണ്ടതെന്നും വ്യക്തമാക്കാമോ;

(സി) തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച്

327 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുസർവീസ് രൂപീകരണത്തെ തുടർന്ന് സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അംഗീകരിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ ആകുന്ന ജീവനക്കാരുടെ സർവ്വീസ് പുസ്തകം പരിശോധിക്കുന്നതു സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച ഫയൽ നമ്പർ ഉണ്ടോ; പ്രസ്തുത ആവശ്യത്തിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തെ തുടർന്ന് മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്ന് ഡെപ്യൂട്ടേഷനിൽ പഞ്ചായത്തുകളിലേക്കും സർക്കാർ സ്ഥാപനങ്ങളിലേക്കും സ്ഥലംമാറ്റം ലഭിച്ച് അവിടെ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ എപ്രകാരം തയ്യാറാക്കി ആർക്കാണ് അംഗീകാരത്തിനായി അയയ്ക്കേണ്ടതെന്നും ഇത്തരത്തിൽ വിരമിച്ച ജീവനക്കാരന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിൽ മുൻസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ ഇരിക്കെ 31.5.2024 ൽ വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇത്തരത്തിൽ എത്ര ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിയിട്ടില്ല എന്നും അത് എന്നത്തേക്ക് കൊടുക്കാൻ സാധിക്കുമെന്നും അറിയിക്കുമോ;

(ഇ) പെൻഷൻപ്പറ്റി ആറുമാസം കഴിഞ്ഞിട്ടും പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ കിട്ടാത്ത അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ; 31-05-2025 ൽ പഴയ മുൻസിപ്പൽ കോമൺ സർവ്വിസിൽ നിന്നും

എത്ര പേർ വിരമിക്കുന്നു എന്നറിയിക്കാമോ; ഇവരുടെ പെൻഷൻ പേപ്പറുകൾ നേരത്തെ പ്രോസ്സസ്സ് ചെയ്തു വരുന്നുണ്ടോ; ഇവരുടെ പി.എഫ് ക്ലോഷർ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ആയത് പ്രോസസ്സ് ചെയ്തു നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കാമോ;

(എഫ്) തദ്ദേശസ്വയംഭരണ പൊതു സർവീസിന്റെ ഭാഗമായിട്ടുള്ള ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജീവനക്കാർ, നഗരപാലിക സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരുടെ പെൻഷൻ റൂൾസ് ഏകീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാരണത്താൽ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതു പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് എൽ.എസ്.ജി.ഡി. ഇയു /2624752, 2870741, 2624752, 2828967, 2633044 എന്നീ ഫയലുകളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; ഈ ഫയലുകളുടെ കണ്ടെന്റ് വിശദീകരിക്കാമോ ;

(ജി) മുനിസിപ്പൽ സർവീസിൽ ഉണ്ടായിരുന്നതും പൊതു സർവീസ് രൂപീകരണത്തിനു ശേഷം തനതു ഫണ്ട് ഇല്ലാത്ത ഓഫീസുകളിൽ നിന്നും റിട്ടയർ ചെയ്തവരുമായ ജീവനക്കാരുടെ ടെർമിനൽ ലീവ് സറണ്ടർ സ്പാർക് സംവിധാനം വഴി അനുവദിക്കാൻ സാധിക്കില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്പാർക്കിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>പട്ടാമ്പി മണ്ഡലത്തിലെ റോഡ് നവീകരണം</u>

328 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻ മന്ത്രി ഗ്രാമ് സഡക് യോജന -ഫേസ് III (പി.എം.ജി.എസ്.വൈ.) പദ്ധതിയിൽ പട്ടാമ്പി മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ നവീകരിക്കുന്നതിനായുള്ള ശിപാർശകളാണ് ഇനി പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടക്കുന്ന ഏതെല്ലാം ഗ്രാമീണ റോഡുകളിലാണ് ജല ജീവൻ മിഷൻ കുടിവെള്ള പദ്ധതികൾക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതെന്നും ആയതിന്റെ റീസ്റ്റോറേഷനാവശ്യമായ തുക ഇനിയും ലഭിക്കാത്ത സ്ഥലങ്ങളുണ്ടോയെന്നും അറിയിക്കാമോ;

(സി) പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണത്തിനു മുമ്പായി ഗ്രാമീണ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകിയിട്ടില്ലായെങ്കിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ഡി.എൽ.പി. (ഡാറ്റ ലോസ് പ്രിവൻഷൻ) പ്രകാരം സാധിക്കാത്ത സ്ഥിതിയുണ്ടാകുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ?

## <u>കോട്ടക്കൽ മണ്ഡലത്തിലെ ബസ്സ്റ്റാന്റുകളുടെ നവീകരണം</u>

329 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച കോട്ടക്കൽ ബസ് സ്റ്റാന്റ് നവീകരണ പ്രവൃത്തിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം സംബന്ധിച്ച പ്രൊപ്പോസലിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## വാതിൽപ്പടി സേവനവും അതിദരിദ്രരുടെ ഉന്നമനവും

330 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാതിൽപ്പടി സേവനം സംസ്ഥാനത്തെ എത്ര തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഇപ്പോൾ നടപ്പാക്കി വരുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഗുണഭോക്താക്കളിൽ ഭൂരഹിതരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതരായ എത്ര പേർക്ക് ഇതിനോടകം ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട ഭവനരഹിതരുടെയും ഇതിനോടകം ഭവനം ലഭ്യമാക്കിയവരുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എഫ്) അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട എത്ര കുടുംബങ്ങൾക്കാണ് ഭക്ഷണ കിറ്റ് വിതരണം ചെയ്യുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ജി) ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ ഇതിനോടകം നേരിട്ട് എത്ര തുക വിനിയോഗിച്ചിട്ടുണ്ട് ; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര തുക വിനിയോഗിച്ചിട്ടുണ്ട് ; പൊതു ജനങ്ങളിൽ നിന്നുള്ള വിഭവ സമാഹരണത്തിലൂടെ എത്ര തുക കണ്ടെത്തി വിനിയോഗിച്ചിട്ടുണ്ട് ; വിശദമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി

331 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്ന് ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുകയും എന്നാൽ നിലവിൽ നിർമ്മാണം ആരംഭിക്കാതിരിക്കുന്നതുമായ പ്രവൃത്തികളുടെ ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) വടക്കാഞ്ചേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഇനി ഭരണാനുമതി നൽകുന്നതിനായി പരിഗണനയിലുള്ള റോഡുകളുടെ മുൻഗണനാ ലിസ്റ്റ് ലഭ്യമാക്കാമോ;

(ഇ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള മാനദണ്ഡം വിശദമാക്കാമോ?

## ജില്ലാതല അദാലത്തുകൾ

332 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പ് മന്ത്രിയുടെ ജില്ലാതല അദാലത്ത് എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അദാലത്തിൽ എത്ര പരാതികൾ ലഭിച്ചു എന്നും എത്ര പരാതികളിൽ തീർപ്പു കൽപ്പിച്ചു എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;തൊ;

(സി) തീർപ്പു കൽപ്പിച്ച പരാതികളുടെ സ്വഭാവം ഏതൊക്കെയായിരുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) തീർപ്പു കൽപ്പിക്കാതെ കിടക്കുന്ന പരാതികളിൽ തീരുമാനമാകാത്തതെന്ത് കൊണ്ടാണെന്നും അവയിൽ ഒരിക്കലും തീരുമാനമെടുക്കാൻ കഴിയാത്ത പരാതികൾ എത്രയെണ്ണമുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അദാലത്തിൽ നിന്ന് ആർജിച്ച അനുഭവത്തിന്റെയും അറിവിന്റെയും അടിസ്ഥാനത്തിൽ ജനജീവിതം സുഗമമാക്കുന്നതിനും സാങ്കേതികത്വം മറികടക്കുന്നതിനും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## പാലാ മണ്ഡലത്തിലെ മാളോലക്കടവ് പാലം

333 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ കൊഴുവനാൽ പഞ്ചായത്തിൽ മാളോലക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.ഒ.സി.യ്ക്കായി സമർപ്പിച്ച അപേക്ഷയുടെ (ഇ1/ഡബ്ല്യൂ5പി/688/2024) നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് അടിയന്തരമായി എൻ.ഒ.സി. ലഭ്യമാക്കി പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

334 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര ഒഴിവുകളുണ്ടെന്ന കണക്ക് സ്ഥാപനവും തസ്തികയും തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ എത്ര കാലമായി തുടരുന്നുവെന്ന കണക്ക് സ്ഥാപനവും തസ്തികയും തിരിച്ച് ലഭ്യമാക്കാമോ;

(സി) ജീവനക്കാരുടെ അഭാവം മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## തൃശ്ശൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

335 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റുകളിൽ തൃശ്ശൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാനുള്ള പ്രവൃത്തികൾ

336 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ ബജറ്റിൽ 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാനുള്ള പ്രവൃത്തികളുടെ പേര്, തുക എന്നിവ തരം തിരിച്ച് ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

## തോടുകളിലെ കയർ ഭൂവസ്ത്ര സംരക്ഷണ പ്രവൃത്തികൾ

337 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല സംരക്ഷണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കിലോമീറ്റർ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കയർ ഭൂവസ്ത്രമുപയോഗിച്ച്എത്ര തോടുകളിൽ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; സംസ്ഥാനത്ത് കയർ ഭൂവസ്ത്രമുപയോഗിച്ച് എത്ര കിലോമീറ്റർ സംരക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ഭക്ഷ്യ സംസ്കരണ കേന്ദ്രം

338 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഈ സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളത്; സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭക്ഷ്യസംസ്കരണ കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രത്യേക യോഗത്തിൽ തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ;

(സി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

339 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## കക്കൂസ് മാലിന്യം ശാസ്ത്രീമായി സംസ്കരിക്കുന്നതിന് നടപടി

340 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കൂസ് മാലിന്യം ജലാശയങ്ങളിലും പാടശേഖരങ്ങളിലും തള്ളുന്നത് സംബന്ധിച്ച പരാതികൾക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിയ്ക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കക്കൂസ് മാലിന്യം ശാസ്ത്രീമായി സംസ്കരിക്കുന്നതിന് സർക്കാർ/ സ്വകാര്യ തലത്തിൽ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നയം രൂപീകരിക്കുമോ?

## കെട്ടിട നിർമ്മാണ ഫീസ്

341 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ് എന്നിവ ക്രമാതീതമായി വർദ്ധിപ്പിച്ചത് കുറയ്ക്കുവാൻ ഉത്തരവിറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഏത് തരത്തിലുള്ള കുറവുകളാണ് വരുത്തിയെന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ ഉപഭോക്താക്കളിൽ നിന്നും കൂടുതലായി വാങ്ങിയ തുക തിരിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉപഭോക്താക്കൾ ഇതിനായി എന്തെങ്കിലും അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഇരവിപുരം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ

342 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകളുടെ പേരും ദൈർഘ്യവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ ഗതാഗതയോഗ്യമല്ലാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ടി റോഡുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്/പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച്

343 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട്/പ്ലാൻ ഫണ്ട് വിനിയോഗിച്ച് പൊതുമരാമത്ത് കെട്ടിടങ്ങൾ വിഭാഗം, മറ്റ് അംഗീകൃത ഏജൻസികൾ എന്നിവ മുഖേന പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങൾക്കും, നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്കും, നിലവിലെ കെട്ടിട നിർമ്മാണ ചട്ടത്തിൽ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നതിൽ വന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പല സ്കൂൾ കെട്ടിടങ്ങൾക്കും ഫിറ്റ്നസോ/പെർമിറ്റോ ലഭിക്കുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

## പൊതുകുളങ്ങളുടെ നവീകരണം

344 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ മണ്ഡലത്തിൽ പൊതുകുളങ്ങളുടെ പുനരുദ്ധാരണവും സംരക്ഷണവും വഴി എത്ര പൊതുകുളങ്ങൾ വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇനിയും സംരക്ഷിക്കാത്ത എത്ര പൊതുകുളങ്ങൾ ഉണ്ടെന്ന വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് അറിയിക്കാമോ?

**തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ സംബന്ധിച്ച്**

345 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് 2021 മുതൽ അസിസ്റ്റന്റ് എൻജിനിയർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് തദ്ദേശവകുപ്പിലേക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്; ഇതിൽ എത്ര പേർ ഇതുവരെയായി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**കോട്ടായി പഞ്ചായത്ത് പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി**

346 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ തരൂർ മണ്ഡലത്തിലെ കോട്ടായി പഞ്ചായത്ത് പി.എച്ച്.സി കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**തിരുവല്ല മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

347 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അനുവദിച്ചിരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) സാങ്കേതിക കാരണങ്ങളാൽ പൂർത്തീകരിക്കുവാൻ സാധിക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതി ദീർഘിപ്പിച്ച് നൽകുമോ; വ്യക്തമാക്കാമോ?

**വാർഡുകളുടെ പുനർവിഭജനം**

348 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ലെ തദ്ദേശ തെരഞ്ഞെടുപ്പിന് മുൻപായി വാർഡുകൾ പുനർവിഭജിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വാർഡുകളുടെ എണ്ണം നിശ്ചയിക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; 2015-ൽ നിലവിൽ വന്ന തദ്ദേശ സ്ഥാപനങ്ങളിലെ വാർഡുകൾക്ക് 2011 ലെ സെൻസസ് ആണ് അടിസ്ഥാനമെങ്കിൽ അവയിൽ വീണ്ടും വാർഡ് വിഭജനം നടത്തുന്നുണ്ടോ; എങ്കിൽ എന്താണ് മാനദണ്ഡമെന്നും ഏതൊക്കെ പഞ്ചായത്തുകളിലും നഗരസഭകളിലുമാണ് ഇങ്ങനെ നടപടികൾ വേണ്ടി വരുന്നതെന്നും വിശദമാക്കുമോ;

(സി) വാർഡുകളുടെ എണ്ണം കൂടേണ്ടതില്ലെന്ന് നിശ്ചയിച്ച പഞ്ചായത്തുകളും നഗരസഭകളും ഏതെല്ലാമെന്നും അതിന് കാരണമെന്തെന്നും അറിയിക്കാമോ; വാർഡുകളുടെ എണ്ണം കുറയുന്ന തദ്ദേശ സ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) വാർഡ് വിഭജനത്തിനു മുൻപായി സംവരണ വാർഡുകളുടെ എണ്ണം നിശ്ചയിച്ചപ്പോൾ നിലവിലുള്ളതിനെ അപേക്ഷിച്ച് എത്ര വീതം വാർഡുകളാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും വനിത, പട്ടികജാതി പട്ടികവർഗ്ഗം, പട്ടികജാതി വനിത, പട്ടികവർഗ്ഗ വനിത എന്നീ വിഭാഗങ്ങളിലുമായി ആകെ വർധിച്ചിട്ടുള്ളതെന്നും ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

## ആൾപ്പാർപ്പില്ലാത്ത വീടുകൾക്ക് നികുതി ഈടാക്കാൻ നടപടി

349 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾപ്പാർപ്പില്ലാതെ കിടക്കുന്ന (1400 സ്ക്വയർ ഫീറ്റിന് മുകളിലുള്ള) എത്ര വീടുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) അത്തരം വീടുകൾക്ക്(കെട്ടിടങ്ങൾക്ക്) പ്രത്യേക നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ നടപടി

350 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ മണ്ഡലത്തിൽ മാറാക്കര പഞ്ചായത്തിലെ മലയിൽഭാഗത്ത് കുടിവെള്ളം ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനായുള്ള സ്ഥലം വാട്ടർ അതോറിറ്റിയ്ക്ക് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് (ഫയൽ നമ്പർ: ആർഇ3 /157/2024/എൽ.എസ്.ജി. ഡി.) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മലയിൽഭാഗത്ത് കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കായംകുളം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ റോഡുകൾ

351 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ, അവയുടെ ദൈർഘ്യം എന്നീ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; ടി റോഡുകളുടെ ആസ്തി വികസന രജിസ്റ്ററിലെ പേരുകൾ ലഭ്യമാക്കാമോ?

## ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം

352 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം നാളിതുവരെ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം ലഭ്യമല്ലാത്തതിനാൽ ഇന്റർ ട്രാൻസ്ഫർ പോളിസി പ്രകാരം 5 വകുപ്പുകളിലേക്കും പരസ്പരം സ്ഥലംമാറ്റം ചെയ്യപ്പെട്ട ജീവനക്കാർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ നടപ്പിലാക്കണമെന്ന് 19.05.22-ൽ പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ വ്യക്തമായ ശിപാർശയിന്മേൽ രണ്ട് വർഷം കഴിഞ്ഞിട്ടും നയപരമായ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയ ഫയലിന്റെ കുറിപ്പ് ഫയൽ അടക്കമുള്ളവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ ആദ്യ വർഷത്തെ നയപ്രഖ്യാപന രേഖയിൽ അടക്കം സൂചിപ്പിച്ച ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണത്തിന്റെ കാതലായ ഭാഗം, ഭരണം തുടങ്ങി നാല് വർഷത്തോടടുക്കുമ്പോഴും പൂർത്തീകരിക്കുവാൻ സാധിക്കാത്തത് ഗൗരവമമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

## പൊതു സ്ഥലത്ത് മാലിന്യം നിക്ഷേപിച്ചതിനെതിരെയുള്ള കേസ്സുകൾ

353 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024 ജനുവരി മുതൽ സെപ്റ്റംബർ 15 വരെയുള്ള കാലയളവിൽ പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിച്ചതിന് എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നും, അവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, പ്രസ്തുത കാലയളവിൽ പിഴയിനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പിഴത്തുക നിശ്ചയിക്കുന്നതിലെ മാനദണ്ഡം എന്താണെന്നും, ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കുന്നതെന്നും വ്യക്തമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി

354 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താമോ; കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

## 2020-ലെ ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾ

355 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ 2020 -ലെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിതരായവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിലെ ഭൂമിയുള്ള ഭവനരഹിതരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനോടകം ഓരോ ജില്ലയിലും എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്നുള്ളതിന്റെ ഓരോ ഇനത്തിലുമുള്ള കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഹഡ്കോ വായ്പ ആവശ്യപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി വായ്പാ തുക ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുസ്ഥലംമാറ്റം

356 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലംമാറ്റം 2024-മായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രിൻസിപ്പൽ ഡയറക്ടർ നടത്തിയിട്ടുള്ള സ്ഥലം മാറ്റത്തിൽ ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയായ ജീവനക്കാരനെ, അതേ സ്റ്റേഷനിലേക്ക് തന്നെ സ്ഥലംമാറ്റം അനുവദിച്ച് സംരക്ഷണം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇൻ സ്റ്റേഷൻ സീനിയോരിറ്റി പ്രകാരം 3 വർഷം കഴിഞ്ഞ സീനിയർ ആയിട്ടുള്ള ജീവനക്കാരെ, അതേ സ്റ്റേഷനിൽ നിലനിർത്തി ജൂനിയേഴ്സിനു സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ട് എത്രനാൾക്കുള്ളിൽ തിരികെ അതേ സ്റ്റേഷനിലേക്ക് മാറ്റം അനുവദിക്കുമെന്ന് അറിയിക്കുമോ; 3 വർഷത്തിലധികമായി ഒരു സ്റ്റേഷനിൽ ജോലി

ചെയ്ത ജീവനക്കാരെ സ്ഥലം മാറ്റിയതിനു ശേഷം, ചട്ടവിരുദ്ധമായി ഏതാനും ദിവസങ്ങൾക്കുള്ളിൽ തിരികെ അതേ സ്റ്റേഷനിലേക്ക് മാറ്റം അനുവദിക്കുന്ന നിയമന അധികാരികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(ഡി) പൊതു സ്ഥലംമാറ്റം-2024 അപ്പീലുകൾ/ആക്ഷേപങ്ങൾ എത്ര ദിവസത്തിനുള്ളിലാണ് തീർപ്പാക്കേണ്ടതെന്നറിയിക്കുമോ; അത് പ്രകാരം 2024 -ലെ അപ്പീലുകൾ/ആക്ഷേപങ്ങൾ തീർപ്പാക്കിയിട്ടുണ്ടോ; ഓരോ തസ്തികയുടെയും അപ്പീലുകൾ/ആക്ഷേപങ്ങൾ തീർപ്പാക്കുന്നത് ഏത് വിഭാഗമാണെന്നറിയിക്കുമോ;

(ഇ) പ്രിൻസിപ്പൽ ഡയറക്ടർ നടത്തിയിട്ടുള്ള സ്ഥലംമാറ്റങ്ങളിൽ വിടുതൽ ആകാതെ, ഇപ്പോഴും അതേ സ്റ്റേഷനിൽ തുടരുന്ന ജീവനക്കാർ ആരൊക്കെയാണ്; ഇവർ ഇങ്ങനെ തുടരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

## ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി /ബി.ഡി.ഒ./സീനിയർ സൂപ്രണ്ട് തസ്തികകളുടെ സീനിയോരിറ്റി പട്ടിക

357 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബി.ഡി.ഒ/സീനിയർ സൂപ്രണ്ട് തസ്തികകളുടെ 31/12/2022 വരെയുള്ള കരട്/അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; പകർപ്പ് നൽകുമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിന് മുൻപും ശേഷവുമുള്ള പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി-സീനിയർ സെക്രട്ടറി, ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി - സീനിയർ സെക്രട്ടറി, മുനിസിപ്പൽ കോമൺ സർവീസിലെ സെക്രട്ടറി ഗ്രേഡ് -3 സെക്രട്ടറി ഗ്രേഡ് -2, സെക്രട്ടറി ഗ്രേഡ്-1 തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ?

## തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി

358 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; ഈ പദ്ധതി അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അപേക്ഷ സമർപ്പിക്കേണ്ടത് ഏങ്ങനെയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം പ്രവൃത്തികൾ ആണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

359 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓരോ ഓഫീസിലും ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്; വിശദമാക്കാമോ;

(ബി) ഓരോ ഓഫീസിലും നിലവിൽ ഏതെല്ലാം തസ്തികകളിൽ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്; വ്യക്തമാക്കാമോ;

(സി) ടി സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികകളിലാണ് സ്ഥിരം ജീവനക്കാർ ഇല്ലാത്തത്; വിശദമാക്കാമോ;

(ഡി) ഒഴിവുകളുള്ള തസ്തികകളിൽ എപ്പോൾ നിയമനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## തദ്ദേശസ്വയഭരണ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ

360 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലംമാറ്റം 2024 -മായി ബന്ധപ്പെട്ട് മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രിൻസിപ്പൽ ഡയറക്ടർ നടത്തിയിട്ടുള്ള സ്ഥലം മാറ്റത്തിൽ ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയായ ജീവനക്കാരനെ അതെ സ്റ്റേഷനിലേക്ക് തന്നെ സ്ഥലം മാറ്റം അനുവദിച്ച് സംരക്ഷണം നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇൻസ്റ്റേഷൻ സീനിയോറിറ്റി പ്രകാരം 3 വർഷം കഴിഞ്ഞ സീനിയർ ആയിട്ടുള്ള ജീവനക്കാരെ അതേ സ്റ്റേഷനിൽ നിലനിർത്തി ജൂനിയേഴ്സിന് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഒരു സ്റ്റേഷനിൽ 3 വർഷം കഴിഞ്ഞ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ട് എത്രനാൾക്കുള്ളിൽ തിരികെ അതെ സ്റ്റേഷനിലേക്ക് മാറ്റം അനുവദിക്കുമെന്ന് അറിയിക്കുമോ; 3 വർഷത്തിലധികമായി ഒരു സ്റ്റേഷനിൽ ജോലി ചെയ്ത ജീവനക്കാരെ സ്ഥലം മാറ്റിയതിനു ശേഷം ചട്ടവിരുദ്ധമായി ഏതാനും ദിവസങ്ങൾക്കുള്ളിൽ തിരികെ അതേ സ്റ്റേഷനിലേക്ക് ജീവനക്കാർക്ക് മാറ്റം അനുവദിക്കുന്ന നിയമന അധികാരികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(ഡി) പൊതുസ്ഥലംമാറ്റം-2024 പ്രകാരം അപ്പീലുകൾ/ആക്ഷേപങ്ങൾ എത്ര ദിവസത്തിനുള്ളിലാണ് തീർപ്പാക്കേണ്ടതെന്നറിയിക്കുമോ; 2024 -ലെ അപ്പീലുകൾ/ആക്ഷേപങ്ങൾ തിർപ്പാക്കിയിട്ടുണ്ടോയെന്നും ഓരോ തസ്തികയുടെയും അപ്പീലുകൾ/ആക്ഷേപങ്ങൾ തീർപ്പാക്കുന്നത് ഏത് വിഭാഗമാണെന്നും അറിയിക്കുമോ;

(ഇ) 2024-ൽ പ്രിൻസിപ്പൽ ഡയറക്ടർ നടത്തിയിട്ടുള്ള സ്ഥലം മാറ്റങ്ങളിൽ വിടുതൽ ആകാതെ ഇപ്പോഴും അതേ സ്റ്റേഷനിൽ തുടരുന്ന ജീവനക്കാർ ആരൊക്കെയാണ്; ഇവർ ഇങ്ങനെ തുടരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

361 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ?

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കാൻ പദ്ധതി

362 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിന് ആസൂത്രണം ചെയ്തു വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവർത്തന മികവിന്റെയും വിവിധ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന്റെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ പുരസ്കാരങ്ങൾ നേടുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം നഗരസഭയ്ക്ക് ഏതെല്ലാം വിഭാഗങ്ങളിലായി എന്തെല്ലാം പുരസ്കാരങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

## തമ്മാനിമറ്റം ശുക്ക്പാല പുനർനിർമ്മാണം

363 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തമ്മാനിമറ്റം ശുക്ക് പാലം 5.37 കോടി രൂപ ചെലവിൽ പുതിയ ഡിസൈൻ റെക്കമെന്റേഷൻ അനുസരിച്ച് പുനർനിർമ്മിക്കുന്നതിനുള്ള സാങ്കേതികാനുമതി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പുതിയ ഡിസൈൻ അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പാലത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് തടസങ്ങൾ നിലവിലുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സാങ്കേതിക തടസ്സങ്ങൾ വേഗത്തിൽ പരിഹരിച്ച് പുനർനിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ഫ്ലഡ് റിലീഫ് സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികൾ

364 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ഫ്ലഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പഞ്ചായത്ത്/ മുൻസിപ്പാലിറ്റികളിൽ പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ നിലവിൽ 2023-24 വർഷത്തെ ഫ്ലഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി മുൻസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## അഴീക്കോട് പഞ്ചായത്തിൽ പെന്റിംഗിലുള്ള കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ

365 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ അഴീക്കോട് പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷിച്ചവരിൽ സി.ആർ.ഇസഡ് (കോസ്റ്റൽ റഗുലേഷൻ സോൺ) പരിധിയിൽ വരുന്ന എത്ര അപേക്ഷകൾ പെന്റിംഗിൽ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതിയ സി.ആർ.ഇസഡ് (കോസ്റ്റൽ റഗുലേഷൻ സോൺ) പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പരിധി പഞ്ചായത്ത്, നഗരസഭ , കോർപ്പറേഷൻ എന്നീ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്

366 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്കൂൾ കോമ്പൗണ്ടുകളിൽ വീണ്ടും അധിക നിർമ്മാണം നടത്തുന്നതിനായി നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുമതി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് അനുവദിക്കുന്ന ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മലപ്പുറം മണ്ഡലത്തിലെ മൊറയൂർ പഞ്ചായത്ത് പരിധിയിലുള്ള ഒഴുകൂർ ഗവൺമെന്റ് യു.പി. സ്കൂളിലെ കെട്ടിടം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള കവറേജ് പ്രശ്നം പരിഹരിക്കുവാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.10.2023 ലെ ത.സ്വ.ഭ.വ/പി.ഡി./57827/2023-എ.ആർ.1 നമ്പർ കത്തിന്റെയും ജോയിന്റ് ഡയറക്ടറുടെ ത.സ്വ.ഭ.വ./ജെ.ഡി./എം.പി.എം./7078/2023-എഫ്4

നമ്പർ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ വിമൻസ് ഫെസിലിറ്റേഷൻ സെന്റർ

367 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിമൻസ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## ഐ.ടി.ഐ- യുടെ ഉടമസ്ഥാവകാശം

368 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന പട്ടികജാതി വികസനവകുപ്പിന്റെ ഐ.ടി.ഐ നിലനിൽക്കുന്ന സ്ഥലം ആരുടെ ഉടമസ്ഥതയിൽ/ കൈവശം ഉള്ളതാണ് എന്ന വിവരം ലഭ്യമാക്കുമോ;

(ബി) തെക്കേക്കര വില്ലേജ് പരിധിയിലുള്ള ഐ.ടി.ഐയും അതിനോട് ചേർന്ന് കിടക്കുന്നതും അങ്കണവാടി ഉൾപ്പെടെ പ്രവർത്തിക്കുന്നതുമായ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ വകുപ്പിനാണോയെന്ന് വ്യക്തമാക്കാമോ; വിശദ വിവരം ലഭ്യമാക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

369 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ എത്ര ശതമാനമാണ് 2024-25 സാമ്പത്തിക വർഷം വെട്ടികുറച്ചതെന്ന് വിശദീകരിക്കുമോ;

(ബി) 2023-24, 2024-25 വർഷങ്ങളിലെ പെന്റിങ് ബില്ലുകളിൽ ഇനി എത്ര ബില്ലുകൾക്ക് തുക നൽകുവാനുണ്ടെന്നും എത്ര ബില്ലുകളുടെ തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

## എം.എൽ.എ ആസ്തി വികസന ഫണ്ട്

370 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവ ഉപയോഗിച്ച് കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റേയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദമാക്കാമോ?

## <u>പീപ്പിൾസ് റോഡ് വികസനം</u>

371 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിലെ പീപ്പിൾസ് റോഡ് വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിനു ബജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ അക്വിസിഷൻ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## <u>റീബിൽഡ് കേരള പദ്ധതി</u>

372 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല മണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## <u>സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ നികത്തുന്നതിനുള്ള നടപടി</u>

373 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സെക്രട്ടറി ഉൾപ്പെടെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾക്കും തടസ്സം നേരിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിദിനം ലഭ്യമാകുന്ന കെട്ടിട പെർമിറ്റുകളും മറ്റ് അപേക്ഷകളും, മരാമത്ത് പ്രവർത്തികളും ഉൾപ്പെടെയുള്ള ജോലികൾ സുഗമമായി നടപ്പിലാക്കാൻ പ്രയാസം നേരിടുന്നതിനാൽ ആവശ്യമായ ജീവനക്കാരെ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് കാരണം എം.എൽ.എ ഫണ്ട് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് തടസ്സം

നേരിടുന്നതിനാൽ ആവശ്യമായ ജീവനക്കാരെ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ?

**<u>കോതമംഗലം നഗരസഭയിൽ മോഡേൺ ക്രിമറ്റോറിയം</u>**

374 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരസഭാ പരിധിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുകൊണ്ട് നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള മോഡേൺ ക്രിമറ്റോറിയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസങ്ങൾ നീക്കി മോഡേൺ ക്രിമറ്റോറിയം നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>സാമൂഹ്യസുരക്ഷാ പെൻഷനിൽ കേന്ദ്ര വിഹിതം</u>**

375 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ കേന്ദ്രവിഹിതം ഏതെല്ലാം പെൻഷനുകൾക്കാണ് നൽകുന്നത് എന്നും എത്ര തുകയാണ് നൽകുന്നത് എന്നും വിശദമാക്കാമോ;

(സി) നിലവിൽ പെൻഷൻ ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് തുക ലഭിക്കാനുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത കുടിശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>തെരുവ് നായ്ക്കളുടെ ആക്രമണം തടയാൻ നടപടി</u>**

376 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര ഗ്രാമ വ്യത്യാസമില്ലാതെ തെരുവ് നായ്ക്കളുടെ എണ്ണം പെരുകി വരുന്നതും ആക്രമണകാരികൾ ആകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാട്ടുകാരെ ആക്രമിച്ച നായ്ക്കൾക്ക് പേവിഷ ബാധ ഉള്ളതായി സ്ഥിരീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അലഞ്ഞുതിരിഞ്ഞ് നടക്കുന്ന മുഴുവൻ നായ്ക്കൾക്കും സമയബന്ധിതമായി വാക്സിനേഷൻ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>ജലജീവൻ പദ്ധതി കാരണം റോഡുകൾ കുഴിച്ചത്</u>**

377 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ പദ്ധതിയുടെ പൈപ്പുകൾ ഇടുന്നതിന് എത്ര ഗ്രാമീണ റോഡുകൾ കുഴിച്ചിട്ടുണ്ടെന്നും അതിൽ എത്ര എണ്ണം ഇതുവരെ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിശദാമാക്കുമോ;

(ബി) ജലജീവന്റെ പ്രവൃത്തി കാരണം കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ ഗ്രാമ പഞ്ചായത്തിനും എത്ര പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കി മാറ്റേണ്ടി വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമീണ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ഓരോ പഞ്ചായത്തുകളിലും സ്വീകരിച്ച നടപടി വിശദമാക്കുമോ?

## ലൈഫ് മിഷൻ വീട് നിർമ്മാണം

378 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നും ആയതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായി എന്നുമുള്ള വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

## പൊതുസ്ഥലങ്ങളിലെ ശുചീകരണം

379 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു സ്ഥലങ്ങളിൽ തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് ശാശ്വതമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പൊതു വഴികളിലെയും പൊതു ഇടങ്ങളിലെയും ശുചീകരണം നടത്തുന്നതിന് ശാശ്വതമായ സംവിധാനം നടപ്പിലാക്കുമോ; വിശദമാക്കാമോ;

(സി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള 22 വാർഡുകളിലെ പബ്ലിക് മാർക്കറ്റുകളിൽ ശുചിത്വം ഉറപ്പാക്കുന്നതിനും വിൽക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## ലൈഫ് ഭവന പദ്ധതി

380 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയിലൂടെ നാളിതുവരെ എത്ര വീടുകളാണ് പൂർത്തിയായിട്ടുള്ളത്; വിശദമാക്കുമോ;

(ബി) തരൂർ മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയിലൂടെ എത്ര വീടുകളാണ് പൂർത്തിയായിട്ടുള്ളത്; എത്ര വീടുകൾ നിർമ്മാണഘട്ടത്തിലുണ്ട്; വിശദമാക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്

381 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട്, നഗരകാര്യ പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന കണ്ടിജന്റ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്നത് വിശദമാക്കാമോ ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം സ്പാർക്ക് മുഖേനയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി നിർവഹിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## <u>പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമ്മാണം</u>

382 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുള്ള പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമ്മാണ പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് 3 ലക്ഷം രൂപ അനുവദിച്ചതിൽ എന്തെല്ലാം തുടർനടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസിന്റെ വർദ്ധനവിൽ ഇളവ്</u>

383 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, ലേ ഔട്ട് പരിശോധനാ ഫീസ് എന്നിവ വർദ്ധിപ്പിച്ച 2023 ഏപ്രിൽ 10 മുതൽ, 2024 ജൂലൈ 30 വരെ എത്ര അപേക്ഷകളാണ് പഞ്ചായത്തുകളിലും നഗരസഭകളിലുമായി ലഭിച്ചത്; ഇവയിലായി എന്ത് തുകയാണ് അപേക്ഷകർ ഫീസായി അടച്ചത്; വിശദമാക്കുമോ;

(ബി) 2024 ഓഗസ്റ്റ് 1 മുതൽ കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് ഇളവു ചെയ്ത ശേഷം പിരിച്ച അധിക ഫീസിനത്തിൽ എത്ര അപേക്ഷകർക്ക് എന്തു തുകയാണ് തിരിച്ചു നൽകാനുള്ളത്; വിശദമാക്കുമോ;

(സി) അധിക ഫീസ് തിരിച്ചു നൽകുന്നതിന് എത്ര നാളത്തെ സാവകാശമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരിക്കുന്നത്; ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) ഫീസ് വർദ്ധിപ്പിച്ചത് കഴിഞ്ഞ സാമ്പത്തിക വർഷവും തിരിച്ചു കൊടുക്കേണ്ടി വരുന്നത് ഈ സാമ്പത്തികവർഷവും ആണെന്നതിനാൽ ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് നടപടികളെ ബാധിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കുമോ;

(ഇ) കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് വർധിപ്പിച്ചപ്പോഴും പിന്നീട് ഇളവ് ചെയ്തപ്പോഴും കേരള പഞ്ചായത്ത്‌രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങളുടെ ഭാഗമായ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇതിനായി ഭേദഗതി വരുത്തിയിരുന്നോ; പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്താതെ ഫീസ് വർദ്ധിപ്പിച്ചത് നിയമവിരുദ്ധമാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## മാവേലിക്കര തെക്കേകര ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക് ക്രിമറ്റോറിയം നിർമ്മാണം

384 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തെക്കേകര ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക് ക്രിമറ്റോറിയം നിർമ്മിക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ടി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഉത്സവസീസണുകളിൽ കുടുംബശ്രീ വിപണന മേളകൾ

385 **ശ്രീ. കെ. ആൻസലൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ഓണാഘോഷങ്ങളുടെ ഭാഗമായി കുടുംബശ്രീ നടത്തിയ വിപണനമേളകൾക്ക് പൊതുവിപണിയിൽ മെച്ചപ്പെട്ട ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മുൻവർഷങ്ങളിൽ നിന്നും എന്തെല്ലാം പ്രത്യേകതകളാണ് ഇത്തവണത്തെ വിപണനമേളകളെ കൂടുതൽ ആകർഷകമാക്കിയതെന്ന് വിശദമാക്കുമോ; എത്രകോടിയുടെ വിറ്റുവരവാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാതലത്തിൽ നടത്തിയ വിപണന മേളകളുടെ എണ്ണത്തിലും, വിറ്റുവരവിലും മുൻപന്തിയിലെത്തിയത് ഏതെല്ലാം ജില്ലകളാണെന്ന് അറിയിക്കുമോ;

(ഡി) ഉത്സവ സീസണുകളിൽ കുടുംബശ്രീയുടെ വിപണനമേളകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

## കടുത്തുരുത്തി ഗവ:പോളിടെക്നിക്കിന്റെ പഞ്ചായത്ത് വക സ്ഥലം വിവിധ ആവശ്യങ്ങൾക്ക് കൈമാറൽ

386 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിന്റെ പഞ്ചായത്ത് വക സ്ഥലം സംബന്ധിച്ച് എൽ.എസ്.ജി.ഡി./ആർ.ഇ1/13/2024 നമ്പർ ഫയലിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർക്കും കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും 21-06-24-ൽ നൽകിയ കത്തിന് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പൊതുവഴിക്കായി നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതി തിട്ടപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കാൻ ഉണ്ടാകുന്ന കാലതാമസം വിശദീകരിക്കാമോ; പൊതുവഴി സംബന്ധിച്ച് കൃഷി വകുപ്പ് എൻ.സി.എ സെക്ഷൻ നൽകിയിരിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പോളിടെക്നിക്കിന് സ്ഥലം ഏറ്റെടുത്തപ്പോൾ കിടപ്പാടം നഷ്ടമായ ഡേവിസ് കടുപിത്തറ എന്നയാൾക്ക് മൂന്ന് സെൻറ് സ്ഥലം നൽകണമെന്ന ആവശ്യത്തിന്മേൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവഴിക്കായി നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും തിട്ടപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിന് ഉണ്ടാകുന്ന 7 വർഷത്തെ കാലതാമസം എന്തിനു വേണ്ടിയാണെന്ന് വിശദീകരിക്കാമോ?

## വെള്ളൂർക്കോണം-കരുമരക്കോട് റോഡ് നിർമ്മാണം

387 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സംസ്ഥാന ബജറ്റിൽ നിന്നും 3 കോടി രൂപ അനുവദിച്ച് നടപ്പിലാക്കുന്ന അരുവിക്കര ഗ്രാമപഞ്ചായത്തിലെ വെള്ളൂർക്കോണം-കരുമരക്കോട് റോഡ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കുമോ?

## പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നിർമ്മാണ പ്രവൃത്തികൾ

388 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നെന്മണിക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം, പറപ്പൂക്കര ഗ്രാമപഞ്ചായത്ത് കൺവെൻഷൻ സെന്റർ, മറ്റത്തൂർ ഗ്രാമപഞ്ചായത്ത് കൺവെൻഷൻ സെന്റർ എന്നീ നിർമ്മാണങ്ങൾക്കായി 2023-24 ബഡ്ജറ്റിൽ 20%

തുക നീക്കി വച്ച സാഹചര്യത്തിൽ ഇവയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) കാലതാമസം ഒഴിവാക്കി പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കെ.സ്വിഫ്റ്റ് വഴി ബിസിനസ് ആരംഭിക്കുന്നത്

389 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.സ്വിഫ്റ്റ് (ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് മെക്കാനിസം )വഴിയുള്ള അപേക്ഷ പ്രകാരം ബിസിനസ് ആരംഭിക്കുന്നവർക്ക് 3 വർഷത്തിനുള്ളിൽ എല്ലാ രേഖകളും ഹാജരാക്കേണ്ടി വരുന്നതിന്റെ ഭാഗമായി പിന്നീട് ബിസിനസ് ആരംഭിച്ച കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ടതായി വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ആരംഭഘട്ടത്തിൽ തന്നെ സംരംഭകരെ സഹായിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്ത് തലത്തിൽ (തദ്ദേശ സ്ഥാപനങ്ങൾ) സംവിധാനമൊരുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## എൺമകജെ പഞ്ചായത്തിലെ ബെദ്രം പള്ള – ബന-ബലത കല്ല് – പട്ളതല റോഡ് നിർമാണ പ്രവൃത്തി

390 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെട്ട മഞ്ചേശ്വരം മണ്ഡലത്തിലെ എൻമകജെ പഞ്ചായത്തിലെ ബെദ്രം പള് -ബന-ബലത കല്ല് - പട്ളതല റോഡ് നിർമാണ പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## നീരൊഴുക്കിനായുള്ള ഓടകൾ തുറന്ന് കൊടുക്കുന്നതിനു നടപടി

391 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ അലക്കുന്നം മുതൽ പേയാട് വിട്ടിയം ക്ഷേത്രം കലുങ്ക് വരെ വിളപ്പിൽ ഗ്രാമപഞ്ചായത്ത് 2010-ൽ ഓട നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓട പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള ജോലികളുടെ ഭാഗമായി നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെടുത്തുന്ന രീതിയിൽ അടച്ച് 2024 സെപ്റ്റംബർ മാസത്തിൽ കോൺക്രീറ്റ് ചെയ്തതിന്റെ ഉദ്ദേശം വ്യക്തമാക്കുമോ;

(ബി) നീരൊഴുക്കിനായുള്ള പ്രസ്തുത ഓട അടിയന്തരമായി തുറന്നു കൊടുക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

## കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം

392 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹണം നടത്തുന്ന മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെതിരെ നടപടി സ്വീകരിക്കണമെന്ന് എം.എൽ.എ. ശിപാർശ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) നിലവിലെ പഞ്ചായത്ത് ഓഫീസ് കെട്ടിടം മണ്ണിടിച്ചിലിന്റെ ഭീഷണിയിലാണെന്നതിനാൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ നടപടി

393 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനങ്ങൾക്ക് ഏറ്റവും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും എംപ്ലോയ്മെന്റ് സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് മുൻപും ശേഷവും ഉള്ള തസ്തികകൾ

394 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് (ഗ്രാമവികസന വകുപ്പിലെ) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി /ബി.ഡി.ഒ /സീനിയർ സൂപ്രണ്ട് തസ്തികകളുടെ 31/12/2022 വരെയുള്ള കരട് /അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിന് മുൻപും ശേഷവുമുള്ള പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി-സീനിയർ സെക്രട്ടറി, ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി-സീനിയർ സെക്രട്ടറി, മുനിസിപ്പൽ കോമൺ സർവീസിലെ സെക്രട്ടറി ഗ്രേഡ് -3 സെക്രട്ടറി ഗ്രേഡ് -2, സെക്രട്ടറി ഗ്രേഡ്-1 തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ?

## ഗ്രാമപഞ്ചായത്തുകളിലെ ജൂനിയർ സൂപ്രണ്ട് തസ്തിക

395 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രതിപാദിക്കും പ്രകാരം 6 -ൽ കൂടുതൽ ക്ലർക്കുമാർ ഉണ്ടായിട്ടും സൂപ്പർവൈസറി തസ്തികയായ ജൂനിയർ സൂപ്രണ്ട് തസ്തികകൾ അനുവദിക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ഹെഡ്ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി പരിവർത്തനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) അത്തരം ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള ഹെഡ്ക്ലർക്ക് തസ്തിക പരിവർത്തനം ചെയ്ത് ജൂനിയർ സൂപ്രണ്ട് തസ്തികയാക്കുന്നതുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് നൽകിയിട്ടും പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ എടുക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തുകളുടെ അഭിപ്രായം ജില്ലാടിസ്ഥാനത്തിൽ ആരാഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) മറ്റു വകുപ്പുകളിലെല്ലാം പാലിക്കുന്ന ഇത്തരം തസ്തിക ക്രമീകരണങ്ങൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധി ഉണ്ടായിട്ടും തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കാൻ വൈകുന്നത് ഗൗരവമായി പരിശോധിക്കുമോ?

## ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണം

396 **ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; നവീകരണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണത്തിന്റെ ഭരണാനുമതി ഏത് വർഷത്തിൽ ആണ് നൽകിയതെന്ന് വിശദമാക്കാമോ; ഭരണാനുമതിയുടെ നമ്പർ, തീയതി, അനുവദിച്ച തുക എന്നിവ വിശദമാക്കാമോ?

## അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ ഒഴിവുകൾ

397 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര, മേലടി, പന്തലായനി ബ്ലോക്കുകൾക്ക് കീഴിലെ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ എത്ര ഒഴിവുകളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ് പഞ്ചായത്തിലെ എ.കെ.ജി നഗർ റോഡ്

398 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്തിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ് പഞ്ചായത്തിലെ എ.കെ.ജി നഗർ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) 37 ലക്ഷം രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

## കോങ്ങാട്- പാറശേരി കൃഷി ഭവൻ സബ് സെന്റർ കെട്ടിടം

399 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ പാറശേരി കൃഷി ഭവൻ സബ് സെന്റർ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിക്കായി കോങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## മുളപ്ര പാലം നിർമ്മാണ പദ്ധതി

400 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20% തുക നീക്കിവച്ച പയ്യന്നൂർ മണ്ഡലത്തിലെ മുളപ്ര പാലം നിർമ്മാണം പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

## കുണ്ടറ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

401 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കുണ്ടറ മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് ഇളംമ്പള്ളൂർ, കുണ്ടറ ഗ്രാമപഞ്ചായത്തുകൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

402 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലേക്ക് അനുവദിച്ച റീബിൽഡ് കേരള പദ്ധതികൾ ഏതെല്ലാമാണെന്നും ഈ പദ്ധതികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) നിലവിൽ പ്രവൃത്തികൾ തുടങ്ങാൻ കഴിയാത്ത പദ്ധതികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

**<u>കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ ഡാറ്റാ ബാങ്ക്</u>**

403 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ അന്തിമ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അന്തിമ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;ഡാറ്റാബാങ്ക് അന്തിമമായി പ്രസിദ്ധീകരിക്കുന്നതിന് സമയക്രമം നിശ്ചയിക്കുമോ?

**<u>പൊതുവിദ്യാലയങ്ങളുടെ സ്ഥലങ്ങൾ കയ്യേറുന്നതിനെതിരെ നടപടി</u>**

404 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ പരിധിയിൽ പൊതുവിദ്യാലയങ്ങളുടെ സ്ഥലങ്ങൾ കയ്യേറുകയും പഠനാന്തരീക്ഷത്തെ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ട് ആരാധനാലയങ്ങളുടെ മറവിൽ ചില സാമൂഹിക വിരുദ്ധർ നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ നഗരസഭ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>കഴക്കൂട്ടം മണ്ഡലത്തിലെ റോഡുകൾ ,തെരുവ് വിളക്ക് , അമൃത്-2 പദ്ധതി</u>**

405 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിൽ ഉൾപ്പെടുന്ന ഇരുപത്തി രണ്ട് നഗരസഭ വാർഡുകളിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെടുന്ന നഗരസഭാ വാർഡുകളിൽ തെരുവ് വിളക്ക് പ്രശ്നം പരിഹരിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ അമൃത്-2 പ്രകാരം നടപ്പിലാക്കി വരുന്ന സൗജന്യ കുടിവെള്ള കണക്ഷൻ പദ്ധതിയിൽ ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി</u>**

406 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 15.08.2022 -ലെ 186/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുള്ള കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; ഇത് എന്നത്തേക്ക് രൂപീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## തദ്ദേശ അദാലത്തുമായി ബന്ധപ്പെട്ട ചട്ട ഭേദഗതികൾ

407 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ അദാലത്തുമായി ബന്ധപ്പെട്ട് ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ ചട്ടഭേദഗതികൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
29-09-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].